Phone No. 2972

33

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

| | | |
|---|---|---|
| വാല്യം 4 | നവംബർ | ലക്കം 11 |

## വിഷയവിവരം

❊

പത്രാധിപവീഥി

നമ്മുടെ തെററായ വിദ്യാഭ്യാസനയം — ഡാ: പി. ജെ. തോമസ്

സോക്രട്ടീസ് — നാലാങ്കൽ കൃഷ്ണപിള്ള എം. ഏ. എൽ. ററി.

ഗ്രന്ഥശാലാപ്രസ്ഥാനവും താലൂക്കയൂണിയനും
ററി. എം. പൈലി ബി. ഏ. ബി. ഏൽ.

സുഭാഷിതവീഥി

കലാസമിതികൾ — സേതുമാധവൻ തൃപ്പൂണിത്തുറ

സ്കോട്ട്ലണ്ടിലെ ലൈബ്രറിവിദ്യാഭ്യാസം
എം. ജി. പുരുഷോത്തമൻനമ്പ്യാതിരി എം. ഏ.

ചിന്താലോകത്തിൽ

ഫൊൻസ് സ്വീസ് — കെ. എം. ഗോപി ബി. ഏ.

പാടാത്ത പൂങ്കുയിൽ (കവിത) — റ്റി. എസ്. പൊന്നമ്മ കോഴഞ്ചേരി

ഓക്കാപ്പുറം (ചെറുകഥ) — ഉള്ളൂർ പി. കൃഷ്ണമൂർത്തി

ഗ്രന്ഥനിരീക്ഷണം

ഗ്രന്ഥശാലാവാർത്തകൾ



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒററപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ — സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| | | |
|---|---|---|
| വാല്യം 4 | നവംബർ 1952 | ലക്കം 11 |


## പത്രാധിപവീഥി

### കലാപ്രോത്സാഹനം

സാംസ്കാരികരംഗത്തിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കലാകാരന്മാരെ സഹായിക്കുന്നതിനുവേണ്ടി ഇന്ത്യാഗവണ്മെൻറ് പ്രതിവർഷം ഒരു സംഖ്യ അനുവദിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി കേന്ദ്രവിദ്യാഭ്യാസവകുപ്പിൽ നിന്നുള്ള ഒരറിയിപ്പിൽ കാണുന്നു. രാഷ്ട്രത്തിൻെറ ശോഭനമായ പുരോഗതി കാംക്ഷിക്കുന്ന ഏതൊരു ജനകീയസർക്കാരും അവലംബിക്കേണ്ട ഒരു കർമ്മപദ്ധതിയാണിതെന്നുള്ളതിൽ സംശയമില്ല. നമ്മുടെ ഭരണകൂടങ്ങളിൽ ഏറിയക്കൂറും അവശ്യംകരണീയങ്ങളായ ദൈനംദിനഭരണകാര്യങ്ങളിൽ മാത്രമേ ശ്രദ്ധപതിപ്പിക്കാറുള്ളു എന്നു ഭാരതസ്വാതന്ത്ര്യലാഭത്തിനു ശേഷമുള്ള അനുഭവങ്ങളിൽനിന്നു നാം മനസ്സിലാക്കിയിട്ടുണ്ട്. ആ ചുമതലതന്നെ യഥാകാലം നിർവ്വഹിക്കപ്പെടുന്നില്ലെന്നു പൊതുജനങ്ങളിൽനിന്നു പരാതി ഉയർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. വേണ്ടതു വേണ്ടസമയത്തു ചെയ്യാൻ കഴിയുക എന്നുള്ളതാണ് കർമ്മകുശലതയുടെ, അഥവാ, കാര്യക്ഷമതയുടെ ലക്ഷണം.

സ്വാതന്ത്ര്യോദയത്തെ തുടർന്നുണ്ടായ അനിഷ്ടസംഭവങ്ങളുടെ ആഘാതത്താൽ അമ്പരന്നുപോയ ഇന്ത്യാഗവണ്മെൻറ് അതിൽനിന്നു നിശ്ശേഷം മുക്തിനേടിക്കഴിഞ്ഞിട്ടില്ലെങ്കിലും ചുവടുറപ്പിച്ചു പുരോഗമനസരണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക സ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനമുറപ്പിക്കുന്നതിനു ഗാന്ധിജി നിർദ്ദേശിച്ച നൂൽനൂല്പ്, ഖാദിനിർമ്മാണം, കുടിൽവ്യവസായപോഷണം മുതലായവയിൽനിന്ന് അകന്നകന്നാണു പോകുന്നതെന്നിരുന്നാലും അന്യോന്യസൗഹാർദ്ദത്തിലും ഐക്യത്തിലും അധിഷ്ഠിതമായ ഒരു വിശിഷ്ടരാഷ്ട്രം കെട്ടിപ്പടുക്കാനും ലോകശാന്തി വളർത്താനും ഇന്ത്യ അവിരാമമായി പരിശ്രമിക്കുന്നുണ്ട്. ഇതിൻെറ സാഫല്യത്തിനു ധാർമ്മികവും കാലോചിതവുമായ ഒരു കലാസംസ്കാരം കൂടിയേതീരു.

പ്രാചീനഭാരതത്തിൽ വിദ്യാഭ്യാസവും കലാവിഭവങ്ങളും എങ്ങനെയാണ് അഭിവൃദ്ധിപ്പെട്ടത്? വൈദികകാലത്തെ ആശ്രമങ്ങളും ഗുരുകുലങ്ങളും ബൗദ്ധകാലത്തെ വിജ്ഞാനനികേതനങ്ങളായ വിശ്വവിദ്യ

ലയങ്ങളും കലാസംസ്കാരത്തിന്റെ പരിമളം നാടെങ്ങും പ്രസരിപ്പിച്ചു. പ്രതാപശാലികളും പണ്ഡിതന്മാരുമായ രാജാക്കന്മാരുടെ മുക്തഹസ്തമായ ധനസാഹായ്യം അക്കാലത്തും അതിനെത്തുടർന്നും ഉണ്ടായിരുന്നു. കവികളേയും മററു കലാകാരന്മാരേയും ആസ്ഥാനവിദ്വാന്മാരാക്കി അവരെ സംരക്ഷിക്കുകയും ബിരുദദാനാദികൾ കൊണ്ടു പ്രോത്സാഹിപ്പിച്ചു കലാസമ്പത്തിനെ വർദ്ധിപ്പിക്കുകയും ചെയ്ത ഒരു രാജപരമ്പര ചരിത്രത്തിൽ അവശേഷിക്കുന്നു. ഭോജസദസ്സിലെ നവരത്നങ്ങൾ, ആന്ധ്രരാജ്യത്തെ അഷ്ടഗജങ്ങൾ, സാമൂതിരിസദസ്സിലെ പതിനെട്ടരകവികൾ എന്നിവയെല്ലാം ഈ ചരിത്രവസ്തുതയെ അനുസ്മരിപ്പിക്കുന്നു. രാജപ്രശംസാപരങ്ങളായ കലാശില്പങ്ങൾ നമ്മുടെ സാഹിത്യത്തിൽ ഒട്ടധികമുണ്ടായതിന്റെ രഹസ്യം ഇതാണു്. ഉപകർത്താക്കളെ ശ്ലാഘിക്കുന്നതു് ആരുടേയും കുററമല്ലല്ലോ.

ഹൈന്ദവാധിപത്യം നിലനിന്ന കാലത്തു മാത്രമല്ല, ഇന്ത്യയിലെ സമരകലുഷിതമായ മുഗൾഭരണകാലത്തുപോലും കലാവിഷയകമായ ഉണർച്ചയും ഉയർച്ചയും ഉണ്ടായിരുന്നു. ഒരു കൈയിൽ പടവാളും മറെറ കൈയിൽ തൂലികയും വഹിച്ചിരുന്ന പല രാജാക്കന്മാരുടേയും കഥകൾ നാം കേട്ടിട്ടുണ്ടു്. സാഹിത്യം, സംഗീതം, ചിത്രം, നൃത്തം, ശില്പം തുടങ്ങിയ കലകൾക്കു് ക്രമാനുഗതമായ പുരോഗതി വരുത്തുവാൻ അവർ അക്ഷീണമായി പരിശ്രമിച്ചു.

രാഷ്ട്രത്തിന്റെ ഏകയോഗക്ഷേമത്തെ മുൻനിർത്തി രാജവാഴ്ച അവസാനിപ്പിച്ചതു് ആശാസ്യമായ ഒരു പരിവർത്തനമാണെന്നു സമ്മതിക്കാം. എന്നാൽ അതോടുകൂടി ജനകീയസർക്കാരിന്റെ ചുമതല വളരെ വർദ്ധിച്ചിരിക്കുന്നു. കലാകാരന്മാരെ ആലംബഹീനരായി വിട്ടുകളയാൻ അനുവദിച്ചുകൂടാ. വൈദേശികഭരണത്തിൻകീഴിൽ പോലും അവക്കു സിദ്ധിച്ചുവന്ന പ്രോത്സാഹനം ഇപ്പോൾ കിട്ടാനിടയാകുന്നില്ലെങ്കിൽ കരഗതമായ സ്വാതന്ത്ര്യം അടിമത്തത്തെക്കാൾ കഷ്ടമാണെന്നുള്ള ഒരു നൈരാശ്യം അവരെ ബാധിക്കാതെ തരമില്ലല്ലോ. ഈ വാസ്തവം ഇന്ത്യാഗവണ്മെൻറു കണ്ടറിഞ്ഞിട്ടുണ്ടെന്നുള്ളതിന്റെ സൂചനയായിട്ടാണു് ഇപ്പോഴത്തെ പ്രഖ്യാപനത്തെ ഞങ്ങൾ വ്യാഖ്യാനിക്കുന്നതു്. അടിയുറച്ച ഒരു തത്വശാസ്ത്രവും അതിൽനിന്നു പ്രസരിച്ച അമൂല്യമായ സംസ്കാരവും നമുക്കുണ്ടായിരിക്കെ, ഗത്യന്തരമില്ലായ്കയാൽ, ഉപരിപ്ലവമായ ഒരു പാരദേശികസംസ്കാരത്തിന്റെ പണയപ്പണ്ടങ്ങളാകുന്നതിൽനിന്നു നമ്മുടെ കലാകോവിദന്മാരെ സംരക്ഷിക്കാനുള്ള ഒരു പ്രതിരോധനടപടിയായിട്ടും ഇതിനെ സ്വാഗതം ചെയ്യാം.

കലകളിൽ പ്രവർത്തിക്കുന്നവർ ഭാഷാപോഷണവും സംസ്കാരപ്രചരണവും ഏകകാലത്തു സാധിക്കുന്നു എന്നുള്ളതു് അവിസ്മരണീയമായ പരമാർത്ഥമാണു്. അത്രമാത്രമല്ല, രാജ്യം ആപത്തിലകപ്പെടുന്ന ഘട്ടങ്ങളിൽ ആവേശജനകങ്ങളായ ആശയങ്ങൾ പ്രകാശിപ്പിച്ചു ജനങ്ങളെ ഉദ്ബുദ്ധരാക്കേണ്ട കർത്തവ്യവും അവക്കുള്ളതാണു്. കഴിഞ്ഞയുദ്ധത്തിൽ ഹിററ്ലരുടെ ഭയങ്കരമായ ആക്രമണത്തെ ചെറുത്തു വിജയം വരിക്കുന്നതിൽ റഷ്യൻസാഹിത്യകാരന്മാർ വഹിച്ചിട്ടുള്ള പങ്കു് നിസ്സാരമല്ല. ജനകീയ ചൈനയുടെ സ്ഥിതിയും ഇതുതന്നെയാകുന്നു.

നാട്ടുവാഴികളുടെ സ്ഥാനത്തു തത്തുല്യരായ വ്യക്തികൾ ഉണ്ടാവുക എന്നുള്ളതു് ഇനി ആലോചിച്ചിട്ടു കാര്യമില്ല. ഈ കുറവു പരിഹരിക്കുന്നതിനു പരിഷ്കൃത

രാജ്യങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രശസ്തങ്ങളായ റേഡിയോനിലയങ്ങൾ ഒട്ടൊക്കെ സഫലമായി പരിശ്രമിക്കുന്നുണ്ടു്. ഇന്ത്യാഗവണ്മെൻറു് ആൾഇൻഡ്യാറേഡിയോ മുഖാന്തരം ചിലതൊക്കെ ചെയ്തുകൊണ്ടിരിക്കയാണു്. അതുകൊണ്ടുമാത്രം ഉദ്ദേശസാധ്യം കൈവരികയില്ലെന്നു കണ്ടതിൻെറ ഫലമാണു് ഇപ്പോഴത്തെ പദ്ധതിയെന്നു തോന്നുന്നു.

എന്നാൽ ഒരു കാര്യം പ്രവിശ്യാഗവണ്മെൻറുകളുടേയും സംസ്ഥാന ഗവണ്മെൻറുകളുടേയും ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിക്കേണ്ടതായിട്ടുണ്ടു്. തുടരെത്തുടരെ ഉണ്ടായ അത്യാഹിതങ്ങളുടെ വേലിയേററത്തിലും പദമുറപ്പിച്ചുനിന്നുകൊണ്ടു, ഛിന്നഭിന്നങ്ങളായ രാജ്യവിഭാഗങ്ങളെ ഏകോപിപ്പിച്ചു, പുതുതായി ഒരു ഭരണഘടനയും നിർമ്മിച്ചു, ഭരണചക്രം തിരിക്കുന്ന തിരക്കിനിടയിൽ ഇൻഡ്യാഗവണ്മെൻറിനു ഭാരതത്തിലെ നാനാഭാഗങ്ങളിലും നാനാഭാഷകളിലും പ്രവർത്തിക്കുന്ന ശാസ്ത്രകലാകുശലന്മാരുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്താൻ സാധിച്ചു എന്നു വരികയില്ല, എങ്കിലും ഇക്കാര്യത്തിൽ കണ്ണടയ്ക്കുന്ന ഒരു നയം രാഷ്ട്രത്തിൻെറ ഭാഗധേയത്തിനു വിപത്തായിത്തീരുമെന്ന ബോധമുള്ളതിനാൽ ചിലതൊക്കെ ചെയ്യേതീരു എന്നായിട്ടുണ്ടു്. അതനുസരിച്ചു ചില മാതൃകകൾ നിർദ്ദേശിക്കുകമാത്രമാണു് ഇപ്പോൾ ചെയ്തിരിക്കുന്നതു്. ഇതിനെ ആദരിച്ചു സ്വദേശത്തിനും സ്വഭാഷയ്ക്കും ഉതകുന്ന പദ്ധതികൾ എന്തെല്ലാമെന്നാലോചിക്കുവാനും അവ നടപ്പിൽ വരുത്തുവാനുമുള്ള ചുമതല പ്രാദേശിക ഭരണകൂടങ്ങൾക്കുണ്ടു്. അവ എത്രമാത്രം ജാഗരൂകതയോടുകൂടി പ്രവർത്തിക്കുമെന്നു കണ്ടറിയണം. ജനസംഖ്യയും തൊഴിൽക്കുഴപ്പങ്ങളും പട്ടിണിയും പ്രതിനിമിഷമെന്നവണ്ണം വർദ്ധിച്ചു വരുന്ന ഇക്കാലത്തു് കലാപോഷണം താരതമ്യേന അപ്രധാനമല്ലേ എന്നൊരു സംശയാത്മകമായ മനോഭാവമാണു പ്രാദേശികഭരണാധികാരികളിൽ വ്യാപരിക്കുന്നതെന്നു തോന്നുന്നു. ഏതുരാഷ്ട്രത്തിൻേറയും സംസ്കാരത്തെ അളക്കുന്ന മാനദണ്ഡം എന്താണെന്നു് സൂക്ഷ്മമായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ളവർക്കു ഏതാദൃശമായ ഒരു സംശയം ഉണ്ടാകാൻ ന്യായമില്ല. 'അഷ്ടിക്കുമുട്ടാതെ' 'കഷ്ടിച്ചു കൃത്യം കഴിയണ'മെന്ന വിചാരം ഉൽകർഷേച്ഛയുടെ ലക്ഷണമല്ല. കയറിയിരിക്കുന്ന സ്ഥാനത്തുനിന്നു് ഇറങ്ങിപ്പോകാതിരിക്കാനുള്ള ഉപായങ്ങൾ ആരായുന്ന ഉദരംഭരണവ്യഗ്രത നമുക്കൊരു ശാപമായിത്തീർന്നിരിക്കുന്നു. സംസ്കാരത്തിൻെറ പ്രതിഷ്ഠയ്ക്കും പ്രചാരത്തിനും അത്യന്താപേക്ഷിതമായിട്ടുള്ളതു ധാർമ്മികമൂല്യങ്ങൾ ധാരാളം വിളയിക്കുക എന്നുള്ളതാകുന്നു. അതിലേക്കു കലാപോഷണംപോലെ ഫലപ്രദമായ മററുയാതൊരു മാർഗ്ഗവുമില്ല.

ഇന്നു പൊതുജനങ്ങളിൽനിന്നു ലഭിക്കുന്ന അസൂയാവഹമല്ലാത്ത ആനുകൂല്യങ്ങളും പ്രശംസയുമാണു കലാകാരനു കൈവരുന്ന പാരിതോഷികം. ഈ നില മാററി രാഷ്ട്രത്തിൻെറ സന്ദേശവാഹകൻ എന്ന ബഹുമാന്യപദവിയിലേക്കു അവൻ ഉയർത്തപ്പെടണം. ഇതിൻെറ ഉത്തരവാദിത്വം ജനകീയസർക്കാരിനല്ലെങ്കിൽ പിന്നെ ആർക്കാണു്? അതിനാൽ ഇന്ത്യാഗവണ്മെൻറു് എന്തൊക്കെയോ ചെയ്യുന്നുണ്ടെന്നു സമാധാനപ്പെട്ടുകൊണ്ടു തങ്ങളുടെ കർത്തവ്യം മറക്കുന്നതു് ഒരു പ്രദേശികഭരണകൂടത്തിനും ഭൂഷണമല്ല. ഒരു നല്ല കാര്യത്തിനു ചെലവാക്കുന്ന പണം ഒരിക്കലും നഷ്ടപ്പെടുകയില്ല. നേരേമറിച്ചു് അതായിരിക്കും ശരിയായ നേട്ടം.

വിദ്യാഭ്യാസത്തിൽ മുന്നിട്ടു നില്ക്കുന്നു എന്നാഭിമാനിക്കുന്ന തിരു-കൊച്ചീസംസ്ഥാനത്തു ദേശഭാഷയേയും ദേശീയകലകളേയും അഭിവൃദ്ധിപ്പെടുത്താനുള്ള യാതൊരു പദ്ധതിയും ആവിഷ്കൃതമായിട്ടില്ല. മററനേകം കാര്യങ്ങൾക്കു തുരുതുരെ കമ്മിററികൾ ഉണ്ടാക്കി ലക്ഷക്കണക്കിനു പണം ചെലവാക്കാൻ മടിക്കാത്ത ഗവൺമെൻറ്, കലാപോഷണം, എഴുത്തുകാരുടെ കടമയും അവരുടെ ആവശ്യവുമാണെന്നുള്ള ഭാവത്തിൽ ഒഴിഞ്ഞു നില്ക്കുവാനാണു ശ്രമിക്കുന്നതെന്നു തോന്നിപ്പോകുന്നു. മലയാളഭാഷയ്ക്കു് എന്നെന്നും ഉപയോഗപ്രദമായ ഒരു വിസ്തൃതശബ്ദകോശം നിർമ്മിക്കാൻ ചെയ്ത നിശ്ചയത്തേയും, പത്തുവർഷമായിട്ടുകൂടി അതു് ഒരിഞ്ചുപോലും പുരോഗമിക്കാതെ പരിഹാസ്യമായനിലയിൽ പരാജയമടയാൻ പോകുന്നതിനേയുംപററി ഞങ്ങൾ കഴിഞ്ഞ ഒരു ലക്കം ഗ്രന്ഥാലോകത്തിൻെറ മുഖപംക്തിയിൽ പ്രസ്താവിച്ചിരുന്നു. പക്ഷേ ആരു ഗൌനിക്കാനാണു്? ഇതിനെക്കുറിച്ചറിയുവാൻ സർക്കാരിനേയും സർവ്വകലാശാലയേയും സമീപിച്ച ചില ഭാഷാഭിമാനികൾക്കുണ്ടായ അനുഭവം, രാമലക്ഷ്മണന്മാരുടെ അടുക്കൽ മാറിമാറിച്ചെന്ന ശൂർപ്പണയുടെ അനുഭവത്തെക്കാൾ ഒട്ടും മെച്ചമല്ലായിരുന്നു എന്നു കേട്ടിട്ടുണ്ടു്. നിഘണ്ടുനിർമ്മാണം ഒരു ശതവത്സരപദ്ധതിയോ മറേറാ ആയിരിക്കണം.

മുഴുവൻ സമയവും കലാപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കഴിയുന്ന നല്ല കലാകാരന്മാരെച്ചേർത്തു ഒരു അക്കാഡമി ഉണ്ടാക്കുന്നതു നന്നായിരിക്കും. അവർക്കു ആവശ്യമുള്ള നിർദ്ദേശങ്ങൾ യഥാകാലം നൽകുന്നതിനു പ്രശസ്തപണ്ഡിതന്മാരടങ്ങിയ ഒരു ഉപദേശകസമിതിയും ആവശ്യമാണു്. ഇക്കാര്യത്തിൽ സർക്കാരിൻെറ സത്വരശ്രദ്ധ പതിയണമെന്നു പറയുന്നതു് ഒരു വനരോദനമായി കലാശിക്കാതിരിക്കട്ടെ! അന്യഭാഷകളിൽനിന്നു് ഉത്തമഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിലേക്കു തർജ്ജമ ചെയ്യുക, സ്വതന്ത്രഗ്രന്ഥങ്ങൾ നിർമ്മിക്കുക എന്നിവ ആ അക്കാഡമിയുടെ നിത്യകൃത്യങ്ങളായിരിക്കണം. അതിലേക്കു പ്രതിഫലം നൽകാൻ പര്യാപ്തമായ ഒരു സംഖ്യ നീക്കിവെക്കയും വേണം. മലയാളഭാഷയേയും കേരളസംസ്കാരത്തേയും പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടി സർവ്വകലാശാലയിൽ ഒരു 'ചെയർ' പുതുതായി സൃഷ്ടിച്ചു, സർവ്വഥായോഗ്യനായ ഒരു പണ്ഡിതനെ ആ സ്ഥാനത്തു നിയമിക്കാൻ സർവ്വകലാശാലാധികൃതരും തയ്യാറാവണം. ഇങ്ങനെ പ്രയോജനപ്രദമായി പലതും ചെയ്യാനുണ്ടു്. ഞങ്ങൾ ഒന്നു രണ്ടു മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിച്ചു എന്നു മാത്രം. എന്തായാലും ഊർജ്ജസ്വലമായി പ്രവർത്തിക്കാനുള്ള കാലമാണിതു്.

# നമ്മുടെ തെററായ വിദ്യാഭ്യാസനയം

ഡാക്ടർ പി. ജെ. തോമസ്

[അർത്ഥശാസ്ത്രവിദഗ്ദ്ധനും വിശിഷ്ടചിന്തകനുമായ ലേഖകൻ ഇംഗ്ലീഷിൽ എഴുതിയ ശ്രദ്ധേയമായ ഒരു പ്രബന്ധത്തിൻെറ വിവർത്തനം. ഗ്ര. പ.]

കേരളത്തിലെ ദാരിദ്ര്യം, ഇവിടെ നിലനിന്നുവരുന്ന തൊഴിലില്ലായ്മ, വേണ്ടത്ര വേല ഇല്ലായ്ക, സാധാരണ ജനങ്ങളുടെ മോശമായ ജീവിതനിലവാരം എന്നിവയെപ്പററി കൂടുതൽ ശ്രദ്ധിച്ചുവരുന്ന അവസരമാണിതു്. ഇതേ അവസരത്തിൽ, കേരളത്തിലെ—പ്രത്യേകിച്ചു തിരുവിതാംകൂർ-കൊച്ചിയിലെ— പ്രകൃതിവിഭവങ്ങൾ അതിവിപുലമാണെന്നും പ്രസ്താവിക്കപ്പെടുന്നു. ദുർല്ലഭങ്ങളായ ധാതുക്കളും, വിദേശങ്ങളിൽ വമ്പിച്ച ചെലവുള്ള വനവിഭവങ്ങളും നമുക്കുണ്ടു്. തടി, മുള, ചൂരൽ, നാരു ലഭിക്കുന്ന ചെടികൾ, പുല്ലുകൾ തുടങ്ങി വ്യവസായികമായി അത്യന്തം വിലപ്പെട്ട അസംസ്കൃതസാധനങ്ങളും നമ്മുടെ വനങ്ങളിൽ വളരെയേറെയുണ്ടു്. കടലോരങ്ങളാകട്ടെ മത്സ്യവ്യവസായസാദ്ധ്യതകൾ ധാരാളമുള്ളതാകുന്നു. കയർ, കൈതയോല, അപൂർവ്വധാതുമണലുകൾ എന്നിങ്ങനെ ധാരാളം അസംസ്കൃതസാധനങ്ങളും കടലോരങ്ങളിൽ ഉണ്ടു്. കുണ്ടറയ്ക്കടുത്തുള്ള കയോലിൻ (ചൈനക്കളിമണ്ണു്) നിക്ഷേപങ്ങൾ ലോകത്തെങ്ങുമുള്ളതിൽവച്ചു വിലപ്പെട്ടതാകുന്നു. ഇത്രയേറെ പ്രകൃതിവിഭവങ്ങളുള്ള ഈ രാജ്യം ലോകത്തിലെ ഏററവും അഭിവൃദ്ധിയുള്ള ഒരു പ്രദേശമായിത്തീരേണ്ടതാകുന്നു. ഇവിടുത്തെ ജനങ്ങൾ സമ്പൂർണ്ണമായി തൊഴിലും ഉയർന്ന ജീവിതത്തോതും ഉള്ളവരായിത്തീരുകയുംവേണം. പിന്നെ എന്തുകൊണ്ടാണു് ഈ രാജ്യം ദരിദ്രമായി കഴിയാൻ ഇടയായതു്?

## ഉപയോഗപ്പെടുത്താതെ കിടക്കുന്ന വിലയേറിയ വിഭവങ്ങൾ

ഇന്നത്തെ ഈ സ്ഥിതിക്കുള്ള യഥാർത്ഥകാരണം ഈ രാജ്യത്തിലെ വിഭവങ്ങൾ ഉപയോഗിക്കാതെയും വേണ്ടത്ര ഉപയോഗിക്കപ്പെടാതെയും കിടക്കുന്നതും, അവ ശരിക്കു പ്രയോജനപ്പെടുത്താൻ അഭ്യസ്തവിദ്യർ തുനിഞ്ഞിറങ്ങിയിട്ടില്ലാത്തതും ആകുന്നു. സ്വന്തം രാജ്യങ്ങളിലുള്ള പ്രകൃതിവിഭവങ്ങളെ പ്രയോജനകരമായി ഉപയോഗിക്കുകയാണു് മററുരാജ്യങ്ങളിലെ യുവാക്കളുടെ പ്രധാന തൊഴിൽ. ഓരോവർഷവും കൃഷിസാധനനിർമ്മാണം, വ്യാപാരം, ഗതാഗതം തുടങ്ങിയ ലാഭകരമായ തൊഴിലുകളിൽ അവരിൽ ഭൂരിഭാഗവും ഏർപ്പെടുന്നു. ഉല്പാദനപ്രവർത്തനങ്ങൾ പരമാവധി വർദ്ധിപ്പിന്നതിനു അവർ യത്നിക്കുന്നു. ഇവിടെയാകട്ടെ അത്തരം തൊഴിലുകൾ അധികവും പഠിപ്പില്ലാത്തവർക്കു വിട്ടുകൊടുത്തിരിക്കുകയാണു്. അപകടരഹിതമായ ഗവർമ്മെൻറു് ഉദ്യോഗങ്ങൾ, പഠിപ്പുള്ളവർക്കുള്ള മററു തൊഴിലുകൾ എന്നിവ സമ്പാദിക്കുന്നതിനാണു് അഭ്യസ്തവിദ്യരിൽ ആധികം

പേരും ശ്രമിക്കുന്നതു്. എന്നാൽ ഇങ്ങനെയുള്ള തൊഴിലുകൾ എണ്ണത്തിൽ കുറവാകാതെ തരമില്ല; പ്രത്യേകിച്ചും വേണ്ടത്ര വികാസം പ്രാപിക്കാത്ത രാജ്യങ്ങളിൽ. അതാണ് അഭ്യസ്തവിദ്യരുടെയിടയിൽ തൊഴിലില്ലാത്തവരെ അധികമായി കാണുന്നതു്. ഇവിടെത്തന്നെയും സാങ്കേതികജ്ഞാനം ആവശ്യമുള്ള ജോലികൾക്ക് ആളുകളെ കിട്ടാൻ ഞെരുക്കമുണ്ട്. ഇതു നിമിത്തം അസാധാരണമായ ഒരു പരിതഃസ്ഥിതി ആവിർഭവിച്ചിരിക്കുന്നു. നില വാരം ഓരോദിവസവും മോശപ്പെട്ടുവരികയും ചെയ്യുന്നു.

## ഇംഗ്ലണ്ടിലെക്കാൾ ഉയർന്ന വിദ്യാഭ്യാസനില

ചുവടേ ചേർക്കുന്ന വസ്തുതകൾ സ്ഥിതിഗതികൾ ഏതുവിധമെന്നു വ്യക്തമാക്കും. സർവ്വകലാശാലാവിദ്യാഭ്യാസം നടത്തുന്നവരുടെ അനുപാതം കണക്കാക്കിയാൽ ഇൻഡ്യയിലെ ഏതു സംസ്ഥാനത്തേയും, എന്തിനു്, എത്രയും പുരോഗതി പ്രാപിച്ച ബ്രിട്ടനേപ്പോലും, തിരുവിതാംകൂർ കൊച്ചി പരാജയപ്പെടുത്തിയിരിക്കുന്നു. ബ്രിട്ടനിൽ 517-ൽ ഒരാൾമാത്രം സർവ്വകലാശാലാവിദ്യാർത്ഥി ആയിരിക്കെ, തിരുവിതാംകൂർ കൊച്ചിയിൽ 360 പേരിൽ ഒരാൾവീതം സർവ്വകലാശാലാവിദ്യാർത്ഥിയാണു്. ബുദ്ധിപരമായി നമുക്കുള്ള അന്യാദൃശസാധാരണമായ പുരോഗതിയെക്കുറിക്കുന്ന മററുവസ്തുതകളും പറയാനുണ്ട്. 1949-50-ൽ ബ്രിട്ടനിൽ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കിയ അഞ്ചു ലക്ഷം വിദ്യാർത്ഥികളിൽ പതിനായിരം പേർമാത്രം സർവ്വകലാശാലകളിൽചേർന്നു. തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചു് മുൻപറഞ്ഞ കണക്കുകൾക്ക സമാനമായ കണക്കുകൾ ലഭിച്ചിട്ടില്ല. എങ്കിലും കഴിഞ്ഞവർഷം ഇ. എസ്. എൽ. സി. പാസായ പതിനയ്യായിരം വിദ്യാർത്ഥികളിൽ മൂന്നിൽ രണ്ടുഭാഗമെങ്കിലും കാളേജുകളിൽ ചേർന്നിട്ടുണ്ടെന്നു നമുക്കറിയാം. പ്രവേശനം ലഭിച്ചിരുന്നെങ്കിൽ തീർച്ചയായും കൂടുതൽ വിദ്യാർത്ഥികൾ ചേരുമായിരുന്നു.

## ആർട്ട്സ് കാളേജുകളുടെ ആധിക്യം!

ഈ സംസ്ഥാനത്തിൽ, അത്യന്തം ദ്രുതഗതിയിൽ കാളേജുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നതിനുള്ളകാരണം മുകളിൽ പറഞ്ഞതാണു്. മദ്രാസ് യൂണിവേഴ്സിററിയോടു ചേർന്ന ആറെണ്ണം ഉൾപ്പെടെ 32 കാളേജുകൾ ഇപ്പോൾതന്നെ തിരുവിതാംകൂർ-കൊച്ചിയിലുണ്ട്. അടുത്തവർഷം പതിനൊന്നു കാളേജുകൾ ആരംഭിക്കുന്നുമുണ്ട്. അങ്ങനെ എത്രയും വിസ്താരം കുറഞ്ഞ ഈ സംസ്ഥാനത്തു് 43 കാളേജുകൾ ഉണ്ടാകും. ഇതേഅവസരത്തിൽ കൂടുതൽ വിസ്താരവും, വ്യവസായപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കൂടുതൽ ജനങ്ങളും ഉള്ള ബോംബെയിൽ 21 കാളേജുകൾ മാത്രമാണുള്ളതു്. വിദ്യാഭ്യാസപരമായി ഇന്ത്യയിലേയും, ഒരുപക്ഷേ ലോകത്തിലേയും കൂടുതൽ പുരോഗതി പ്രാപിച്ച സംസ്ഥാനം തിരു-കൊച്ചിയാണെന്നു തെളിയിക്കുവാൻ മറെറന്തിന്റെയെങ്കിലും ആവശ്യമുണ്ടോ?

## പാശ്ചാത്യരുടെ അഭിവൃദ്ധിയുടെ നിദാനം സാങ്കേതികപരിശീലനം

പാശ്ചാത്യരാജ്യങ്ങളിൽ, വിദ്യാർത്ഥികളിൽ ഭൂരിഭാഗവും, ആദായകരമായ തൊഴിലുകളിൽ പരിശീലനം സമ്പാദിക്കുന്നതിനായി ടെക്നിക്കൽ കാളേജുകളിൽ ചേരുന്നു. അങ്ങനെ, ബ്രിട്ടനിൽ

1949–50-ൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികളിൽ പതിനായിരം പേർമാത്രം കാളേജുകളിൽ ചേർന്നിരിക്കേ, ടെക്നിക്കൽ കാളേജുകളിൽ ചേർന്നവരുടെ സംഖ്യ ഒരുലക്ഷത്തി മുപ്പതിനായിരമാകുന്നു.

യൂറോപ്പ് ഭൂഖണ്ഡത്തിൽ, യുവാക്കളിൽ വലിയൊരു വിഭാഗം കൗമാരപ്രായാരംഭത്തിൽതന്നെ ഏതെങ്കിലും വ്യവസായത്തിലോ തൊഴിലിലോ പ്രവേശിക്കുന്നു. പൊതുവിദ്യാഭ്യാസം സായാഹ്നക്ലാസ്സുകൾ മുഖാന്തരമാണ് അധികവും സമ്പാദിക്കുന്നതു്. വളരെവർഷങ്ങളിലെ പ്രയത്നങ്ങൾക്കുശേഷം, ഇവരിൽ ചിലർ ചിലപ്പോൾ ഏതെങ്കിലും ഫോൾക്കു് സ്കൂളിലോ പീപ്പിൾസ് കാളേജിലോ ചേർന്ന് കറിനാദ്ധ്യാനം ചെയ്യുകയും ചെയ്യുന്നു. ഈ ആളുകളാണ് വ്യവസായപ്രമുഖന്മാരായിത്തീരുന്നതു്. ആ രാജ്യങ്ങളിൽ ഇവരിൽ ചിലർ പൊതുക്കാര്യങ്ങളിലും ഏർപ്പെട്ടു പ്രവർത്തിക്കുന്നു: അങ്ങനെ അങ്ങേയററത്തെ സ്ഥാനംവരെ എത്താറുമുണ്ട്. വാസ്തവത്തിൽ, നോർവേ, സ്വീഡൻ, ഡെന്മാർക്കു തുടങ്ങിയ അഭിവൃദ്ധി പ്രാപിച്ച രാജ്യങ്ങളിലെ മിക്ക മന്ത്രിമാരും പാർലമെൻറംഗങ്ങളും ടെക്നിക്കൽ സ്കൂളുകളിൽ നിന്നു പുറത്തു വന്നിട്ടുള്ളവരാണ്; യൂണിവേഴ്സിററി വിദ്യാഭ്യാസംകഴിഞ്ഞു വന്നിട്ടുള്ളവരല്ല. നിങ്ങളുടെ പ്രിൻസിപ്പാൾ ഗവണ്മെൻറിലെ ഒരു മന്ത്രിയായിത്തീർന്നു എന്നതിനാൽ, ഭാഗ്യം ചെയ്ത ഒരു കോളേജാണു നിങ്ങളുടേതു്. എന്നാൽ, മേലാൽ ആർക്കെങ്കിലും ആ ഒരു സ്ഥിതിയിലേയ്ക്കു് ഉയരുവാൻ കഴിയുമെന്ന് ആരും തന്നെ മോഹിക്കാതിരിക്കട്ടെ! ഇംഗ്ലണ്ടിൽപോലും അധികാരം മററു കൈകളിലേക്കു് പകർന്നു കഴിഞ്ഞിരിക്കുന്നു. ഇവിടെയും വളരെ വേഗം കൈമറിഞ്ഞു എന്നുവരാം. അദ്ധ്വാനിക്കുന്ന വർഗ്ഗങ്ങളിലെ സംസ്കാരമുള്ള അംഗങ്ങളുടെ ഹസ്തങ്ങളിലേക്കു് അധികാരം ചെന്നുചേർന്ന് എന്നുവച്ചു് ഒരു ദോഷവും വരാനില്ല. എന്നാൽ ഇന്നത്തെ നിലയിൽ, നിരക്ഷരകുക്ഷികളായ ചരടുവലിക്കാരുടെ കൈയിൽ അധികാരം ചെന്നുചാടിഎന്നുവരാം. അവർക്കാകട്ടെ സംസ്കാരം അശേഷമില്ല; തിന്മചെയ്യാനുള്ള കഴിവു് അന്തമില്ലാതെയുണ്ടുതാനും.

## സാങ്കേതികപരിശീലനം നമ്മുടെ അടിയന്തിരാവശ്യം

അങ്ങനെ ഏതു് അടിസ്ഥാനത്തിൽ നോക്കിയാലും നമ്മുടെ യുവാക്കളെ വ്യവസായത്തിലും കൃഷിയിലും പരിശീലിപ്പിക്കേണ്ടതു് എത്രയും ആവശ്യമാണ്. കൃഷിയേയും വ്യവസായത്തേയും സാങ്കേതികമായി ഉയർന്നനിലയിൽ എത്തിക്കുവാൻ കഴിയുമാറാകണം. അതിലേക്കു വിവിധഘട്ടങ്ങളിലായി സാങ്കേതികപരിശീലനം നമുക്കു് നടപ്പിൽ വരുത്തേണ്ടതുണ്ടു്. ഇന്നു് തിരുവിതാംകൂർ കൊച്ചിയിൽ അത്തരം വിദ്യാഭ്യാസത്തിനു് വളരെ ചുരുങ്ങിയ വ്യവസ്ഥകളേ ചെയ്തിട്ടുള്ളു. നമുക്കു് രണ്ടു ചെറിയ പോളിടെക്ക്നിക്കുകളുണ്ടു്. ഏതാനും വിദ്യാർത്ഥികൾ അവിടെ പഠിക്കുന്നുമുണ്ടു്. ആർട്ട്സ്കാളേജുകളിൽ പ്രവേശനം സമ്പാദിക്കുവാൻ കഴിവില്ലാതെ വന്നതുകൊണ്ടാണെന്നുതോന്നുന്നു അവർ ഇതിനായി വന്നതു്. ടെക്നീഷ്യന്മാരാകാനുള്ള വാസനകൊണ്ടു് വന്നിട്ടുള്ളവർ ചിലരെങ്കിലും ഉണ്ടെന്നു നമുക്കു പ്രത്യാശിക്കാം. ഓരോവർഷവും നൂറു കണക്കിനല്ല ആയിരക്കണക്കിനുതന്നെ ടെക്നീഷ്യന്മാരെ പരിശീലിപ്പിക്കാനും അവരെ ഏതെങ്കിലും വ്യവസായത്തിലോ

തൊഴിലിലോ ഉൾപ്പെടുത്താനും നമുക്കു കഴിയാതെ വരുന്നപക്ഷം, എത്രയും ജനനിബിഡമായ ഈ ദേശം, എല്ലാപ്രകാരത്തിലും അസൂയാർഹമല്ലാത്ത ഒരു നിലയിൽ എത്തിച്ചേരുന്നതായിരിക്കും.

## നമ്മുടെ വിദ്യാഭ്യാസപുരോഗതി ഒരു മിഥ്യയാണു്

ഇതാണു് നമ്മുടെ ഇന്നത്തെ യഥാർത്ഥനില. വിദ്യാഭ്യാസപരമായി നമുക്കുണ്ടെന്നുതോന്നുന്ന പ്രാമുഖ്യം ഒരു മിഥ്യയോ, കെണിയോ ആണു്. ഈ സംസ്ഥാനത്തിലെ വിദ്യാഭ്യാസത്തിന്റെ ഗതി തെററായ മാർഗ്ഗത്തിലൂടെയാണു്. പക്ഷേ അതിനെ തിരുത്താനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. ഇതിന്റെ ഫലമോ? നിശ്ചിതമായ യാതൊരു ലക്ഷ്യവുമില്ലാതെ നമ്മുടെ യുവാക്കൾ ആർട്ട്സ് കാളേജുകളിൽ തിങ്ങിക്കൂടുന്നു. പലരും മടിയന്മാരായി സമയം കഴിക്കുന്നു. വളരെ ശ്രമംചെയ്തു പരീക്ഷയിൽ ജയിക്കുന്നവർക്കുതന്നെ തൊഴിലില്ലായ്മയേയോ, കുറഞ്ഞ ശമ്പളംമാത്രം ലഭിക്കുന്ന തൊഴിലുകളേയോ അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യുന്നു. ഇച്ഛാഭംഗവും അസംതൃപ്തിയുമാണു് ഇതിന്റെ ഫലം. ഇതിൽ നിന്നു് നേരിട്ടു് ഉത്ഭവിച്ചിട്ടുള്ളതാണു് കമ്മ്യൂണിസത്തിന്റെ തള്ളിക്കേററം. മടിപിടിച്ച അഭ്യസ്തവിദ്യരായ ആളുകൾ, സമുദായത്തോടു് സങ്കല്പമാത്രമായ വിദ്വേഷമുള്ളവരായിതീരുമ്പോൾ, കമ്മ്യൂണിസത്തിനു് എളുപ്പം ഇരയായിത്തീരുന്നു.

## കുടിൽവ്യവസായമോ കാളേജ് വ്യവസായമോ വേണ്ടതു്?

വലിയസംഖ്യവരുന്ന ജനങ്ങളെ ആദായകരമായി തൊഴിലിൽ ഏർപ്പെടുത്തുവാൻ ജനനിബിഡമായ ഒട്ടേറെ രാജ്യങ്ങൾ—പടിഞ്ഞാറു്, ഡെന്മാർക്കും സ്വീഡനും, സ്വിററ്സർലണ്ടും, കിഴക്കു്, ജപ്പാനും—വിവിധരീതിയിലുള്ള കുടിൽവ്യവസായങ്ങളെ ആശ്രയിക്കുമ്പോൾ, നമ്മളാകട്ടെ, യഥാർത്ഥത്തിൽ നിലവിലില്ലാത്ത ആയാസരഹിതമായ പണികൾ ചെയ്യിക്കുന്നതിനുതക്ക വിധം ആർട്ട്സ്കാളേജ് വ്യവസായം നടത്തുന്നു. കഠിനപ്രയത്നം ആവശ്യമായ തൊഴിലുകൾചെയ്തു് സമ്പത്തു് വർദ്ധിപ്പിക്കുകയും ദേശീയവരുമാനമാർഗ്ഗം വികസിപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ ആയാസം വേണ്ടാത്ത ഉദ്യോഗങ്ങൾ ആയിരക്കണക്കിനു് ഉണ്ടാകുകയുള്ളൂ. നാം കുതിരയുടെ മുമ്പിൽ വണ്ടികെട്ടുകയാണുചെയ്യുന്നതു്. ഇതു് അപകടംനിറഞ്ഞ ഒരു കളിയാണു്; കുതിരകൾക്കു് തൊഴിക്കാൻമാത്രമേ കഴിയൂ എന്നിരിക്കെ. ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അസംതൃപ്തി ജനിച്ചുകഴിഞ്ഞാൽ നാശഹേതുകമായ ശക്തികളെ അഴിച്ചുവിടുവാൻ കഴിയും എന്നതു് ഓർക്കേണ്ട കാര്യമാണു്.

## കമ്മ്യൂണിസമല്ല കഠിനപ്രയത്നമാണു് പരിഹാരം

ഇതിനെപ്പററിയെല്ലാം ഞാൻ ഇത്രയധികം തെളിച്ചുപറഞ്ഞതു്, നിങ്ങളെ അഭിമുഖീകരിക്കുന്ന സ്ഥിതിഗതികളെപ്പററി ശരിക്കു ബോദ്ധ്യപ്പെടുത്തണമെന്ന വിചാരംകൊണ്ടാണു്. മൂലധനപ്രഭുത്വമോ, അനീതിനിറഞ്ഞ സാമൂഹ്യവ്യവസ്ഥിതിയോ അല്ല തെററിനു കാരണം. സാമൂഹ്യവ്യവസ്ഥിതി മാററിയതുകൊണ്ടോ, സോഷ്യലിസമോ, കമ്മ്യൂണിസമോ, മറെറന്തെങ്കിലും ഇസമോ ഏർപ്പെടുത്തിയതുകൊണ്ടോ സ്ഥിതിഗതികൾ മാററം സംഭവിക്കുകയില്ല. ഇപ്പോൾ സർവ്വസാധാരണമായി തീന്നിര

ക്കുന്ന ഒരു മിഥ്യാബോധത്തിൻെറ ഫലമായി, രാജ്യത്തിൽ വളരെയേറെ ധനമുണ്ടെന്നും അവ തുല്യമായി വീതിച്ചാൽ എല്ലാം ഭംഗിയായി കലാശിക്കുമെന്നും വളരെയാളുകൾ കരുതുന്നു. പെട്ടെന്നുതന്നെ തെളിയിച്ചു കാണിക്കാവുന്നതുപോലെ, ഈ ധാരണ യഥാർത്ഥമല്ല. അതു കേവലം സങ്കല്പമാണ്. നമ്മുടെ പ്രകൃതിവിഭവങ്ങൾ യഥാർത്ഥത്തിൽ വമ്പിച്ചതുതന്നെ. പക്ഷേ നമ്മുടെ സമ്പത്തും ദേശീയവരുമാനവും അല്പമാത്രമാണ്. എന്തെന്നാൽ നമ്മുടെ വിഭവങ്ങൾ അവികസിതമായി കിടക്കുകയാണു ചെയ്യുന്നതു്. ഇതിനുള്ള കാരണമാകട്ടെ ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ നമ്മുടെ യുവാക്കൾ സാഹിത്യവിദ്യാഭ്യാസത്തിനു മാത്രമായി തള്ളിക്കൂട്ടുകയും കൈയിൽ പൊടി പററാത്ത ഉദ്യോഗങ്ങൾക്കുവേണ്ടി പാഞ്ഞു നടക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. എത്രയും ഉത്സാഹശാലികളായ യുവാക്കൾ, കൃഷി, സാധനനിർമ്മാണം തുടങ്ങിയ ആദായകരമായ തൊഴിലുകളിൽ ഏർപ്പെട്ടെങ്കിലല്ലാതെ ധനോല്പാദനം വർദ്ധിപ്പിക്കാനോ, ശാശ്വതമായ അഭിവൃദ്ധി കൈ വരുത്താനോ സാദ്ധ്യമല്ലതന്നെ.

## ടെക്നിക്കൽസ്കൂളുകളും കാളേജുകളും ആരംഭിക്കുക.

അതിനാൽ നമ്മുടെ വീക്ഷണഗതിക്കു സമ്പൂർണ്ണമായ മാററം സംഭവിച്ചേപററു. നമ്മുടെ യുവാക്കൾ ആയാസരഹിതമായ ഉദ്യോഗങ്ങൾക്കു മോഹിക്കാതെ, ഉല്പാദനപരമായ തൊഴിലുകൾ ചെയ്യുവാൻ കഠിനാദ്ധ്വാനം ശീലിക്കണം. വിലയേറിയ വസ്തുക്കൾ കടപ്പെടുത്തിപ്പോലും കുട്ടികളുടെ കാളേജ് വിദ്യാഭ്യാസത്തിനായി പണം ചെലവിടുന്ന പിതാക്കൾ, മക്കൾ കൃഷിയോ, വ്യവസായമോ, മററെന്തെങ്കിലും തൊഴിലോ ചെയ്യുവാൻ അവരെ നിർബ്ബന്ധിക്കണം. നല്ല ബുദ്ധിസാമർത്ഥ്യമുള്ള കുട്ടികളെ മാത്രമേ കാളേജുകളിൽ പഠിച്ചു് ഡിഗ്രിഎടുക്കുവാനും പഠിച്ചു് ആവശ്യമുള്ള തൊഴിലുകളിൽ പ്രവേശിക്കുവാനും സഹായിക്കാവൂ. മിതമായ ചെലവിൽ സാങ്കേതികവിദ്യാഭ്യാസം നടത്തുന്നതിനു് സൗകര്യം ലഭിക്കുന്ന സ്ഥാപനങ്ങൾ രാഷ്ട്രം ഏർപ്പെടുത്തണം. അത്യന്തം സാമർത്ഥ്യമുള്ളവരെ സൗജന്യമായി അഭ്യസിപ്പിക്കുവാനും വ്യവസ്ഥചെയ്യണം. ഹൈസ്കൂളുകളിൽ മൂന്നിൽ ഒരു ഭാഗമെങ്കിലും ടെക്നിക്കൽ സ്കൂളുകളായി രൂപാന്തരപ്പെടുത്തണം. മററുള്ളവയിൽ സാങ്കേതികവിഷയങ്ങൾ ഐച്ഛികമാക്കുകയും വേണം. ഉയർന്നതോതിലുള്ള പരിശീലനം നൽകുന്നതിനു് ധാരാളം ടെക്നിക്കൽ കാളേജുകളും സ്ഥാപിക്കണം. അങ്ങിനെയാണെങ്കിൽ മാത്രമേ, എല്ലായിടത്തും ആർട്ട്സ് കാളേജുകൾ സ്ഥാപിക്കുന്നതിനുള്ള ഈ ഭ്രമം അവസാനിക്കുകയുള്ളൂ. സമുദായത്തിൻെറ ഉത്തമതാല്പര്യങ്ങളെക്കരുതി ഈ കമ്പം അവസാനിപ്പിക്കേണ്ടതു് എത്രയും ആവശ്യവുമാണ്.

# സോക്രട്ടീസ്

## ❋ നാലാങ്കൽ ❋

[തത്വചിന്തയ്ക്കും ജ്ഞാനാന്വേഷണത്തിനുമായി ജീവിതമുഴിഞ്ഞുവെച്ച,
ലോകത്തിലെ ഏററവും മഹാനായ ഒരു ബുദ്ധിജീവി]

ഗ്രീസിലെ ഏററവും മഹാനായ തത്വചിന്തകൻെറ ജനനവർഷം നമുക്ക് അജ്ഞാതമാണ്. അദ്ദേഹത്തെ രാജദ്രോഹകുററത്തിന് വിസ്തരിച്ച വർഷത്തിൽ നിന്ന് അതു അനുമാനിക്കേണ്ടിയിരിക്കുന്നു. ബി. സി. 399-ൽ ആണ് ആ സംഭവം. അദ്ദേഹം അന്ന് എഴുപതിനപ്പുറത്തായിരുന്നു. അതിനാൽ ബി. സി. 469 അദ്ദേഹത്തിൻെറ ജനനവർഷമായി കണക്കാക്കാം. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരേയും കുടുംബത്തേയും പററിയുള്ള വിവരങ്ങളും അപൂർണ്ണങ്ങളാണ്. ഒരു കൊത്തുപണിക്കാരനായ സോഫ്റിനിസ്കൂസ് ആയിരുന്നു അച്ഛൻ; അമ്മയായ ഫാനാററ സൽകുലജാതയായിരുന്നു.

നല്ല ആരോഗ്യത്താൽ അനുഗൃഹീതനായിരുന്ന സോക്രട്ടീസ്, സൈനികസേവനമനുഷ്ഠിച്ചിരുന്നപ്പോൾ വേനൽക്കാലത്തെ ഉടുപ്പുകൾതന്നെ അദ്ദേഹം വർഷകാലത്തും ധരിച്ചുവന്നു. ഹിമാവൃതങ്ങളായ ടെണ്ട്യുകളിൽ അദ്ദേഹം നഗ്നപാദനായി സഞ്ചരിച്ചു. ഇവയെല്ലാം അദ്ദേഹത്തിൻെറ ആരോഗ്യശക്തിയെ തെളിയിക്കുന്നു. ശിഷ്യനായ പ്ലേറേറായുടെ വിവരണങ്ങളിൽ നിന്നു, സോക്രട്ടീസ് ചെറുപ്പത്തിൽ തന്നെ അക്കാലത്തു ഗ്രീസിൽ നിലവിലിരുന്ന കലകളിലും ശാസ്ത്രങ്ങളിലും നിഷ്ണാതനായിരുന്നുവെന്നു മനസ്സിലാക്കാം. അദ്ദേഹത്തിൻെറ ബുദ്ധിശക്തിയും നേരത്തേ സുപ്രസിദ്ധമായിരുന്നു. ഡെൽഫിയിലെ വെളിപാടിൽ പറഞ്ഞതു് "അക്കാലത്തെ ഏററവും വലിയ ജ്ഞാനി സോക്രട്ടീസ് ആയിരുന്നു" എന്നാണ്. ആഥൻസിൽ അക്കാലത്തെ ജ്ഞാനോപാസകന്മാർ പലരും സോക്രട്ടീസിനു ചുററുംകൂടി.

ഡെൽഫിയിലെ (ഗ്രീസിൽ ആഥൻസിലെ ഒരു ദേവാലയം) വെളിപാട് ദൈവത്തിൻെറ മൊഴിയായി ഗ്രീക്കുകാർ വിശ്വസിച്ചു. തന്നെപ്പററിയുള്ള ഈ അഭിപ്രായം സോക്രട്ടീസിൻെറ ചിന്തയെ ഉണർത്തി. തനിക്ക് വലിയ വിജ്ഞാനമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചില്ല. പിന്നെ ദൈവം കളവുപറയുമോ? അദ്ദേഹം, രാഷ്ട്രീയനേതാക്കന്മാരേയും കവികളേയും ചിന്തകന്മാരേയുമെല്ലാം സമീപിച്ചു, തനിക്ക് അവരേക്കാൾ പാണ്ഡിത്യമുണ്ടോ എന്ന സംശയം തീർക്കാൻ. എന്നാൽ അവരെല്ലാം സമ്മതിച്ചു, സോക്രട്ടീസിനോടു അടുക്കാൻ അവർക്കും അർഹതയില്ലെന്ന്. സോക്രട്ടീസ് അപ്പോൾ ഡെൽഫിയിലെ വെളിപാടിൻെറ അർത്ഥം മനസ്സിലാക്കി. തനിക്ക് വേണ്ടത്ര അറിവില്ലെന്നാണ് തൻെറ അറിവ്. സോക്രട്ടീസിൻെറ ചിന്തയെ ഇതു തട്ടിയുണർത്തി. ജീവിതത്തിൻെറ ശരിയായ മൂല്യങ്ങളെക്കുറിച്ചും ജ്ഞാനാന്വേഷണത്തിൻെറ ആവശ്യകതയെപ്പററിയും അദ്ദേഹം കാണുന്നവരോടെല്ലാം പറഞ്ഞുതുടങ്ങി. പെലപ്പോണിഷൻ യുദ്ധത്തിൻെറ ആരംഭഘട്ടത്തിൽ സോക്രട്ടീസ് ഒരു ഭടനായി സേവനമനു

ഷ്ടിച്ചു. മനുഷ്യവർഗ്ഗത്തിനു കൂടുതൽ വെളിച്ചം നൽകാൻ ആ ഘട്ടത്തിൽ അദ്ദേഹത്തിനു ചില വെളിപാടുകളുണ്ടായതായും പറയപ്പെടുന്നു. ഒരു ധീരനായ യോദ്ധാവുകൂടെയായിരുന്നു നമ്മുടെ ചിന്തകൻ. ഗ്രീക്കുസൈന്യാധിപന്മാരായ ആൻസിബിയേഡസ്സും സെനഫോണും ഇതിനു സാക്ഷ്യം വഹിക്കുന്നു.

തന്റെ ജീവിതോദ്ദേശം മനസ്സിലായ ശേഷം സോക്രട്ടീസ് വിജ്ഞാനദീപവുമേന്തി തെരുവീഥികളിലും ആപണസ്ഥലത്തും ജിമ്നേഷ്യത്തിലുമെല്ലാം അലഞ്ഞുനടന്നുകൊണ്ട് മനുഷ്യരെ നന്നാക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സൽസ്വഭാവം എന്നാൽ നമ്മയെ അറിയുക ആണ്. പാപം എന്നാൽ നന്മയെപ്പറ്റിയുള്ള അജ്ഞതയാണ്. വാദപ്രതിവാദങ്ങൾ, കടംകഥകൾ മുതലായവ മൂലമാണ് അദ്ദേഹം ശിഷ്യരെ പഠിപ്പിച്ചതു്. സത്യം, സൗന്ദര്യം, കല, വിദ്യാഭ്യാസം, ആത്മശുദ്ധി ഇവയെപ്പറ്റിയെല്ലാം ചോദ്യോത്തരങ്ങൾ വഴി അദ്ദേഹം സ്വശിഷ്യരിൽ പുതിയ വെളിച്ചം വീശി. പുഷ്പങ്ങൾ വില്ക്കുന്നസ്ഥലത്തോ, പൊതുവായുള്ള ഉദ്യാനത്തിലോ അദ്ദേഹത്തെ ശിഷ്യന്മാരൊത്തുകാണാം. വഴിയാത്രക്കാർ, വിദ്യാർത്ഥികൾ, ചെറുപ്പക്കാർതുടങ്ങിയവരെ അദ്ദേഹം വിളിച്ചുകൂട്ടുകയും ചോദ്യങ്ങൾമൂലം ജീവിതത്തിന്റെ പരമമായ ലക്ഷ്യം അവരെക്കൊണ്ടുതന്നെ കണ്ടുപിടിപ്പിക്കുവാൻ യത്നിക്കുകയും ചെയ്യുവന്നു. സോക്രട്ടീസിന്റെ ഈ രീതിയിലുള്ള യുക്തിവാദമാണ് യൂറോപ്പിന്റെ ബുദ്ധിപരമായ വളർച്ചക്ക് ബീജാവാപം ചെയ്തതു്. വേഷത്തിൽ അദ്ദേഹം തീരെ അശ്രദ്ധനായിരുന്നു. നഗ്നപാദനായാണ് സഞ്ചരിച്ചതു്. ആദ്യമായി കാണുന്ന ഒരാൾക്ക് അദ്ദേഹം ഒരു അരക്കിറുക്കനാണെന്നു തോന്നിയേക്കാം. എങ്കിലും കിറുക്കു പിടിച്ച ലോകത്തിന്റെ ഭിഷഗ്വരനായിരുന്നു ആ മഹാൻ.

ഇന്നത്തെ സമ്പ്രദായത്തിലുള്ള ഒരു വിദ്യാഭ്യാസപ്രവർത്തകനോ ആചാര്യനോ ആയിരുന്നില്ല സോക്രട്ടീസ്. ഇന്നത്തെ അർത്ഥത്തിൽ അദ്ദേഹത്തിനു ശിഷ്യന്മാരുമില്ലായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ ശിഷ്യന്മാർ വാസ്തവത്തിൽ കൂട്ടുകാരോ, തോഴന്മാരോ (Comrades) മാത്രമേ ആയിരുന്നുള്ളു. അദ്ദേഹം ഒരു ചോദ്യകർത്താവു മാത്രമായിരുന്നു. സോക്രട്ടീസിന്റെ ചിന്തയുടെ മിന്നൽപ്പിണറുകൾ അന്നത്തെ ആഥൻസിലെ ഭരണാധികാരികളെ ഭയവിഹ്വലരാക്കി. അവർ അദ്ദേഹത്തിന്റെ പേരിൽ രണ്ടു കേസ്സുകളുണ്ടാക്കി. ഒന്നാമത്തേതു ഗ്രീക്കുമതത്തെ അദ്ദേഹം അപകടപ്പെടുത്തിയെന്നും, രണ്ടാമത്തേതു് യുവാക്കന്മാരെ ദുഷിപ്പിച്ചു എന്നതുമാകുന്നു.

സോക്രട്ടീസ് നടത്തിയ വാദപ്രതിവാദങ്ങൾ പിൽക്കാലത്തു് അദ്ദേഹത്തിന്റെ ശിഷ്യനായ പ്ലേറ്റോ രേഖപ്പെടുത്തിയിട്ടുണ്ട്. അവ വ്യവസ്ഥാപിതഭരണത്തിൽ അദ്ദേഹം വിശ്വസിച്ചിരുന്നു എന്നു തെളിയിക്കുന്നു. ഒരു പൗരന്റെ ദുർന്നടത്തയെ തടയാൻ രാഷ്ട്രത്തിനു അധികാരം വേണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിമതം. ഗവണ്മെന്റ് അദ്ദേഹത്തിന്റെ പേരിൽ കുററം ചുമത്തിയപ്പോൾ ശാന്തനായി അദ്ദേഹം തന്റെ ഭാഗം ശക്തിയായി വാദിച്ചു. താൻ യാതൊരു പ്രകാരത്തിലും രാഷ്ട്രത്തിന്റെ ശത്രുവല്ല, പ്രത്യുത മിത്രമാണെന്നുള്ളതിനു് തെളിവുകൾകൊണ്ടുവന്നു. അദ്ദേഹത്തിനു വധശിക്ഷയോ, നാടുകടത്തലോ ശിക്ഷയായി

ഇഷ്ടംപോലെ സ്വീകരിക്കാൻ കോടതി വിധിയെഴുതി. ഒടുവിൽ ശിക്ഷ ഇളവു ചെയ്തു് ഒരുസംഖ്യ കെട്ടിവെച്ചാൽ മതിയെന്നുവരെയായി. സസന്തോഷം അദ്ദേഹത്തിന്റെ ശിഷ്യസഞ്ചയം ആ തുക കോടതിയിൽ കെട്ടിവെച്ചേനെ. ഗ്രീക്കുഗവണ്മെൻറുമേധാവികൾക്കുപോലും അദ്ദേഹത്തെ വധിക്കണമെന്നില്ലായിരുന്നു. എന്നാൽ താൻ നിരപരാധിയാണെന്നും തന്മൂലം യാതൊരു ശിക്ഷയ്ക്കും അർഹനല്ലെന്നുമായിരുന്നു സോക്രട്ടീസിന്റെ വാദം. അദ്ദേഹം രാഷ്ട്രത്തിനു് തന്റെ വാദഗതിമൂലം നന്മയേ ചെയ്തിട്ടുള്ളു.

ഒടുവിൽ ന്യായാധിപന്മാർ വധശിക്ഷയ്ക്കു വിധിച്ചപ്പോൾ സോക്രട്ടീസ് അതിനെ എതിർത്തില്ല. മരണം ചീത്തയല്ല; പരലോകത്തിലേക്കുള്ള പാസ്പോട്ടാണതു്. നല്ല ആളുകൾക്കു മരണം ഭയപ്പെടേണ്ടതില്ല. ഇപ്രകാരമായിരുന്നു സോക്രട്ടീസിന്റെ അഭിപ്രായഗതി.

ഇങ്ങനെയാണു് ലോകത്തിലെ തത്ത്വചിന്തകന്മാരിൽ പ്രഥമഗണനീയൻ മരണത്തെ സ്വാഗതം ചെയ്തതു്. വധശിക്ഷ നടപ്പിൽ വരുത്താൻ ഒരു മാസക്കാലമെടുത്തു. ആ കാലയളവു് അദ്ദേഹം കാരാഗാരത്തിൽ പഴയപോലെ തന്നെ സന്ദർശിക്കുവാനെത്തിയവരുമായി ചർച്ചകൾ നടത്തി സോല്ലാസം കഴിച്ചുകൂട്ടി. 'മരണശിക്ഷയുടെ ദിവസം, നിരാശയോ സങ്കടമോ തീണ്ടാതെ വിഷചഷകം അദ്ദേഹം ഒരു പ്രാർത്ഥനയോടെ തന്റെ ചുണ്ടോടടുപ്പിച്ചു. ആ സംഭവം കണ്ടു കണ്ണീർ വാർത്ത ശിഷ്യഗണത്തെ അദ്ദേഹം ശാസിച്ചു. "എന്നെ ഇത്രയുംനാൾ അടുത്തറിഞ്ഞ നിങ്ങൾ ഭീരുത്വത്തോടെ, സ്ത്രീകളെപ്പോലെ കരയുകയോ?"

പ്ലേറേറായുടെ വാക്കിൽ, "ഇങ്ങനെ ഞങ്ങളുടെ ഉററ തോഴൻ, ഞങ്ങൾക്കു് അറിയാൻ കഴിഞ്ഞിടത്തോളം ഏററവും ഉത്തമനായ മനുഷ്യൻ, ലോകത്തിലേക്കു, വിജ്ഞാനിയും നീതിമാനുമായ മനുഷ്യൻ ലോകത്തിനോടു യാത്രപറഞ്ഞു".

---

ഉദ്യോഗസ്ഥൻ—(അധ്യാപകനോടു്) എന്റെ മകൻ ക്ലാസ്സിൽ എങ്ങനെയിരിക്കുന്നു സാറേ!

അധ്യാ—ഇരിപ്പു് തരക്കേടില്ല.

ഉദ്യോഗ—അതല്ല, വല്ലതും പഠിക്കുന്നുണ്ടോ? ഞാൻ പഠിക്കുന്ന കാലത്തു് ചരിത്രത്തിനു വളരെ മോശമായിരുന്നു. എന്തായാലും അതു് തലയിൽ കയറുകയില്ല.

അധ്യാ—ക്ഷമിക്കണേ. ചരിത്രം ആവർത്തിക്കപ്പെടുന്നു.

---

# ഗ്രന്ഥശാലാപ്രസ്ഥാനവും താലൂക്കുയൂണിയനും

റ്റി. ഐ. പൈലി, ബി. എ. ബി. എൽ.

ഈ സംസ്ഥാനത്തെ ഗ്രന്ഥശാലാപ്രസ്ഥാനം കേന്ദ്രഗ്രന്ഥശാലാസംഘത്തിന്റെ നേതൃത്വത്തിലും ഗവമ്മെണ്ടിന്റെ നിയന്ത്രണത്തിലും ഏറെറടുത്തതിനുശേഷം നാട്ടിന്റെ നാനാഭാഗത്തും അനേകം പുസ്തകശാലകൾ ഉണ്ടായിട്ടുണ്ടു്. ഗ്രന്ഥശാലാപ്രവർത്തകർക്കു് കൂടുതൽ ഉത്സാഹവും ആശയും ജനിച്ചിട്ടുമുണ്ടു്. കുറെ പുസ്തകങ്ങൾ ശേഖരിച്ചു് ഒരു വായനശാല ഉണ്ടാക്കുക മാത്രമല്ല ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ ലക്ഷ്യം. സാമാന്യജനത്തിന്റെ ജ്ഞാനാഭിവൃദ്ധിയാണു് ഈ പ്രസ്ഥാനം സാധിക്കേണ്ടതു്. ഒരു ജനകീയയുഗത്തിൽ രാജ്യക്ഷേമത്തിന്റെയും ഭരണത്തിന്റേയും അസ്ഥിവാരം പൊതുജനങ്ങളുടെ വിദ്യാഭ്യാസവും മനഃസംസ്കാരവും ആണല്ലൊ. അക്ഷരാഭ്യാസത്തിൽ നമ്മുടെ സംസ്ഥാനം മുന്നിട്ടുനിൽക്കുന്നുവെന്നു് നമുക്കു് അഭിമാനിക്കാമെങ്കിലും രാജ്യക്ഷേമത്തിനോ സമുദായാഭിവൃദ്ധിക്കോ അതു് പര്യാപ്തമായിട്ടില്ല. പൊതുസമാധാനത്തിനും ഐക്യത്തിനും ഹാനികരമായ വർഗ്ഗീയസ്പർദ്ധയും ഭിന്നതയും നാട്ടിൽ നടമാടുന്ന കാലത്തോളം ഇന്നാട്ടിലെ ഐശ്വര്യാഭിവൃദ്ധിയും പൊതുജീവിതവും സുസാദ്ധ്യവും സുകരവും ആയിരിക്കുമെന്നു പറയാവുന്നതല്ല. സാംസ്കാരികവും സാന്മാർഗ്ഗികവും മാനസികവുമായ ഗുണങ്ങളാണു് നമ്മുടെ നാനാവിധമായ ശ്രേയസ്സിനും നിദാനമായിട്ടുള്ളതു്. അതിനെ വർദ്ധിപ്പിക്കുവാൻ വായനശാലകൾ ഉപകരിക്കുന്നു. മൂന്നോ നാലോ ക്ലാസ്സ് പഠിച്ചു് വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ഒരാൾ അതുകൊണ്ടു പിന്നീടു് കൈകാര്യം ചെയ്യുന്നില്ലെങ്കിൽ ആ അക്ഷരാഭ്യാസം കേവലം നിഷ്പ്രയോജനമാകാനേ തരമുള്ളു. എന്നാൽ പുസ്തകശാലകൾ അങ്ങിനെയുള്ളവരുടെ അറിവു് വികസിപ്പിക്കുന്നതിനും സംസ്കാരത്തെ വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ വിജയം പ്രഥമതഃ ജനകീയസഹകരണത്തെ ആശ്രയിച്ചാണിരിക്കുന്നതു്. അതിലേക്കു് സഹകരണവും ത്യാഗപരമായ സേവനവും ആവശ്യമാണു്.

ഈ ജനകീയപ്രസ്ഥാനം കൂടുതൽ കാര്യക്ഷമവും വിപുലീകൃതവും ആക്കുന്നതിലേക്കു് ഓരോ താലൂക്കിലും അതാതു് താലൂക്കിലെ ഗ്രന്ഥശാലാപ്രതിനിധികൾ ചേർന്നുള്ള യൂണിയൻ സ്ഥാപനം കേന്ദ്രസംഘം നിർദ്ദേശിച്ചിട്ടുണ്ടു്. അതിനെത്തുടർന്നു പല താലൂക്കിലും യൂണിയൻ സ്ഥാപിതമായിട്ടുമുണ്ടു്. താലൂക്കു് യൂണിയന്റെ നിയമാവലിയും അവർ നിർദ്ദേശിച്ചിട്ടുണ്ടു്. താലൂക്കിലെ എല്ലാ പകുതികളിലും ഗ്രന്ഥശാലകളും എല്ലാ കരകളിലും വായനശാലകളും യഥായോഗ്യം സ്ഥാപിക്കുക മുതലായി ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ എല്ലാ ലക്ഷ്യങ്ങളും യൂണിയന്റെ പരിധിയിൽപ്പെട്ടതാണെന്നും നിയമാവലിയിൽ കാണുന്നു. കേന്ദ്രസംഘം നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുക മുതലായ ചുമതലകളും യൂണിയനുണ്ടു്.

താലൂക്ക് ഗ്രന്ഥശാലാപ്രതിനിധികളുടെ ഒരു സംഘടനയാണ് യൂണിയൻ. ഗ്രന്ഥശാലകൾ യൂണിയൻ അംഗങ്ങൾ ആയിരിക്കുന്നതാണ് എന്നുള്ളതല്ലാതെ അവർ അങ്ങിനെ ആയിരിക്കേണ്ടതാണ് എന്ന് ഒരു നിർബ്ബന്ധവും നിയമാവലിയിൽ ഇല്ല. കേവലം കുറെ ഗ്രന്ഥശാലക്കാർ ചേർന്ന് ഒരു യൂണിയൻ സ്ഥാപിച്ചാലും അതിൽ മററുള്ളവർ ചേരേണമെന്നില്ല. യൂണിയനിൽ ചേരുന്നവർ പ്രവേശനഫീസും വാർഷികഫീസും കൊടുക്കേണ്ടതുള്ളതുകൊണ്ട മിക്ക ഗ്രന്ഥശാലക്കാരും യൂണിയനിൽനിന്ന ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നതു്. ഇന്നത്തെ നിലയിൽ യൂണിയന് ഒരു ഉപദേശകസമിതിയിൽ കവിഞ്ഞുള്ള യാതൊരു കൈകാര്യകർത്തൃത്വവും ഇല്ല. അംഗങ്ങളല്ലാത്ത വായനശാലകളിൽ യൂണിയൻ അംഗങ്ങൾ വലിഞ്ഞു കയറിച്ചെന്ന് അഭിപ്രായപ്രകടനങ്ങൾക്കും ഉപദേശത്തിനും ഒരുങ്ങിയാൽ ചീത്തകേൾക്കാതെ മടങ്ങിപ്പോകുന്നതു് ചെല്ലുന്നവരുടെ ശക്തിസ്വാധീനത്തേയൊ ഗ്രന്ഥശാലക്കാരുടെ മയ്യാദയേയോ ആശ്രയിച്ചിരിക്കും. അല്ലാതെ യൂണിയൻെറ നിർദ്ദേശങ്ങളെ ആരും വകവെയ്ക്കേണ്ട ആവശ്യമില്ല. താലൂക്ക ഓർഗനൈസരുടെ സന്മനസ്സിനെ ആശ്രയിച്ച് മാസംതോറം അഞ്ചോ എട്ടോ രൂപാ കേന്ദ്രസംഘത്തിൽ നിന്നും ഗ്രാൻറ് വാങ്ങി എഞ്ചുവടി മുതൽ ഇൻഡ്യാചരിത്രംവരെ കുറെ പുസ്തകങ്ങളും ശേഖരിച്ച് ഏതെങ്കിലും പീടികമുറിയുടെ കോണിൽ ഒന്നോ രണ്ടോ (second Hand) പ്രതിദിനപത്രങ്ങളും വികടൻ തുടങ്ങിയ ചിലമാസികകളും വരുത്തി സ്വാതന്ത്ര്യമായി വായനശാലാപ്രവർത്തനം നടത്തുന്ന പൊതുക്കാര്യപ്രമാണികളായ ഗ്രാമീണവായനശാലക്കാർ നിസ്വാത്ഥപൊതുസേവനം നടത്തുന്ന യൂണിയൻകാരുടെ ഉപദേശം കേൾക്കേണ്ട ആവശ്യം എന്തിന്? യൂണിയൻകാരുടെ സാന്ദർനം നിരുപദ്രവകരമെങ്കിലും മേൽപറഞ്ഞ തരത്തിലുള്ള ഗ്രാമീണഗ്രന്ഥശാലക്കാർക്ക് യഥാർത്ഥത്തിൽ അപ്രകാരമുള്ള സന്ദർശനവും പരിശോധനയും സ്വാഗതത്തേക്കാൾ ഭയത്തെയാണ് ഉളവാക്കുന്നതു്. ഈ നിലയിൽ യൂണിയൻകാരുടെ ഇടപെടൽ അവർ വെറുക്കുകയും പ്രതിഷേധിക്കുകയും ചെയ്യുമെന്നുള്ളതിൽ സംശയമില്ല.

വണ്ടിയും വള്ളവും ചെല്ലാത്ത ഓണം കേറാമൂലകളിലുള്ള ഗ്രന്ഥശാലകളിൽ മൂന്നും നാലും മാസം കൂടുമ്പോൾ എത്തിച്ചേർന്ന് പരിശോധനബുക്കിൽ നാലഞ്ചു മാസത്തെ കുടിശ്ശിക ഒപ്പ് ഒന്നായിട്ടിട്ട് പോകുന്ന താലൂക്ക് ഓർഗനൈസന്മാർ ധാരാളമുണ്ടു്. ഇങ്ങിനെയുള്ളവർക്കും വായനശാലക്കാരുടെ സഹായം ആവശ്യമാണല്ലൊ. വായനശാലകളുടെ നടത്തിപ്പിനെ സംബന്ധിച്ചു അനുകൂലമായ പരിശോധനറിപ്പോർട്ട് കൊടുപ്പിക്കേണ്ടതും വായനശാലക്കാർക്ക ആവശ്യമാണു്. ഏവം വിധം ഓർഗനൈസറന്മാർക്കും വായനശാലക്കാർക്കും പരസ്പരധാരണയും സഹായവും ഒഴിച്ചുകൂടാവുന്നതല്ല.

താലൂക്കിലെ ഗ്രന്ഥശാലാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാകേണമെങ്കിൽ, താലൂക്ക് യൂണിയന് കൂടുതൽ പ്രവർത്തനസാധ്യതയുണ്ടാകണം. യൂണിയനിൽ ചേരാത്ത ഒരു ഗ്രന്ഥശാലക്കും ഗ്രാൻറ് അനുവദിച്ചുകൂടാ. ഗ്രന്ഥശാലക്കാരുടെ പൊതുസ്ഥാപനമെന്ന നിലയിൽ യൂണിയൻപ്രവർത്തനം വിജയകരമാക്കുന്നതിൽ യഥാർത്ഥപൊതുസേവനം ആഗ്രഹിക്കുന്ന എല്ലാ ഗ്രന്ഥശാലക്കാരും ആത്മാർത്ഥമായി സഹകരിക്കതന്നെ ചെയ്യും. താലൂക്കിലെ മുക്കിലും മൂലയിലും

വായനശാലാപ്രസ്ഥാനം ഊർജ്ജിതപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനും പ്രബലമായ ഒരു യൂണിയന് സാധിക്കും. താലൂക്കിലെ വിവിധഗ്രന്ഥശാലകളെയും പ്രവൎത്തകരേയും അറിഞ്ഞ് സമ്പൎക്കം പുലൎത്തുവാനും അവരെ വേണ്ട മാറ്റങ്ങളിൽ സഹായിച്ച് അവരുടെ പ്രവൎത്തനം സുസാധ്യമാക്കുവാനുമുള്ള കഴിവുകളും സൗഹചര്യങ്ങളും യൂണിയന് ഉണ്ടാകും. മാസപ്പടി വാങ്ങി കേന്ദ്രസംഘത്തിൽനിന്നും ഗ്രന്ഥശാലാപ്രചരണത്തിനും പ്രവൎത്തനത്തിനുമായി നിയമിതരാകുന്ന ഓർഗനൈസർമാരുടെകഴിവുകൾ എത്ര പരിമിതമാണെന്ന് ഗ്രന്ഥശാലാപ്രവൎത്തകൎക്കു അറിയാം. യൂണിയന്റെ പ്രവൎത്തനം ഉപകാരപ്രദമാകേണമെങ്കിൽ താഴെപ്പറയുന്ന ചില സംഗതികൾ നടപ്പിൽവരണം.

1. താലൂക്കിലെ എല്ലാ അംഗീകൃതഗ്രന്ഥശാലകളും യൂണിയനിൽ ചേരണം.

2. എല്ലാ ഗ്രന്ഥശാലക്കാരും അവരുടെ പ്രവൎത്തനമാസാന്ത്യറിപ്പോർട്ട് യൂണിയന് അയക്കണം.

3. ഗ്രന്ഥശാലകൾക്ക് ഗ്രാൻറ് നല്കുക, ഗ്രെഡേഷൻ മുതലായവ താലൂക്ക്‌യൂണിയനുമായി ആലോചിച്ചും അവരുടെ നിർദ്ദേശമനുസരിച്ചും ചെയ്യുക.

4. ഓർഗനൈസറന്മാർ യൂണിയന്റെ കമ്മിററിമെമ്പർ എന്ന നിലയിൽ കമ്മിററിയോഗങ്ങളിൽ ഹാജരാകുകയും എല്ലാ പ്രവൎത്തനങ്ങളും യൂണിയനുമായി ആലോചിച്ചും സഹകരിച്ചും ചെയ്യുകയും വേണം.

5. ഓർഗനൈസറന്മാരുടെ റിപ്പോർട്ട് പകർപ്പ് യൂണിയന്റെ അറിവിലേക്ക് യൂണിയന് അയയ്ക്കുക.

എന്നിങ്ങനെ ചില കാൎയ്യങ്ങൾകൂടി നടപ്പിൽവരുത്തി കേന്ദ്രസംഘവും, യൂണിയനും ഓർഗനൈസറന്മാരും ഒത്തൊരുമിച്ച് പ്രവൎത്തിച്ചെങ്കിൽ മാത്രമേ ഒരു ജനകീയപ്രസ്ഥാനമായ ഗ്രന്ഥശാലാപ്രസ്ഥാനം വിജയകരമായി തീരുകയുള്ളു. എല്ലാ ചുമതലകളും ഭാരങ്ങളും ഒരിടത്ത് കേന്ദ്രീകരിക്കുന്നപക്ഷം അത് സുകകരമായോ കാൎയ്യക്ഷമതയോടുകൂടിയൊ പ്രവൎത്തനം നടത്താൻ സാധ്യമാകയില്ല. അമിതമായ കേന്ദ്രീകരണം അപജയത്തിലേ അവസാനിക്കാവുള്ളു.

ഗവമെൎമ്മണ്ടിന്റെ നിയന്ത്രണത്തിലും സഹായത്തിലും നടത്തപ്പെടുന്ന ഈ ജനകീയപ്രസ്ഥാനത്തിൽ ഗവമെൎമ്മണ്ടു് വഹിക്കുന്ന ഭാരം കേവലം നിസ്സാരവും ശുഷ്കവുമാണെന്ന് പറയാതിരിപ്പാൻ തരമില്ല. വിദ്യാഭ്യാസപരവും സാംസ്കാരികവുമായി ഇന്നാട്ടിലെ ജനങ്ങളുടെ അഭിവൃദ്ധിക്ക് ഏററവും പൎയ്യപ്തമായ ഒരു പ്രസ്ഥാനത്തിന്റെ വിജയത്തിന് യഥായോഗ്യം ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതു് ഗവമെൎമ്മണ്ടിന്റെ ചുമതലയാണ്. കാൎയ്യത്തിന്റെ മാഹാത്മ്യവും ഫലത്തിന്റെ ഗുണവും അനുസരിച്ച് വേണ്ടതു ചെയ്യേണ്ടതു് അത്യാവശ്യമാണ്. പുരോഗമനപരവും രാജ്യവ്യാപകവുമായ ഗ്രന്ഥശാലാപ്രസ്ഥാനത്തിനുവേണ്ടി ഗവമെൎമ്മണ്ടു ചിലവാക്കുന്ന ഒരുലക്ഷം രൂപാ കേവലം നാമമാത്രമായ ഒരു സഹായമേ ആകുന്നുള്ളു. അത്ഭുതാവഹമായ പുരോഗതിയാണ് ചുരുങ്ങിയകാലത്തിന്നിടയ്ക്ക് ഗ്രന്ഥശാലാപ്രസ്ഥാനത്തിന്ന് ഉണ്ടായിട്ടുള്ളതെന്ന് അഭിമാനപൂൎവ്വം പറയാവുന്നതാണ്. ഇത്രമാത്രം പൊതുജനസേവനം ലഭിക്കുന്ന മറെറാരു പ്രസ്ഥാനവും ഇന്നാട്ടിലില്ലതന്നെ. പക്ഷേ നാട്ടുകാരുടെ

ഉത്സാഹത്തിന്നും ഉന്മേഷത്തിന്നും അനുസരണമായി ഗവമ്മേണ്ടുസഹായവും നയവും പുരോഗമിച്ചിട്ടില്ലെന്ന് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഈ പ്രസ്ഥാനം നാട്ടിന്റെയും നാട്ടാരുടേയും മാനസികവും വിദ്യാഭ്യാസപരവുമായ അഭിവൃദ്ധിക്ക് ഉതകുമെന്ന് ഗവർമ്മെണ്ടിന്ന് ബോധ്യമുണ്ടെങ്കിൽ—കായികവും മാനസികവുമായ പലവിധ വിനോദങ്ങൾക്ക് സാഹചര്യമില്ലാത്ത പാവപ്പെട്ട ഗ്രാമീണന്റെ മാനസികസുഖത്തിന്ന് അല്പനേരമെങ്കിലും ഇടംകൊടുക്കുന്ന ഗ്രന്ഥശാലകൾ ജനോപകാരപ്രദമെന്ന് ഗവർമ്മേണ്ടു വിചാരിക്കുമെങ്കിൽ – ഗ്രന്ഥശാലപ്രസ്ഥാനത്തിന്നുവേണ്ടി ചിലവഴിക്കുന്ന തുക ഒരു പത്തിരട്ടിയായിട്ടെങ്കിലും താല്ക്കാലികമായി വദ്ധിപ്പിക്കേണ്ടതു് ആവശ്യമാണ്. യഥാത്ഥത്തിൽ ഇന്നത്തെ ഈ പ്രസ്ഥാനത്തിന്റെ ജീവനില്ലാത്ത ഓട്ടം ക്ലേശകരവും ഖേദകരവുമാണ്. ഈ പ്രസ്ഥാനം ഇതേവിധം മുന്നോട്ടു പോകേണമെങ്കിൽ ഗവർമ്മെണ്ടിന്റെ കൂടുതലായ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. അതിലേക്ക് ഒരുപക്ഷേ ഗ്രന്ഥശാലക്കാരും വായനക്കാരും ഒത്തൊരുമിച്ച് ഒരു പ്രക്ഷോഭണം നടത്തുകതന്നെ വേണ്ടിവന്നേക്കാം.

## മറുപടി

[മി.പൈലി അദ്ദേഹത്തിന്റെ ലേഖനത്തിൽ ചിലതെററിദ്ധാരണകളെ അടിസ്ഥാനമാക്കി ഗ്രന്ഥശാലാസംഘത്തിന്റെ കേന്ദ്രസമിതി അനഹമാംവണ്ണംഅധികാരം കയ്യടക്കിവച്ചിരിക്കുന്നതായി ഒരാരോപണം പരോക്ഷമായിട്ടെങ്കിലും ഉന്നയിച്ചിട്ടുണ്ട്. താലൂക്കുയൂണിയനുകൾക്ക് വേണ്ടത്ര പ്രവത്തനസ്വാതന്ത്ര്യവും നിയന്ത്രണാധികാരവും നൽകിയിട്ടില്ലെന്നാണ് അദ്ദേഹത്തിന്റെ മുഖ്യമായ ആക്ഷേപം. ചില താലൂക്കു യൂണിയനുകളും ഈ ആക്ഷേപങ്ങൾതന്നെ ഇതിനുമുൻപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ടു് പ്രസ്തുതവിമശനങ്ങൾക്കു മറുപടി പറയുവാൻ ഈ അവസരം വിനിയോഗിക്കട്ടെ!

താലൂക്കുയൂണിയനുകൾക്ക് ഗ്രന്ഥശാലാസംഘത്തിന്റെ രജിസ്റ്റർ ചെയ്തിട്ടുള്ള ഭരണഘടന അംഗീകാരം നൽകുന്നില്ല. അതുകൊണ്ടു് ഭരണഘടന ഭേദപ്പെടുത്തിയാൽമാത്രമേ അവയ്ക്കു് നിയമപരമായ നിലനില്പുതന്നെയുണ്ടായിരിക്കയുള്ളു. ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത യാതൊരധികാരങ്ങളും അവകാശങ്ങളും യൂണിയനു വിട്ടുകൊടുക്കുവാൻ കേന്ദ്രസമിതിയ്ക്കധികാരമോ അവ ലഭിക്കുവാൻ യൂണിയനുകൾക്കവകാശമോ ഇല്ല. എന്നാൽ താലൂക്കുകളിലെ പ്രവത്തനങ്ങൾ പുരോഗമിപ്പിക്കുവാൻ പ്രാതിനിധ്യസ്വഭാവമുള്ള യൂണിയനുകൾ ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നുള്ള നിർദ്ദേശം കേന്ദ്രസമിതി സ്വീകരിക്കയും ആ നിലയിൽ എവിടെയൊക്കെ യൂണിയനുകൾ ഉണ്ടായിട്ടുണ്ടോ അവയൊക്കെ കേന്ദ്രസമിതി അംഗീകരിക്കയും ചെയ്തിട്ടുണ്ട്. പല താലൂക്കുകളിലും ഇപ്പോഴും യൂണിയനുകൾ ഉണ്ടായിട്ടില്ലെന്നും ഉള്ളവതന്നെ പലതും വേണ്ടതുപോലെ പ്രവത്തിക്കുന്നില്ലെന്നും മി. പൈലിയ്ക്കു തന്നെ അറിയാമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

മി. പൈലി ആവശ്യപ്പെടുന്ന അധികാരങ്ങൾ എന്തൊക്കെയാണെന്നുകൂടി പരിശോധിക്കാം. ഗ്രന്ഥശാലകൾ യൂണിയനിൽ

അംഗങ്ങളായിരിക്കണമെന്നു നിർബന്ധിക്കുന്ന യാതൊരു വ്യവസ്ഥയും യൂണിയൻ നിയമാവലിയിൽ ഇല്ലെന്നദ്ദേഹം പറയുന്നു. അങ്ങിനെ നിർബന്ധിക്കുവാനാർക്കാണധികാരം? ഈ സംസ്ഥാനത്തെ ഗ്രന്ഥശാലകൾ മിക്കവയും ഗ്രന്ഥശാലാസംഘത്തോട്ട് അഫിലിയേററ് ചെയ്തിട്ടുള്ളവയാണ്. എന്നാൽ ഗ്രന്ഥശാലാസംഘത്തോടവയൊക്കെ അഫിലിയേററ് ചെയ്തിരിക്കണമെന്നു നിർബന്ധിക്കുന്ന യാതൊരു നിയമവും സംഘത്തിന്റെ ഭരണഘടനയിലില്ല. അങ്ങിനെയൊരു വ്യവസ്ഥയുണ്ടാക്കിയാൽതന്നെ അതിന് അതെഴുതിയ ചവററുകടലാസിന്റെ വിലപോലുമുണ്ടായിരിക്കുന്നതുമല്ല. ഗ്രന്ഥശാലകൾ പൊതുജനസ്ഥാപനങ്ങളാണെന്ന് മി. പൈലി തന്നെ സമ്മതിക്കുന്നുണ്ട്. ഏതെങ്കിലും പൊതുസംഘടനയുടെ ഘടകമായിരിക്കണമോ വേണ്ടയോ എന്നു തീരുമാനിക്കുവാനുള്ള പൂർണ്ണമായ അവകാശം അവയ്ക്കുമാത്രമാണുള്ളത്. നിയമഹേമം കൊണ്ട് അവയെ ദണ്ഡിപ്പിക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കുമധികാരമില്ല. "അഞ്ചോ എട്ടോ രൂപ കേന്ദ്രത്തിൽനിന്നു വാങ്ങി എബ്രൂവടിയും ഇൻഡ്യാചരിത്രവുമായി" ഗ്രന്ഥശാല നടത്തുന്നവരെ പുഛിക്കുന്ന മി. പൈലിയുടെ യൂണിയനിൽ ഗ്രന്ഥശാലകൾ സംഘടിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാണ്.

യൂണിയനിൽ ചേരാത്ത ഗ്രന്ഥശാലകൾക്ക് ഗ്രാൻറനുവദിച്ചുകൂടെന്നുള്ള "ഒരൊററമൂലി" ഇതിലേയ്ക്ക് പ്രതിവിധിയായി അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രന്ഥശാലാസംഘത്തിന്റെ പ്രവർത്തനങ്ങളേയും അധികാരങ്ങളേയുംപററി മനസ്സിലാക്കാത്തതു കൊണ്ടാണ് ഇങ്ങിനെ ഒരബദ്ധം അദ്ദേഹം എഴുന്നള്ളിച്ചിട്ടുള്ളത്. ഗ്രാൻറുവിതരണം നടത്തുന്നത് സംഘത്തിന്റെ കേന്ദ്രസമിതിയല്ല. താലൂക്ക് ഓർഗനൈസറന്മാർക്കോ കേന്ദ്രസമിതിയ്ക്കുതന്നെയോ ഗ്രാൻറു ശുപാശ ചെയ്യുവാനുമധികാരമില്ല. എങ്കിലും ഈ അധികാരങ്ങളിൽ ഒരുപങ്കു യൂണിയനു ലഭിക്കുന്നില്ലെന്നാണ് മി. പൈലി പരാതിപ്പെടുന്നത്. സംഘത്തിനില്ലാത്ത ഒരധികാരം യൂണിയന് കേന്ദ്രസമതി എങ്ങനെ നൽകും? ഗ്രൻറുവിതരണത്തെപ്പററി ശുപാശ ചെയ്യുന്നതും ഗ്രേഡുതിരിക്കുന്നതും ഗവമ്മെൻറു പ്രതിവഷം പ്രത്യേകം നിയമിക്കാറുള്ള ഓരോ അനുദ്യോഗസ്ഥക്കമ്മററിയാണ്. പ്രസ്തുതകമ്മററിയുടെ പ്രവത്തനങ്ങളിലോ നിയോഗത്തിലൊ സംഘത്തിനു യാതൊരു നിയന്ത്രണവുമില്ല. ഗ്രഡേഷൻ കമ്മററിയുടെ ശുപാശയനുസരിച്ച് ഗവമ്മെൻറു നേരിട്ടുതന്നെയാണ് ഗ്രാൻറ് വിതരണംനടത്തുന്നതു്. ഞങ്ങളുടെ അറിവു ശരിയാണെങ്കിൽ ഗവമ്മെൻറു നിയമിക്കാറുള്ള അനുദ്യോഗസ്ഥക്കമ്മററികൾ അനൌപചാരികമായിട്ടാണെങ്കിലും ഇപ്പോഴും യൂണിയനുകൾ ഉള്ളിടങ്ങളിൽ അവയുടെ ഉപദേശവും സഹകരണവുമാവശ്യപ്പെടുന്നുണ്ട്. എന്നാൽ യൂണിയന്റേയോ ഗ്രന്ഥശാലാസംഘത്തിന്റേയോ നിർദ്ദേശങ്ങളൊക്കെ ആ കമ്മററിയേക്കൊണ്ടു സ്വീകരിപ്പിക്കുവാൻ സാദ്ധ്യമല്ല.

ഓർഗനൈസറന്മാരെപ്പററി മി. പൈലി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ കൂടുതൽ വ്യക്തമാക്കുകയും അവതെളിയിക്കുവാൻ ആവശ്യമായ വിവരങ്ങൾ നൽകുകയുംചെയ്യുമെങ്കിൽ നിഷ്കൃഷ്ടമായ നടപടി

കളെട്ടക്കവാൻ സംഘം എപ്പോഴും തയാറായിരിക്കും. ഏതായാലും ഗ്രന്ഥശാലകളെപ്പററിയും അവയുടെ പ്രവൎത്തകന്മാരെപ്പററിയും നിരുത്തരവാദപരമായ ആരോപണങ്ങൾ അവ്യക്തമായും അടിസ്ഥാനരഹിതമായും പുറപ്പെട്ടവിച്ചുല്ല, താലൂക്കയൂണിയനകൾക്ക് അധികാരത്തിനവേണ്ടി വാദിക്കുന്നവർ "നിസ്വാൎത്ഥസേവനം" നടത്തേണ്ടതെന്നുകൂടി പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. മി. പൈലി ഗ്രന്ഥശാലകളേയും ആർഗനൈസറന്മാരേയുംപററി ചെയ്തിട്ടുള്ള വിമൎശനങ്ങൾ യൂണിയനകളുടേതേക്കും വേണമെങ്കിൽ പ്രയോഗിക്കാവുന്നവയാണെന്ന് അദ്ദേഹവും സമ്മതിക്കണം.]

(ഗ്രന്ഥാ: പത്രാധിപർ)

---


## വായനശാലകളുടെ പ്രത്യേകശ്രദ്ധയ്ക്കു്

1. കമ്മീഷൻ (യഥേഷ്ടം കൂട്ടതൽ) നൽകുന്നതിനവേണ്ടി പുസ്തകങ്ങളുടെ വില കൂട്ടുന്ന പതിവു് ഞങ്ങൾക്കില്ല.
2. ഏതു പുസ്തകവും (ഞങ്ങളുടെ പ്രസിദ്ധീകരണമല്ലാത്തവയായാലും) അവയുടെ പ്രസിദ്ധീകരണവിലയ്ക്കു തന്നെയാണ് ഞങ്ങൾ വില്ക്കുന്നതു്.
3. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്കു പുറമെ ഏതു പുസ്തകവും ഞങ്ങളുടെ പക്കൽ കിട്ടുന്നതാണു്.
4. ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഏതെങ്കിലും ബുക്കുഡിപ്പോവിൽനിന്ന കിട്ടുന്നില്ലെങ്കിൽ വിവരം ദയവായി ഞങ്ങളോട്ട അന്വേഷിക്കണമെന്നു് അപേക്ഷ.
5. കമ്മീഷൻ കുറവാണെന്നുള്ള കാരണത്താൽ ഞങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ പലതും അച്ചടിച്ചുതീൎന്നിരിക്കുന്നതായി പലരും ദുഷ്പ്രചരണം നടത്തിവരുന്നുണ്ടു്. ഈ ദുഷ്പ്രചരണങ്ങൾക്കു് ഗ്രന്ഥശാലാപ്രവൎത്തകരും സാഹിത്യപ്രേമികളും വിധേയരാകരുതെന്ന പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

TELE GRAMS 'BEEVEE' / PHONE 2550 } TRIVANDRUM

**B.V. ബുക്കു്ഡിപ്പോ & പ്രിൻറിംഗു് വക്ക്സ്**

മെയിൻറോഡു്, പുത്തൻചന്ത
P. B. No. 19.
തിരുവനന്തപുരം.

പടിഞ്ഞാറെ നടക്കാവു്,
തൃശ്ശിവപേരൂർ.

# സുഭാഷിതവീഥി

## 1

ലാംഗൂലചാലനമധശ്ചരണാവപാതം
ഭൂമൌ നിപത്യ വദനോദരദർശനഞ്ച
ശ്വാ പിണ്ഡദസ്യ കുരുതേ ഗജപുംഗവസ്തു
ധീരം വിലോകയതി ചാടുശതൈശ്ച ഭുങ്ക്തേ.

(ഭർത്തൃഹരി)

### അന്വയം

ശ്വാ പിണ്ഡദസ്യ ലാംഗൂലചാലനം അധഃ
ചരണാവപാതം ഭൂമൌ നിപത്യ വദനോദരദർശനം
ച കുരുതേ. ഗജപുംഗവഃ തു ധീരം വിലോകയതി
ചാടുശതൈഃ ഭുങ്ക്തേ ച.

### സാരം

നായ് ഉരുളച്ചോറുകൊടുക്കുന്നവന്റെ മുമ്പിൽ വാലാട്ടുകയും കാലുകൾ മടക്കുകയും നിലത്തു കമിഴ്ന്നുകിടന്നുകൊണ്ടു മുഖവും വയറും മാറി മാറി നോക്കുകയും ചെയ്യുന്നു. ആനത്തലവനാകട്ടെ ധീരമായി നോക്കുന്നു. നല്ല വാക്കുകൾ ധാരാളം കേട്ടുകൊണ്ടു ഭക്ഷിക്കുകയും ചെയ്യുന്നു. (മാനമില്ലാത്തവരുടെ ചാപല്യങ്ങളും അഭിമാനികളുടെ അന്തസ്സും ഇവിടെ സൂചിപ്പിച്ചിരിക്കുന്നു.)

പുസ്തകസ്ഥാപിതാ വിദ്യാ
പരഹസ്തഗതം ധനം
ദേശാന്തരഗതഃ പുത്രോ
നാമമാത്രമുപാചരേൽ.

(നീതിസാരം)

### സാരം

പുസ്തകത്തിൽ സ്ഥിതിചെയ്യുന്ന (ഹൃദയത്തിലേക്കു പകർത്താത്ത) വിദ്യയും മറ്റൊരാളുടെ കൈവശത്തായിപ്പോയ ധനവും മറുനാട്ടിലേക്കുപോയ മകനും ഉണ്ടെന്നു പറയാൻമാത്രം കൊള്ളാം.

ചാതകസ്ത്രിചതുരാൻ പയഃകണാൻ
യാചതേ ജലധരം പിപാസയാ
സോപി പൂരയതി വിശ്വമംഭസാ
ഹന്ത! ഹന്ത! മഹതാമുദാരതാ.

അന്വയം

ചാതകഃ പിപാസയാ ത്രിചതുരാൻ പയഃകണാൻ
ജലധരം യാചതേ. സഃ അപി വിശ്വം അംഭസാ
പൂരയതി. മഹതാം ഉദാരതാ ഹന്ത! ഹന്ത!

സാരം

വേഴാമ്പൽ ദാഹംനിമിത്തം മൂന്ന നാല്യ വെള്ളത്തുള്ളികളെ മേഘത്തോട്ട യാചിക്കുന്നു. ആ മേഘമാകട്ടെ ലോകത്തെ വെള്ളംകൊണ്ടു നിറയ്ക്കുന്നു. (ധാരാളം ജലം വർഷിക്കുന്നു) മഹത്തുക്കളുടെ ഔദാര്യം ആശ്ചര്യകരംതന്നെ!

രാത്രിർഗ്ഗമിഷ്യതി ഭവിഷ്യതി സുപ്രഭാതം
ഭാസ്വാനുദേഷ്യതി ഹസിഷ്യതി പങ്കജശ്രീഃ
ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ
ഹാ! ഹന്ത ഹന്ത! നളിനീം ഗജ ഉജ്ജഹാര.

അന്വയം

രാത്രിഃ ഗമിഷ്യതി; സുപ്രഭാതം ഭവിഷ്യതി; ഭാസ്വാൻ
ഉദേഷ്യതി; പങ്കജശ്രീഃ ഹസിഷ്യതി; ഇത്ഥം കോശ–
ഗതേ ദ്വിരേഫേ വിചിന്തയതി ഹാ! ഹന്ത ഹന്ത!
ഗജഃ നളിനീം ഉജ്ജഹാര.

സാരം

രാത്രി വേഗംപോകും, പ്രഭാതം വരികയും ചെയ്യും, സൂര്യൻ ഉദിക്കും' ഈ താമരപ്പൂ വിടരുകയും ചെയ്യും. ഇപ്രകാരം, മൊട്ടിനകത്തായിപ്പോയ വണ്ടു വിചാരിച്ചുകൊണ്ടിരിക്കെ, കഷ്ടം കഷ്ടം! ആന വന്നു സരോജിനിയെ തകർത്തുകളഞ്ഞു.

(ഇതിന്റെ ഒരു മലയാളതർജ്ജമ)

രാവാശുപോം, വരുമുഷസ്സുധ, ഭാസ്കരൻതാ–
നാവിർബ്ഭവിക്കു, മുടനേ വിടരും സരോജം
ഏവംനിനച്ചു മധുപം മുകുളത്തിൽവാഴ്കെ
ഹാ! വമ്പനാം കരി സരോജിനിയെത്തകർത്തു.

# കലാസമിതികൾ

## സേതുമാധവൻ—തൃപ്പൂണിത്തുറ

നമ്മുടെ കലാകാരന്മാർക്കു ഇന്നു ബുദ്ധിമുട്ടുകൾ പലതിനേയും പണിപ്പെട്ടു തരണംചെയ്യേണ്ടിയിരിക്കുന്നു. അവർ നാടിൻെറ സാംസ്കാരികോന്നമനത്തിന്നു എന്നത്തേക്കാളുമേറെ സ്ഥായിയായി പ്രവർത്തിക്കേണ്ട സമയമാണിപ്പോൾ. നമ്മുടെ നാട്ട് വലിയൊരു സാംസ്കാരികാധഃപതനത്തെ ഇന്നഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്. ഈ പരീക്ഷണഘട്ടത്തിൽ ബോധപൂർവ്വം ഉണർന്ന ഇന്നാട്ടിലെ കലാകാരന്മാർ സംഘടിക്കേണ്ടിയിരിക്കുന്നു.

അപ്രകാരമുള്ള സംഘടനകൾ—ഇവയെയാണു കലാസമിതികൾ എന്നു ഈ ലേഖകൻ വിവരിക്കുന്നതു്—വേണ്ടതു ബഹുജനാടിസ്ഥാനത്തിലായിരിക്കണം പടുത്തുയർത്തേണ്ടതു്. ഈ കലാസമിതികളിൽ എഴുത്തുകാരനും പത്രപ്രവർത്തകനും ചിത്രകാരനും ഗായകനും നടനും മാത്രമല്ല, കലാബോധമുള്ള എല്ലാ നല്ലമനുഷ്യരും ഉണ്ടായിരിക്കേണ്ടതാണ്.

പക്ഷെ, കലാസമിതികളിൽ അംഗങ്ങളെ ചേർക്കുമ്പോൾ വളരെ മനസ്സിരുത്തേണ്ടതുണ്ട്. ജനകീയാശയങ്ങൾ ഉൾക്കൊള്ളാത്ത ഏതൊരാളേയും ഇവയിൽ അംഗങ്ങളാക്കരുതു്. വരിസംഖ്യ പിരിച്ചും സംഭാവനകൾ സ്വീകരിച്ചും കലാപ്രകടനങ്ങൾ നടത്തിയും കലാസമിതികളുടെ സാമ്പതികസ്ഥിതി നന്നാക്കുവാൻ കഴിയും. കൂടാതെ സാഹിത്യകാരന്മാർ ഒന്നുകിൽ തങ്ങളുടെ ബുക്കുകൾ കലാസമിതികൾ വഴി പ്രസിദ്ധപ്പെടുത്തുകയോ അഥവാ വലിയ ബുക്കുസ്റ്റാളുകളിൽനിന്നും പുരോഗമനപരങ്ങളായ പുസ്തകങ്ങൾ വിശ്വസ്തതയിൽ നാട്ടിൻപുറങ്ങളിൽ കലാസമിതികൾവഴി വിററഴിക്കുവാൻ പരിശ്രമിക്കുകയോ ചെയ്യണം. മാത്രമല്ല പുസ്തകവിതരണക്കാർ കലാസമിതികൾക്കു സാധാരണ വില്പനനിരക്കിൽ കുറച്ചു കൊടുക്കുകയും വേണം. എന്നാലേ അവക്കു വളർച്ച പ്രാപിക്കാൻ കഴിയൂ.

മറെറാരു സംഗതി വല്ലപ്പോഴുമൊക്കെ, പ്രത്യേകിച്ചു പ്രാദേശികാഘോഷങ്ങളോടനുബന്ധിച്ചു് നാടകങ്ങൾ അഭിനയിക്കുകഎന്നതാണു്. അതിൽനിന്നു നല്ലൊരു വരുമാനം എന്തുകൊണ്ടും പ്രതീക്ഷിക്കാം. പ്രത്യേകിച്ചു ഗ്രാമപ്രദേശങ്ങളിലെ സഹകരണമുള്ള ജനത ഒരിക്കലും നമ്മുടെ അഭിലാഷങ്ങൾക്കു എതിരായിരിക്കുകയില്ല. പക്ഷേ ഒരു സംഗതി വേദനാജനകമാണു്. അതായതു്, ഇന്നു പല കലാസമിതിക്കാരും ഉദയംചെയ്യുന്നതു വലിയൊരു നാടകനോട്ടീസ്സോടുകൂടിയാണു്. എന്നാൽ പ്രസ്തുത നാടകാഭിനയത്തോടെ ആ കലാസമിതയംഗങ്ങൾ ഋണബാധിതരായി പൊളിഞ്ഞുപോകുന്നു. അതിന്നു കാരണം ബഹുജനാടിസ്ഥാനമില്ലാത്ത സ്ഥാപനമായതിലാണു്. ആ നാടകനോട്ടീസിൽനിന്നു മാത്രമേ നാട്ടുകാർ ഒരു കലാസമിതി ഉയന്നെഴുന്നേൽക്കുവാൻ പോകുന്നതായോ അല്ലെങ്കിൽ ഉയന്നെഴുന്നേററാതായോ അറിയുന്നുള്ളു. അതൊട്ടുനേരെയാകുന്നുമില്ല.

പിന്നെയൊന്നുണ്ടു്. സൌകര്യമുള്ളപ്പോൾ മാസത്തിൽ രണ്ടു തവണയോ ആഴ്ചയിൽ ഒരു പ്രാവശ്യമോ കലാകാര

# സ്കോട്ട്ലണ്ടിലെ ലൈബ്രറിവിദ്യാഭ്യാസം

എം. ജി. പുരുഷോത്തമൻ നമ്പ്യാതിരി

ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും ഒരു ഭരണത്തിൻകീഴിലാണെങ്കിലും തങ്ങൾ ഒരു പ്രത്യേകജനതയായി കരുതപ്പെടണമെന്നാണ് സ്കോട്ട്ലണ്ടുകാരുടെ ആഗ്രഹം. ആ നാട്ടിലെ പൊതുജനവായനശാലകൾക്ക് (Public libraries) നിയമസാധുത്വം നൽകുന്ന പാർലമെൻറു ആക്ററുകൾ പ്രത്യേകം നിർമ്മിതങ്ങളാണ്. എന്നാൽ ലൈബ്രറിവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇരുരാജ്യങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഇരുപതു വർഷങ്ങൾക്കുമുമ്പ് സ്കോട്ട്ലണ്ടിന് പ്രത്യേകമായി ഒരു ഗ്രന്ഥശാലാസംഘം ഉണ്ടായിരുന്നു. എന്നാൽ ഇന്നതു് ഇംഗ്ലണ്ടിലെ സംഘടനയുടെ വെറുമൊരുശാഖ മാത്രമാണ്.

ഇംഗ്ലണ്ടിലെ ഗ്രന്ഥശാലാസംഘത്തിന് ഒരു പ്രത്യേക ചുമതലയുണ്ട്. മററു രാജ്യങ്ങളിൽ ലൈബ്രറിയന്മാർക്കുള്ള പരീക്ഷനടത്തുക, അവർക്കു ഡിപ്ലോമകളും സർട്ടിഫിക്കററുകളും നൽകുക എന്നിവയെല്ലാം സർവ്വകലാശാലകളാണ് നടത്തുക. ഇംഗ്ലണ്ടിൽ അതു് ഗ്രന്ഥശാലാസംഘടനയുടെ ചുമതലയത്രേ. ലൈബ്രറിയൻഷിപ്പിന് അംഗീകൃതമായിട്ടുള്ള ഇംഗ്ലണ്ടിലെ ഡിഗ്രി ഗ്രന്ഥശാലാസംഘത്തിൻെറ ഫെല്ലോഷിപ്പാണ്. സ്കോട്ട്ലണ്ടിലും രീതി ഇതുതന്നെ.

ലൈബ്രറിയന്മാർക്കുള്ള പരിശീലനത്തിൽ പ്രധാനമായി മൂന്നു ഘട്ടങ്ങളാണുള്ളതു്. ആദ്യമായി പ്രവേശനപരീക്ഷയാണ്. സർവ്വകലാശാലാവിദ്യാഭ്യാസത്തിനു യോഗ്യതയുള്ളവരും 18-നും 21-നും മദ്ധ്യേ പ്രയമുള്ളവരുമായ യുവാക്കന്മാർക്കു ഈ പരീക്ഷയിൽ ചേരാവുന്നതാണ്. എന്നാൽ ഏതെങ്കിലും അംഗീകൃത ലൈബ്രറികളിൽ അവർ ഒരു വർഷമെങ്കിലും പരിശീലനം നടത്തിയിരിക്കണമെന്നു നിർബ്ബന്ധമുണ്ട്. വിദ്യാർത്ഥികളുടെ കഴിവ് നിർണ്ണയിക്കാനുള്ള ഒരു പരീക്ഷ

---

ന്മാർ ഒത്തൊരുമിക്കണം. അപ്രകാരമുള്ള സമ്മേളനങ്ങൾ എന്തെന്നില്ലാത്ത നവോന്മേഷം സമിതിയംഗങ്ങളിൽ ജനിപ്പിക്കാതിരിക്കയില്ല.

ഇങ്ങിനെ നവംനവങ്ങളായ ആശയങ്ങളോടും പരിപാടികളോടുംകൂടി കലാബോധമുള്ള കേരളത്തിലെ ബഹുജനങ്ങൾ കലാസമിതികൾ സ്ഥാപിച്ചു നാടിൻെറ നാനാഭാഗത്തുള്ളവരുമായി സാംസ്കാരിക ബന്ധം പുലർത്തണം. അങ്ങിനെ നമ്മുടെ കലാബോധം, നാം പ്രതീക്ഷകളോടേ കാത്തിരിക്കുന്ന കലാകേരളം-സാംസ്കാരികകേരളം-ഉടലെടുക്കുന്നതിനു സാരമായി സഹായിക്കും. നമ്മുടെ ഏതു സദുദ്ദേശങ്ങൾക്കും എതിരുണ്ടാകുമെന്ന കാര്യം മറക്കാതെ വീറോടേ പ്രവർത്തിക്കയും വേണം. ഇന്നല്ലെങ്കിൽ നാളെ നമ്മുടെ ആശ സഫലീകരിക്കാതിരിക്കയില്ല.

മാത്രമാണിതു്. യൂണിവേഴ്സിററി ഡിഗ്രിയുള്ളവരെ ഈ പരീക്ഷയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ടു്.

അടുത്തതായി രജിസ്ട്രേഷൻപരീക്ഷയാണു്. ഗ്രന്ഥങ്ങളുടെ ക്ലാസിഫിക്കേഷൻ, ക്യാററ്ലോഗിംങ്ങ്, റഫറൻസ് ജോലികൾ, ലൈബ്രറിഭരണം, സാഹിത്യചരിത്രം മുതലായവയെല്ലാം ഈ പരീക്ഷയുടെ പാഠപദ്ധതിയിൽ ഉൾപ്പെടുന്നു. ഒരു വർഷത്തെ പരിശീലനമാണിതിനു നിശ്ചയിച്ചിട്ടുള്ളതു്. പക്ഷേ പാഠ്യവിഷയങ്ങളുടെ കാഠിന്യത്താൽ നൂറിനു തൊണ്ണൂറും ഒരു വർഷംകൊണ്ടു് ഈ പരീക്ഷയിൽ സമ്പൂർണ്ണമായി വിജയിക്കാറില്ല. ഈ പരീക്ഷ ജയിച്ചു് മൂന്നുവർഷം ലൈബ്രറികളിൽ പരിശീലനം ലഭിച്ചാൽ അവർ ചാർട്ടേഡ് ലൈബ്രറിയന്മാർ എന്ന പേരിൽ അറിയപ്പെടുന്നു. ലൈബ്രറികളിലെ ചുമതലയുള്ള ഏതൊരുദ്യോഗത്തിനും ഈ പറഞ്ഞ യോഗ്യത ആവശ്യമാണു്.

അടുത്തതായി ഫൈനൽപരീക്ഷയാണു്. ലൈബ്രറിയന്റെ യോഗ്യതയേയും കഴിവിനേയും അളക്കുവാൻവേണ്ടി ഉന്നതമായ മാനദണ്ഡംവച്ചുകൊണ്ടുള്ള ഒരു പരീക്ഷയാണിതു്. ഇതിനുവേണ്ടി ക്ലാസ്സുകൾ നടത്തുന്ന രണ്ടു സ്കൂളുകൾ സ്കോട്ടലണ്ടിൽ നിലവിലുണ്ടു്. ഗ്രന്ഥശാലകളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരെല്ലാം ഈ പരീക്ഷ ജയിച്ചു് ഫെല്ലോഷിപ്പ് സമ്പാദിച്ചിട്ടുള്ളവരാണു്.

പരീക്ഷകൾ നടത്തുന്നതല്ലാതെ പഠിപ്പിക്കുന്ന ജോലി ഗ്രന്ഥശാലാസംഘടനയ്ക്കില്ല. അതിനു പ്രത്യേകം ഏജൻസികളുണ്ടു്. സാങ്കേതികകോളേജുകളോടു ചേർന്നു പല സ്ഥലത്തും ലൈബ്രറിസ്കൂളുകൾ പ്രവർത്തിച്ചുപോരുന്നു. കറസ്പോണ്ടൻസ് സ്കൂളുകളും തദ്ദേശീയവിദ്യാഭ്യാസവകുപ്പിൽനിന്നു നടത്തുന്ന സ്കൂളുകളുമാണു് മററു് ഏജൻസികൾ. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം സ്കോട്ട്ലണ്ടിൽ ഒൻപതു ഫുൾടൈം ലൈബ്രറിസ്കൂളുകൾ തുടങ്ങിയിട്ടുണ്ടു്. സ്കോട്ടിഷ് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽനിന്നും ഗ്ലാസ്ഗോനഗരത്തിൽ നടത്തുന്ന പ്രധാനപ്പെട്ട ഒരു ലൈബ്രറിസ്കൂളുണ്ടു്. ആണ്ടിൽ ശരാശരി 24 വിദ്യാർത്ഥികൾവീതം അവിടെ പഠിച്ചുവരുന്നു. വിവിധലൈബ്രറികളിൽനിന്നും വിദ്യാഭ്യാസാർത്ഥം ധനസഹായം നൽകി അയയ്ക്കപ്പെടുന്നവരാണു് ഇതിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും. ബാക്കിയുള്ളവർ സർവ്വകലാശാലാബിരുദം സമ്പാദിച്ച ചെറുപ്പക്കാരാണു്. പരീക്ഷകളിൽ ഈ രണ്ടു വിഭാഗക്കാരും തമ്മിൽ വലിയ അന്തരം കാണാനില്ല.

ലൈബ്രറിവിദ്യാഭ്യാസത്തിനുള്ള ചുമതല സർവ്വകലാശാലക്കാർ ഏറെറടുക്കാത്തതിനു കാരണമെന്തെന്നു പലരും ചോദിക്കാറുണ്ടു്. പരീക്ഷ നടത്താനുള്ള അവകാശം കലാശാലകൾക്കു വിട്ടുകൊടുക്കാൻ ഗ്രന്ഥശാലാസംഘടന തയ്യാറില്ലെന്നതാണു് ഒരു സുപ്രധാനകാരണം. ഗ്രേറ്റ് ബ്രിട്ടനിൽ ആകെക്കൂടിയുള്ള ലൈബ്രറിയന്മാർക്കു് ഒരുന്നതമായ സ്റ്റാൻഡാർഡുണ്ടായിരിക്കണമെന്ന ഉദ്ദേശമാണു് ഗ്രന്ഥശാലാസംഘടനയെ ഇതിനു പ്രേരിപ്പിക്കുന്നതു്. എന്നിരുന്നാലും സർവ്വകലാശാലകളുമായി സഹകരിച്ചു് ഈ കോഴ്സുകൾ കൂടുതൽ പ്രയോജനപ്രദമാക്കാനുള്ള സാദ്ധ്യതകൾ വിദൂരത്തിലല്ലെന്നു മാത്രം ഇപ്പോൾ പറയാൻകഴിയും.

(ഇന്ത്യൻ ലൈബ്രറി അസോസ്സ്യേഷൻ ജേർണൽ Vol II ലക്കം 7 ൽ William B. Pater എഴുതിയ ലേഖനത്തിന്റെ സംഗ്രഹം)

# ചിന്താലോകത്തിൽ

സ്വന്തദോഷം ചിരപരിചയത്താൽ അറിവിൽപ്പെടാതെ പോകുന്നതുകൊണ്ടാണ് പരദോഷത്തെപ്പററി ഘോഷിക്കാൻ ഇടയാകുന്നതു്.

— സ്വാമി വിവേകാനന്ദൻ

ആത്മസംയമനം ചെയ്‌വാൻ ശക്തിയില്ലാത്ത ഒരുവൻ കോട്ടകളില്ലാത്തതും ഇടിഞ്ഞതുമായ ഒരു നഗരംപോലെയാകുന്നു.

— സോളമൺ

നമ്മുടെ കക്ഷിയിൽ ചേരാത്തവരോട് നാം യാതൊരക്രമവും പ്രവൎത്തിക്കരുതു്.

— മഹാത്മാഗാന്ധി

ശ്രേഷ്ഠവിചാരങ്ങളോടുകൂടിയവൻ ഒരിക്കലും ഏകാകിയല്ല.

— സർ ഫിലിഫ്സിഡ്നി

ഈ ലോകത്തിലുള്ളതെല്ലാം ദുഃഖകരമാണ്. സൎവ്വനിയന്താവിന്റെ തിരുനാമം ഒന്നുമാത്രമേ സുഖകരമായുള്ളു.

— ഗുരുനാനാക്ക്

ആപത്തിന്റെ പരകോടിയെ പ്രാപിച്ചു എന്നു ഒരു സമയത്തും ഒരാളും വിചാരിച്ചുകൂടാ.

— ഷേക്സ്പീയർ

മത്സരംകൂടാതെ ജീവിക്കാവുന്നതല്ല. ജീവിതംതന്നെ ഒരു മത്സരമാകുന്നു. എന്നാൽ സത്യത്തിനും ധർമ്മത്തിനും വേണ്ടി സ്വാൎത്ഥത്തോടു മത്സരിക്കണം.

— ശ്രീ രാമകൃഷ്ണപരമഹംസൻ

മഹാന്മാർ നമ്മുടെ കണ്ണുകളിൽനിന്നു് അഹങ്കാരതിമിരത്തെ മാററുന്നതിനുള്ള മഷിക്കൂട്ടാകുന്നു.

— എമേഴ്സൻ

ക്ഷമയാണ് ഏററവും വലിയ ഈശ്വരപ്രാൎത്ഥന.

— ശ്രീബുദ്ധൻ

ജനനംമുതൽ മരണംവരെ ഏതൊരുവൻ വിദ്യാൎത്ഥിയായിരിക്കുന്നുവോ അവൻ തനിക്കും ലോകത്തിനും ഒരു കല്പവൃക്ഷംപോലെയിരിക്കും.

— സ്പെൻസർ

പൂൎണ്ണമായ ആത്മാൎപ്പണത്തോടുകൂടി ആരു് ഹൃദയത്തെ ഈശ്വരാഭിമുഖമാക്കുന്നുവോ അവനാണു ശാശ്വതാനന്ദത്തിൽ തങ്ങിനില്ക്കുന്നവൻ.

— മഹമ്മദ്നബി

ഏതു രാജ്യക്കാരുടേയും മുഖ്യമായ രക്ഷ വിദ്യാഭ്യാസമാകുന്നു.

— ബക്ക്

ഒരു വിചാരം മൂന്നു പ്രാവശ്യം പരിശോധിച്ചശേഷമേ വെളിയിൽ പ്രകാശിപ്പിക്കാവു.

— കാർലൈൽ

വാക്കുകൾ ഭൂമിയുടെ പുത്രിമാരാണ്. പ്രവൃത്തികൾ സ്വൎഗ്ഗത്തിന്റെ പുത്രിമാരും.

— ഡാക്ടർ ജോൺസൻ

# റഫറൻസ് സർവ്വീസ്

കെ. എം. ഗോപി ബി. എ.

ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ പ്രവർത്തനപരിധി വിസ്തൃതമാവുമ്പോൾ അവയ്ക്കു വിവിധ ശാഖകളുണ്ടാവുന്നതു സ്വാഭാവികമാണല്ലോ. ഗ്രന്ഥാലയങ്ങളുടെ കാര്യത്തിലും ഇതൊരു പരമാർത്ഥമാണു്. ആധുനികഗ്രന്ഥാലയങ്ങളിൽ പ്രത്യേകം പ്രത്യേകം ജോലികൾ ചെയ്യുവാൻ വിവിധവകുപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. പുസ്തകങ്ങൾ വാങ്ങുവാനും കൊടുക്കുവാനും ഒരു വകുപ്പു്, (Issue Section) കേടുവന്നവയെ ബൈണ്ടു് ചെയ്യാൻ വേറൊരു വകുപ്പു്, ഗ്രന്ഥങ്ങൾ തെരഞ്ഞെടുക്കുവാൻ ഒരു വകുപ്പു്, ഭരണവകുപ്പു് (Administration Section) റഫറൻസ് വിഭാഗം; ഇങ്ങിനെ പോകുന്നു ആ ലിസ്റ്റ്. ഇവയിൽ ഒടുവിൽപറഞ്ഞ വിഭാഗം താരതമ്യേന ഏററവും പുതുതായി ഏർപ്പെടുത്തിയതാണു്. എന്താണീ വകുപ്പിന്റെ ആവശ്യം? ഈ വകുപ്പു് ഏർപ്പെടുത്തുവാനുള്ള കാരണങ്ങളെന്തെല്ലാമാണു്? ഇതിലെല്ലാം ഉപരിയായി റഫറൻസ്സർവ്വീസ് എന്നു പറഞ്ഞാൽത്തന്നെ എന്താണു്?

ആദ്യമായി റഫറൻസ് സേവനത്തിനു ഒരു നിർവ്വചനം കണ്ടുപിടിക്കാൻ നോക്കാം. വായനക്കാരനും ഗ്രന്ഥവും തമ്മിൽ ഉററബന്ധം സ്ഥാപിക്കുന്ന പ്രവർത്തനരീതിയ്ക്കാണു് റഫറൻസ്സേവനം എന്നു പറയുന്നതു്. പുസ്തകം, ലൈബ്രേറിയൻ, വായനക്കാരൻ എന്നീ മൂന്നു ഘടകങ്ങളാണു് മേൽപറഞ്ഞ നിർവ്വചനത്തിൽ കാണുന്നതു്. ഗ്രന്ഥം അതിന്റേതായ വായനക്കാരനെ ആർത്തിയോടെ പ്രതീക്ഷിക്കുന്നു, (?) വായനക്കാരൻ ഗ്രന്ഥം തിരയുന്നു; ഇവ രണ്ടിനെയുംകൂട്ടിച്ചേർത്തു് ഗ്രന്ഥാലയത്തിന്റെ ശരിയായ കർമ്മം നിർവ്വഹിക്കുന്നതു റഫറൻസ്‌വകുപ്പും അതിലെ പ്രവർത്തകരുമാണു്.

ഗ്രന്ഥാലയങ്ങളിലെ റഫറൻസ് വിഭാഗം ഉടലെടുത്തതും പുഷ്ടിപ്പെട്ടുവന്നതും താരതമ്യേന അടുത്ത കാലത്താണു്. ആദ്യകാലങ്ങളിലെ ഗ്രന്ഥാലയങ്ങൾ വെറും ഗ്രന്ഥങ്ങൾ സംഭരിച്ചുവെച്ചിരുന്ന സ്ഥലങ്ങളായിരുന്നു. ഒരുതരം കാഴ്ചബംഗ്ലാവുകൾ; അത്തരം ഗ്രന്ഥാലയങ്ങളിൽ വായനക്കാർ ഉണ്ടായിരുന്നില്ല. ഗ്രന്ഥങ്ങൾ ശേഖരിച്ചുവെയ്ക്കുന്നതു അന്നത്തെ ഭരണാധികാരികളും സമുദായപ്രമാണികളും തങ്ങളുടെ കർത്തവ്യമായി കരുതിയിരുന്നു. പക്ഷേ അവരാരുംതന്നെ "ഗ്രന്ഥങ്ങൾ ഉപയോഗത്തി"നാണെന്നുള്ള ശ്രീ രംഗനാഥന്റെ പ്രഥമസൂത്രം മനസ്സിലാക്കിയിരുന്നില്ല. (Books are for use. Five laws & Library Science) തൽക്കാരണമായി റഫറൻസ്‌വകുപ്പിന്റെ ആവശ്യമേ അത്തരം ഗ്രന്ഥശാലകൾക്കുണ്ടായില്ല. അക്കാലങ്ങളിൽ ഗ്രന്ഥാലയ ഭാരവാഹികൾ തങ്ങളുടെ ഗ്രന്ഥശാലകൾ സ്വയം ഉപയോഗിച്ചില്ലെന്നു മാത്രമല്ല, അന്യരെ ഉപയോഗിക്കുവാൻ അനുവദിച്ചതുമില്ല.

കാലക്രമേണ ഈ കാഴ്ചബംങ്ക്ലാവു് പാരമ്പര്യം അല്പാല്പമായി തകർന്നുവന്നു. പുസ്തകങ്ങൾ സംഭരിച്ചുവെച്ച സ്ഥലങ്ങൾ ക്രമേണ പൊതുസ്ഥാപനങ്ങളായി. ഗ്രന്ഥശേഖരണം മാത്രമല്ല, ശേഖരിച്ച ഗ്രന്ഥങ്ങളെ ജനങ്ങൾക്കു ഉപയുക്തമാക്കിക്കൊടു

ക്കുകകൂടി ഈ ഗ്രന്ഥാലയങ്ങളുടെ കത്തവ്യമായിത്തീൎന്നു. ഏതെങ്കിലും ഒരു വായനക്കാരൻ ഒരു പുസ്തകത്തിന്നു ആവശ്യപ്പെട്ടാൽ ആ പുസ്തകം കൊടുക്കേണ്ടതു തങ്ങളുടെ ചുമതലയാണെന്നു ഗ്രന്ഥശാലാപ്രവത്തകർക്കു ബോദ്ധ്യം വന്നതോടുകൂടിയാണു് ലൈബ്രറികളിൽ റഫറൻസ് വിഭാഗം ആരംഭിച്ചതു്.

ഇനി റഫറൻസ് വിഭാഗത്തിന്റെ ആവശ്യത്തെപ്പററി നമുക്കു ചിന്തിയ്ക്കാം. ആധുനികഗ്രന്ഥാലയങ്ങളിലെ സ്ലാക്ക് റൂമിൽ (Stock Rooms) എല്ലാവായനക്കാർക്കും പ്രവേശനമനുവദിച്ചതാണു് ഏററവും വിപ്ലവകരമായ പരിഷ്കാരം. ആവശ്യമുള്ള പുസ്തകം തെരഞ്ഞു കണ്ടുപിടിക്കുന്നതു പലർക്കും കുറച്ചു വിഷമമുള്ള ജോലിയാണു്; പ്രത്യേകിച്ചു ഗ്രന്ഥാലയങ്ങളിൽ ആദ്യമായി വരുന്നവൎക്കു്. അത്തരം വായനക്കാരെ ലൈബ്രറിയിലെ അന്തരീക്ഷത്തോടുകൂട്ടി യിണക്കുന്നതു റഫറൻസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരാണു്. അവരുടെ പെരുമാററത്തിന്നനുസരിച്ചായിരിയ്ക്കും ഗ്രന്ഥശാലയുടെ പുരോഗമനം. കൂടുതൽ വായനക്കാരെ ആകൎഷിക്കുന്നതും റഫറൻസ് വിഭാഗത്തിൻെറ പ്രവർത്തനസാമൎത്ഥ്യംകൊണ്ടാണു്. ചുരുക്കിപ്പറയുകയാണെങ്കിൽ അവരാണു് ഗ്രന്ഥാലയത്തിൻെറ ജീവനാഡി.

ഗ്രന്ഥങ്ങളെ വിഷയസ്വഭാവമനുസരിച്ചു തരംതിരിച്ചുവെയ്ക്കുന്ന സമ്പ്രദായമാണു് വേറൊരു കാൎയ്യമായ പരിഷ്കാരം. രംഗനാഥൻെറ "കോളൻസ്കീം" വെൽവിഡ്യുയിയുടെ "ഡെസിമൽ"സ്കീം (Colon and Decimial Scheemes) തുടങ്ങിയവയാണു് ഇന്നത്തെ ഗ്രന്ഥാലയങ്ങളിൽ സ്വീകരിച്ചുവരുന്ന ക്ലാസിഫിക്കേഷൻസമ്പ്രദായങ്ങൾ. ഈമാതിരിയുള്ള സമ്പ്രദായങ്ങളുടെ സാങ്കേതിക വശങ്ങളെ വായനക്കാൎക്കു മനസ്സിലാവുന്ന തരത്തിലുള്ള ഭാഷയിൽ പറഞ്ഞുകൊടുക്കുന്നതും റഫറൻസ് വിഭാഗത്തിലെ പ്രവത്തകരാണു്. ഈ കത്തവ്യബോധത്തിന്റെ ഫലമായാണു് റഫറൻസ് വിഭാഗങ്ങൾ പുഷ്ടിപ്പെട്ടു വന്നതു്.

ഈ വിഭാഗം രൂപപ്പെട്ടതിന്നുള്ള മറെറാരു കാരണം കാററ്ലോഗ് രീതിയിൽ മാററം വരുത്തിയതാണു്. പുസ്തകരൂപത്തിലുള്ള കാററ്ലോഗുകൾ കാർഡുകാററ്ലോഗുകൾക്കു സ്ഥലംകൊടുത്തു. അതോടുകൂടി ഒരുഗ്രന്ഥത്തിന്നു ഒരുവിവരണം എന്നുള്ളതു പോയി ഒരു ഗ്രന്ഥത്തിന്നു നാലും അഞ്ചും വിവരണം എന്ന നിലയായി. ഇത്തരം വിവരണങ്ങൾ പുതിയ വായനക്കാരെ ലൈബ്രറിയൽനിന്നും അകററിക്കളയുന്നതു തടയുവാൻ റഫറൻസ് വകുപ്പു് വളരെ സഹായകരമാണു്. AnalyticalEntries മുതലായ വിവരണങ്ങളെ പുതിയ വായനക്കാൎക്കു മനസ്സിലാക്കിക്കൊടുത്തു് അവരെ ലൈബ്രറിയുടെ സുഹൃത്തുക്കളാക്കുകയാണു് യഥാൎത്ഥത്തിൽ റഫറൻസ് വകുപ്പു് ചെയ്യുന്നതു്.

ലൈബ്രറിയിൽ പുതുതായിവരുന്ന വായനക്കാർക്കു റഫറൻസ് ലൈബ്രേറിയൻ എത്രത്തോളം ഉപയോഗകാരിയാണെന്നു നമുക്കു പൎയ്യാലോചിക്കാം. മദിരാശി സർവ്വകലാശാലാഗ്രന്ഥാലയം പോലെയുള്ള ആധുനികലൈബ്രറികളിൽ ആദ്യമായി കാൽകുത്തുന്ന വായനക്കാരൻ ഒന്നു പരുങ്ങുകതന്നെ ചെയ്യും. അത്തരം ഗ്രന്ഥാലയങ്ങളിൽ പ്രവേശിക്കുവാൻ തന്നെ ചിലൎക്കു മടിയുണ്ടാവും. പ്രവേശിച്ചാൽ ആദ്യംചെയ്യേണ്ടതു് എന്താണെന്നുള്ളതും ചിലൎക്കു ഒരു പ്രശ്നമായിരിക്കും. അത്തരത്തിലുള്ള വായനക്കാരെ ആഹ്ളാദത്തോടെ സ്വീകരിച്ചു് ലൈബ്രറിയുടെ പ്രവത്തനത്തെപ്പററി ഒരു സംക്ഷിപ്ത

വിവരണം നൽകുകയാണു് റഫറൻസ് ലൈബ്രേറിയൻ ആദ്യമായി ചെയ്യുന്നതു്. വായനക്കാരനെ ആദ്യമായി സ്റ്റാക്കു് റൂമിലാണു് കൊണ്ടുപോവുന്നതു്. അവിടെ പുസ്തകങ്ങൾ അടുക്കിവെച്ചിരിക്കുന്ന സമ്പ്രദായമാണു് വായനക്കാരനെ ആദ്യമായി ആകർഷിക്കുന്നതു്. ഗ്രന്ഥങ്ങൾ തരംതിരിച്ചുവെച്ചിരിക്കുന്നതു് ഏതു സ്കീം പ്രകാരമാണെന്നു അതിഥിയെ പറഞ്ഞു ധരിപ്പിക്കുന്നു. ഈ സമയത്തിനുള്ളിൽ റഫറൻസ് ലൈബ്രേറിയനും പുത്തൻ വിരുന്നുകാരനും തമ്മിൽ സ്വതന്ത്രമായ സംസാരം തുടങ്ങിയിട്ടുണ്ടാവും. കാററ്ലോഗ്‌രീതി പരിചയപ്പെടുത്തുകയായിരിക്കും ലൈബ്രേറിയൻ പിന്നീടു് ചെയ്യുക. കാബിനററുകൾക്കുള്ളിൽ ഒതുക്കിവെച്ചിരിക്കുന്ന കാർഡുകൾ എടുത്തു കാണിച്ചു് എങ്ങിനെയാണു് കാർഡ് കാററ്ലോഗു ഉപയോഗിക്കുക എന്നു വായനക്കാരനെ ധരിപ്പിക്കണം.

ഗ്രന്ഥാലയനിയമങ്ങളുടെ അച്ചടിച്ച ഒരു പതിപ്പു് പുതിയ അംഗത്തിന്നു കൊടുക്കണം. അനുവദിച്ച സമയംകഴിഞ്ഞു ലൈബ്രറിയിൽ എത്തുന്ന ഗ്രന്ഥങ്ങൾക്കു പിഴ വസൂലാക്കുന്നസമയത്തു മുഖം ചുളിക്കുന്ന നിരവധി അംഗങ്ങളുണ്ടു്. നിയമങ്ങൾ ശരിക്കു ധരിപ്പിക്കാത്തതുകൊണ്ടുണ്ടാവുന്നതാണു് ഈ വിഷമം. ഇതില്ലായ്മ ചെയ്യുവാനുള്ള ഒരൊററ മാർഗ്ഗം ലൈബ്രറിനിയമങ്ങൾ ശരിക്കു അംഗങ്ങളെ ധരിപ്പിക്കുകയാണു്. ലൈബ്രറിയുടെ പ്രവർത്തനസമയം, ഒഴിവുദിനം എന്നിവയെപ്പററിയും ഒരു ചുരുങ്ങിയ വിവരണം പുതിയ അംഗത്തിന്നു കൊടുക്കേണ്ടതാണു്.

ഇത്രയും പറഞ്ഞതിൽനിന്നു റഫറൻസ് സർവ്വീസിൻെറ പ്രാധാന്യം വെളിപ്പെട്ടുവല്ലോ. ആധുനികരീതിയിൽ നടത്തുന്ന ഗ്രന്ഥാലയങ്ങളിൽ മാത്രമേ ഇങ്ങിനെയൊരു വകുപ്പിൻെറ ആവശ്യം ഉൽഭവിക്കുന്നുള്ളു. ചെറുകിട ഗ്രന്ഥാലയങ്ങളിലെ പ്രവർത്തകരിൽ ഒരാൾക്കെങ്കിലും റഫറൻസ് വകുപ്പിൽ ചുമതല ഏറെറടുക്കാവുന്നതാണു്. പൊതുജനങ്ങളുമായുള്ള ബന്ധംകൊണ്ടേ ഗ്രന്ഥാലയങ്ങൾ പുരോഗമിക്കുകയുള്ളു. പൊതുജനവുമായി അടുത്തബന്ധം പുലർത്തുന്നതു്, റഫറൻസ് വകുപ്പാണു്. ഈ വകുപ്പിൻെറ കഴിവിനനുസരിച്ചിരിക്കും ഗ്രന്ഥാലയത്തിൻെറ പേരുംപെരുമയും. ജില്ലാകേന്ദ്രലൈബ്രറികളിലെങ്കിലും പ്രത്യേകം റഫറൻസ് വകുപ്പുകൾ ഏർപ്പെടുത്തേണ്ടതാണു്. ഈ വിഷയത്തിൽ കേരളത്തിലെ ഗ്രന്ഥാലയങ്ങൾ വളരെ പിന്നണിയിൽ നില്ക്കുന്നു. കാലക്രമേണ ഈ ദൂഷ്യം പരിഹരിച്ചു നമ്മുടെ ഗ്രന്ഥാലയങ്ങളെ തികച്ചും ആധുനികമാക്കേണ്ടതു നമ്മുടെ കടമയാണു്. അചിരേണ ഈ ആശ സഫലമാവുമെന്നു നമുക്കു കരുതാം.

---

പോലീസുകാരൻ—നിങ്ങൾ ആരെ കാത്തുനില്ക്കുകയാണു്?

കള്ളൻ—ആരെയുമല്ല.

പോലീസു—പിന്നെ?

കള്ളൻ—ആരെങ്കിലും എന്നെ കാത്തുനില്ക്കുന്നുണ്ടോ എന്നു നോക്കുകയാണു്.

# പാടാത്തപൂങ്കുയിൽ

റ്റി. എസ്. പൊന്നമ്മ, കോഴഞ്ചേരി

I

ലളിതകളകണ്ഠമേ, കാത്തതില്ലെത്രനിൻ—
ഗളഗളിതമാനന്ദഗാനം ശ്രവിക്കുവാൻ?
പ്രതിപദമൊരാഹ്ലാദമേവർക്കുമേകിടും
പതിവയി! ഭവാനെന്തു പാടേ വെടിഞ്ഞിതോ?
ഇനിയു,മിളയാകവേ മോഹിച്ചിടും പടി—
യ്ക്കിനിവിയലുമാമോദഗീതം പൊഴിയ്ക്കു നീ.
സുലഭസുഖചുംബിയാം ചുറ്റുപാടിങ്കൽ നിൻ—
സുരസുധയമന്ദം സ്രവിക്കാതിരിക്കയോ?
പരഭൃതശിരോമണേ! പാടുവാൻകൂടിയും
പരവശത പാരം വിഘാതമാകുന്നുവോ?
നിറമെഴുമമേയമാം ശാരദാഭ്രത്തില—
ച്ചിറകുകളടിച്ചടിച്ചങ്ങുയർന്നീടവേ
നയനയുഗഗോചരോദാരസൌന്ദര്യമെ—
ന്തയി, പിക! സരാഗനായ് വർണ്ണിപ്പതില്ല നീ?
ഗളമുരളി താവകം മൂകമായീടുകിൽ—
ത്തളരുമിഹ ശൂന്യമായ്ത്തീരുമെൻ ചേതന!

II

സുഭഗത തിരഞ്ഞു നീ ദൂരത്തു ചന്ദന—
ദ്രുമലസിതകാനനം തേടിപ്പറന്നുപോയ്
അറിയകുതുകാപ്തിയാൽ പുഞ്ചിരിക്കൊൾകിൽ നീ
പരിഭവമെനിക്കില്ല ശോകം വിഴുങ്ങുവാൻ.
അരികിലമരുന്നവർക്കാഹ്ലാദമേകുവാൻ,
പരിസരമലൌകികാനന്ദത്തിലാഴ്ത്തുവാൻ
പര, മിളകി മാനസം പന്താടിനിന്നിടും
സ്മരണകൾ സമൂലമായ് മായിച്ചുമാറ്റുവാൻ,
സ്വയമനഘമാമോദമാസ്വാദിച്ചീടുവാൻ
പ്രിയമധുരസംഗീതധാരതൂകു സഖേ!
വിരവിലവ വാനിൽത്തരംഗങ്ങളാരചി—
ച്ചുരിയ കുളിർതെന്നലിൻതേരേറിനിത്യവും
മമസവിധമെത്തിയെന്നന്തരാത്മാവിനി—
ങ്ങമിതസുഖശാന്തികൾ നൽകട്ടെ നിത്യവും!
ഗളമുരളി താവകം മൂകമാക്കീടുകിൽ—
ത്തളരുമിഹ! ശൂന്യമായ്ത്തീരുമെൻ ചേതന!!

---

ചെറുകഥ

# ഓക്കാപ്പുറം

## ഉള്ളൂർ പി. കൃഷ്ണമൂർത്തി

എൻെറ ബാല്യകാലസ്മരണകളെല്ലാം ആ തെങ്ങിൻതോപ്പുകളിലും കായലോരത്തും ഒളിഞ്ഞിരുന്ന്, എന്നെ നോക്കി ചിരിച്ചു. അവയെ സമീപിക്കുവാൻ എൻെറ ഹൃദയം തുടിക്കുകയാണ്. ഞാൻ ആ വയലുകളുടെ വരമ്പിൽക്കൂടെ നടന്നു. വിശാലമായ ആ നിലങ്ങളിൽ ഇന്നു വെള്ളം നിറഞ്ഞു കിടപ്പുണ്ട്. ആ വരമ്പിൻെറ കരയിൽ ചെറുകല്ലോലങ്ങൾ വന്നടിച്ചു പതഞ്ഞു പിന്മാറിക്കൊണ്ടിരിക്കുന്നു, അവ എന്നോട് ഒരു ദീർഘമായ ശോകകഥ പറയുവാൻ വെമ്പുകയായിരുന്നു. പക്ഷേ ഞാനതു ശ്രദ്ധിച്ചില്ല. പട്ടണത്തിലെ സംഭവബഹുലമായ ജീവിതം കണ്ടു മടുത്ത എൻെറ കണ്ണുകൾ ആ ഗ്രാമഭംഗി ആസ്വദിക്കുകയാണ്. ആ ആനന്ദലഹരിയിൽ അരുണമായ സന്ധ്യാചക്രവാളത്തിലേയ്ക്കു എൻെറ കണ്ണുകൾ ഒന്നു പാഞ്ഞു. ഹാ ആ കാഴ്ച! രക്തവർണ്ണനായ സൂര്യൻ ചെങ്കൊടിയുമേന്തി അത്ഭുതസുഷമമായ ഒരു സുപ്രഭാതത്തെ വാഗ്ദാനം ചെയ്തുകൊണ്ട് മറയുവാൻ പോകുകയായിരുന്നു. ആ തെങ്ങിൻതോപ്പുകൾ എന്നെ മാടിവിളിച്ചു.

ഞാൻ വീട്ടിലെത്തിയപ്പോൾ നേരം രാത്രിയായിരുന്നു. അച്ഛനമ്മമാർ എന്നെ സാമോദം സ്വീകരിച്ചു. കുട്ടികൾ സന്തോഷാധിക്യത്താൽ തുള്ളിച്ചാടി. അന്നു വീട്ടിൽ ഓണം ആഘോഷിക്കുകയാണോ എന്നെനിക്കു തോന്നിപ്പോയി. സഹോദരീസഹോദരന്മാർക്കു എന്നോടു പലതും പറയുവാനുണ്ടായിരുന്നു. സ്കൂൾ വാർഷികാഘോഷത്തിൽ അവർ വഹിച്ച പങ്കിനെക്കുറിച്ചോ മറ്റോ ആയിരിക്കും. എന്നാൽ അച്ഛൻ പറഞ്ഞു, "മകനേ! നിനക്കു ക്ഷീണമുണ്ട്; പോയി കിടന്നുറങ്ങൂ." ആ സുഗ്രീവാജ്ഞ നിർവ്വഹിക്കാതെ തരമില്ലല്ലോ.

ഞാൻ വന്നിട്ടു രണ്ടുമൂന്നു ദിവസങ്ങൾ കഴിഞ്ഞു. ഓരോന്നും വളരെ ശൂന്യമായിരുന്നു. ഞാൻ അതിനിടയ്ക്കു് എൻെറ എല്ലാ സ്നേഹിതന്മാരുടേയും വീടുകൾ കേറിയിറങ്ങി. പക്ഷെ ഒരാളേയും കണ്ട് എൻെറ പൂർവ്വസ്നേഹത്തെ പുതുക്കുവാൻ സാധിച്ചില്ല!

ഒരിയ്ക്കൽ ശാന്തിയുടേയും, സന്തുഷ്ടിയുടേയും നിലയമായിരുന്നു ആ ഗ്രാമം. തൊഴിലാളിയുടേയും കർഷകൻെറയും മാതൃഭൂമി—ഇപ്പോൾ അവിടത്തെ നിശ്ശബ്ദത കണ്ടാൽ ഒരു ശ്മശാനമാണോ എന്നു തോന്നിപ്പോകും. ഇതിൻെറ കാരണം ഒരുവിധത്തിൽ ഞാനറിഞ്ഞു.

മൂന്നുമാസംമുമ്പ് ആ നാട്ടിൽ തൊഴിലാളികളുടെ ഒരു പണിമുടക്കുണ്ടായി— ഒരു പ്രതിഷേധപ്പണിമുടക്ക്—അതിനെത്തുടർന്നുണ്ടായ ലാക്കൌട്ട്. പാവപ്പെട്ട തൊഴിലാളികൾ! ഒരുവശത്തു വളർന്നുവരുന്ന പട്ടിണി; മറുവശത്തു, മീശപിരിച്ചു നിൽക്കുന്ന പോലീസുകാർ! ഗത്യന്തരമില്ലാതായപ്പോൾ ഗ്രാവാസികൾ ആ പോലീസുകാരെ തുരത്തുവാൻ ശ്രമിച്ചു. അതിൽനിന്നാവിർഭവിച്ച ചില ഏററുമുട്ടലുകൾ—അത് അവരുടെ സമാധാനത്തിനു് വിരാമമിട്ടു.

അന്നുച്ചയ്ക്കു് ചിന്താമഗ്നനായ ഞാൻ ആ ചായക്കടയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു അന്ധൻ ഒരു ബാലൻെറ സഹായത്തോടേ അവിടെ വന്നുകയറി. അദ്ദേഹം എൻെറ സ്നേഹിതൻ ശിവരാമൻെറ അച്ഛനാണെന്നു് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചു.

"ഈ ഉച്ചയ്ക്കു് എവിടെ പോയിരുന്നു അമ്മാവാ"! എന്നു ഞാൻ ചോദിച്ചു. വരണ്ട തൊണ്ടയിൽനിന്നു ശബ്ദം പൊങ്ങി, "ആരാതു്?" എന്നു്. ഞാൻ എന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തിക്കൊടുത്തു.

ആ ശുഷ്കപ്രായമായ കണ്ണുകൾ ഒന്നു വിറച്ചു. ആ വൃദ്ധൻ എന്തൊക്കെയോ പറയുവാൻ ശ്രമിച്ചു.

"സ്റ്റേഷനിൽപോയി– മകനേ!–ഇതനുഭവിയ്ക്കുവാൻ ദൈവം എനിയ്ക്കിടവരുത്തിയല്ലോ." എന്നുമാത്രമേ ഞാൻ കേട്ടുള്ളു.

ആ കണ്ണുകളിൽ രക്തച്ഛായ കലന്നിരുന്നു. ആ ചുക്കിച്ചുളിഞ്ഞ തൊലിയോടുകൂടിയ മാറിടത്തിൽനിന്നു ഹൃദയസ്പന്ദനം വ്യക്തമായിക്കാണാം........എൻെറ കണ്ണുകളിൽ വെള്ളം നിറഞ്ഞു.

'ചായവേണോ' എന്നു ഞാൻ ചോദിച്ചപ്പോൾ ആ വയോധികൻ വേണ്ടാ എന്നു പറഞ്ഞു. അല്പം വെള്ളംകുടിയ്ക്കുവാൻ ഞാനദ്ദേഹത്തെ നിർബന്ധിച്ചു. ജലപാനത്തിനുശേഷം ആ അഭിമാനി പറഞ്ഞു. "ഞാൻ പോകട്ടെ."–വേദനിക്കുന്ന ഹൃദയത്തിൻെറ മാറൊലി!

ഞാൻ അദ്ദേഹത്തിൻെറകൂടെ വീട്ടിലേക്കു ചെന്നു.

വായുസഞ്ചാരം കുറഞ്ഞതും ഓലകൾ കുറേശ്ശ പൊളിഞ്ഞുതുടങ്ങിയതുമായ ഒരു ചെറു കുടിൽ. അതിൽ പ്രവേശിച്ചപ്പോൾ പൂർവ്വസ്മരണകളുടെ ഒരു കോളിളക്കം എനിക്കുണ്ടായി. ഞങ്ങൾ ബാല്യകാലത്തു കളിച്ചുകൊണ്ടിരുന്ന ആ മാവിൻചോട്, എന്നെ നോക്കി നില്ക്കുന്നു.

വൃദ്ധൻ എന്നെ ഹൃദയപൂർവ്വം സ്വാഗതംചെയ്തു. അകത്തുകയറി ഞങ്ങൾ ഇരിപ്പായി. "അമ്മാവൻ ഇങ്ങനെ വ്യസനിക്കുവാൻ എന്തു സംഭവിച്ചു". ഒരു ചോദ്യം ഞാൻ അവതരിപ്പിച്ചു.

അന്ധമായ ആ മുഖം ഒരു ചെറു പുഞ്ചിരി തൂകാൻ ശ്രമിച്ചു. എന്നാൽ അതിനു ആ ദുഃഖച്ഛായ മറയ്ക്കുവാൻ സാധിച്ചില്ല.

"ഞാനതു പറയാം മകനേ! ആരോടെങ്കിലും പറഞ്ഞാലേ എൻെറ ദുഃഖം തീരുകയൊള്ളു". നിർജ്ജീവമായ കണ്ണുകൾ പിടഞ്ഞു. അദ്ദേഹം എന്നോടു പറയുവാൻ തുടങ്ങി:

"എൻെറ മകൻ ശിവരാമൻ–അവൻെറ പേരിൽ വാറണ്ടുണ്ടെന്നു പറഞ്ഞു, ഇവിടെ പോലീസ് അന്വേഷണത്തിനുവന്നു. ഞാൻ ജീവിച്ചതും ജീവിയ്ക്കുന്നതും അവനുവേണ്ടിയാണെന്നു നിനക്കറിയാമല്ലോ. ഇണയും തുണയും ഇല്ലാത്ത കൊച്ചുകുഞ്ഞായിരിക്കുമ്പോൾതന്നെ അവൻെറ അമ്മ മരിച്ചു. അവൻെറ രക്ഷയെക്കരുതി ഞാൻ വീണ്ടും വിവാഹം ചെയ്തില്ല. അവനെ താലോലിച്ചു വളർത്തി. അവനു പന്ത്രണ്ടുവയസ്സുള്ളപ്പോളാണു് എൻെറ കണ്ണു രണ്ടും പോയതു്. അതിൽപിന്നീടവനെ കാണുവാനുള്ള ഭാഗ്യംപോലും എനിക്കു് ഇല്ലാതായി. അവനെ ഒരു നോക്കു കാണുവാൻ ആഗ്രഹമുണ്ടു്. പക്ഷേ–എൻെറ കണ്ണുകൾ!........"

ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു് വൃദ്ധൻ തുടർന്നു:—

"കുറച്ചുദിവസമായി അവനെ അന്വേഷിച്ചു പോലീസുകാർ വന്നുകൊണ്ടിരുന്നു. എനിക്കവനെപ്പററി യാതൊരു വിവരവുമില്ല എന്നു ഞാൻ അവരോടു പറഞ്ഞു. ഒരച്ഛൻ ഓമനമകനെ സിംഹത്തിൻെറ വക്ത്രത്തിൽക്കൊണ്ടു വിടുമോ? പോലീസുകാർ ഇന്നലെ എന്നെ പരുഷവാക്കുകൾ കൊണ്ടലട്ടി. സ്റ്റേഷനിൽ ചെല്ലാൻ എന്നോടു് ആജ്ഞാപിച്ചു. ഇന്നു ഞാൻ അവിടെപോയി. ബാക്കി വിവരങ്ങളൊന്നും പറയാതിരിക്കുകയാണു് നല്ലതു്, മകനേ!

ഈ അന്ധനെ അവർ ഒരുപാടു പ്രഹരിച്ചു. ഒടുവിലത്തെഅടി നോക്കൂ"ആ പാടു് നെററിത്തടത്തിൽ പതിഞ്ഞു കിടപ്പുണ്ടു്. അഹോ! കഷ്ടം! എനിക്കാവിവരണം കേൾക്കേണ്ടിയില്ലായിരുന്നു എന്നു തോന്നി. എതു ഇരുമ്പുഹൃദയമാണു് അതു കേട്ടാൽ അലിയാത്തതു്? എൻെറ ഹൃദയം അസ്വസ്ഥമായി.

"എനിക്കു് ശിവരാമനെ ഒന്നുകാണണം. അതിനെന്താവഴിയമ്മാവാ?" ഞാൻ ചോദിച്ചു.

കുറച്ചു സമയത്തേയ്ക്കു നിശ്ശബ്ദത! അനന്തരം അദ്ദേഹം എൻെറ ചെവിയിൽ മന്ത്രിച്ചു.

"ഇന്നുരാത്രി നമുക്കൊന്നിച്ചിവിടെ കിടക്കാം — ഒരുപക്ഷേ അവൻ ഇന്നിവിടെവരും."

ഞാൻ വെളിയിലേയ്ക്കു ഒന്നു നോക്കി. ആ മാവിൻനിഴൽ എതോ ദുഃഖസംഭവം ഉണ്ടാകുവാൻപോകുന്നു എന്നു് എന്നോടു പറയുന്നു. മഴക്കാർ നിറഞ്ഞ രാത്രി! ഗ്രാമവാസികൾ മുഴുവൻ ഉറങ്ങിക്കഴിഞ്ഞു. നിശ്ശബ്ദത എങ്ങും വ്യാപിച്ചു. ഒരുപഴയ സ്നേഹിതനെക്കാണാൻവേണ്ടി ഞാൻ ആ കുടിലിലിരിക്കുന്നു.

സമയം അർദ്ധരാത്രിയായപ്പോൾ ആരോ വാതിലിൽ മുട്ടി. വീണ്ടും മുട്ടുന്നശബ്ദം! "അച്ഛാ" നേരിയ ശബ്ദത്തിൽ ആരോ വിളിച്ചു. ഞാൻ സമാധാനിച്ചു, സന്തോഷിച്ചു.

വൃദ്ധൻ വാതിൽ തുറന്നു. ഒരാൾ അകത്തുകടന്നു. മകനെ തലോടുവാൻ ആ വൃദ്ധൻ ശ്രമിച്ചു. അയാളെ വൃദ്ധൻ ആശ്ലേഷിച്ചു. "മോനേ! നീ അച്ഛനു സംഭവിച്ചതറിഞ്ഞോ? " ആ വാത്സല്യനിധി കരയുകയായിരുന്നു. "ഞാൻ ശിവരാമനല്ല; അയാളെ കാണാൻവന്ന ഒരു സ്നേഹിതനാണു്."

"എന്തു്? അച്ഛാ എന്നല്ലേ നിങ്ങൾ വിളിച്ചതു്" ആ അന്ധൻ ചോദിച്ചു.

"അതു വാതിൽ തുറക്കുവാൻ വിളിച്ചതാണു്. അപരാധം ക്ഷമിയ്ക്കണം. ഇന്നു നിങ്ങളെ പോലീസു മർദ്ദിച്ചതായി കേട്ടു, കഷ്ടം വിവേകമില്ലാത്ത മൃഗങ്ങൾ! ശിവരാമനെവിടെയാണെന്നറിയാമോ?"

"ഞാനെങ്ങനെ അറിയാനാണു്".

"ഞാൻ സംഘടനാപ്രവർത്തകനാണു്. ശിവരാമനുമായി ഇവിടെ രണ്ടു മൂന്നു രാത്രി കഴിച്ചിട്ടുണ്ടു്. അവനു നിർദ്ദേശങ്ങൾ കൊടുക്കാനാണു വന്നിരിക്കുന്നതു്. കണ്ടില്ലെങ്കിൽ നിങ്ങൾക്കെല്ലാം ആപത്താണു്"

വൃദ്ധൻെറ മനസ്സൊന്നു ചലിച്ചു. കുറെ ആലോചിച്ചതിനുശേഷം ഇങ്ങനെ

പറഞ്ഞു. "അവൻ ഇന്നിവിടെ വരും, ഈ പാടത്തിന്റെ അക്കരയിൽനിന്ന്."

"ഞാൻ ആ വയൽവരമ്പിൽ അവനെ വേണ്ടി കാത്തുനിന്നുകൊള്ളാം. പോലീസുകാർ പിടിച്ചാൽ അഭിമാനത്തിനു നല്ലതല്ല",-അവൻ ഇറങ്ങി. വൃദ്ധൻ വാതിലടച്ചു. വൃദ്ധന്റെ മുഖത്ത് വ്യസനച്ഛായ കലർന്നിരുന്നത് ഞാൻ വ്യക്തമായികണ്ടു.

നേരം വെളുക്കുന്നതുവരെ ഞങ്ങൾ ശിവരാമനെ കാത്തിരുന്നു. പക്ഷേ കണ്ടില്ല.!

അതിരാവിലെ ഞാൻ ആ കുടിലിൽ നിന്നിറങ്ങി. ശിവരാമൻ ഇരുമ്പഴിക്കുള്ളിലാക്കപ്പെട്ടു എന്ന ശോകവാർത്തയാണ് ആദ്യം കേട്ടത്. എന്റെ ഹൃദയം തകർന്നു. ആ വൃദ്ധപിതാവിന്റെ നിലയെന്തായിരിക്കും?

സംഘടനാപ്രവർത്തകന്റെ വഞ്ചന!!

---

# ദീർഘായുസ്സിനുള്ള മാർഗ്ഗങ്ങൾ

1 ശുദ്ധവായു ശ്വസിക്കണം

2 സ്നാനത്തിനു ശുദ്ധജലം ഉപയോഗിക്കണം. ശരീരസുഖമില്ലാതിരിക്കുമ്പോൾ ചൂടുവെള്ളം ഉപയോഗിക്കണം

3 മനസ്സിന് അധികം ഉപദ്രവം തട്ടുന്ന വിചാരങ്ങൾ ഉണ്ടായിരിക്കരുത്

4 കഴിയുന്നതും പ്രസന്നനായിരിക്കണം

5 ദിവസവും ആറോ ഏഴോ മണിക്കൂർ സമയം ഇരുട്ടുള്ളതും ജന്നൽ തുറന്നതുമായ മുറിയിൽ കിടന്നുറങ്ങണം

6 നേരത്തേ ഉറങ്ങുകയും നേരത്തേ ഉണർന്നെഴുന്നേല്ക്കുകയും വേണം. അർദ്ധരാത്രിക്കു മുമ്പുള്ള ഒരു മണിക്കൂർ നേരത്തെ ഉറക്കം അതിനു പിമ്പുള്ള രണ്ടു മണിക്കൂർ നേരത്തെ ഉറക്കത്തെക്കാൾ സുഖകരമാകുന്നു

7 വിവാഹം ചെയ്യണം

8 കാപ്പിയും തേയിലയും മിതമായിട്ടേ ഉപയോഗിക്കാവൂ. മദ്യവും പുകയിലയും വർജ്ജിക്കണം

9 വസ്ത്രധാരണം ശുചിയായും സാധാരണരീതിയിലും ആയിരിക്കണം

10 ആഴ്ചയിൽ ഒരു ദിവസം വിശ്രമിക്കണം

11 ഒന്നിലും ശക്തിമത്തായ ഉല്ക്കണ്ഠ ഉണ്ടായിരിക്കരുത്

12 അനാവശ്യമായ വാദപ്രതിവാദങ്ങളിൽ ഉൾപ്പെടരുത്

ഗ്രന്ഥനിരീക്ഷണം

# വെളിച്ചത്തിൽ

ഗ്രന്ഥകർത്രി — ബാലാമണിഅമ്മ
പബ്ലിഷേഴ്സ് — മംഗളോദയം ലിമിററഡ്
തൃശ്ശൂർ. വില 1 ക.

ചുററുപാട്ടംകാണുന്ന അവശതകളേയും വൈകൃതങ്ങളേയും ചിത്രീകരിക്കുന്നതിനു വെമ്പൽകൊള്ളുന്നവരാണ് ഇന്നത്തെ കവികളിലധികംപേരും. ആവഴിക്കു പരിശ്രമിക്കുന്നവരുടെഇടയിൽ ഒരു തിക്കും തിരക്കുംതന്നെ ദൃശ്യമാവുന്നുണ്ട്. ആ തിരക്കിൽ നിന്നൊഴിഞ്ഞുമാറി വർത്തിക്കുന്ന വ്യക്തികളെ, വളരെ അപൂർവമായിട്ടാണെങ്കിലും, സാഹിത്യമണ്ഡലത്തിൽ നമുക്കു കാണുവാൻകഴിയും. ചിന്തയെ അന്തർമ്മുഖമാക്കി, ആത്മപരിശോധനയിൽ ഏർപ്പെട്ടുകഴിയുന്ന ഇവർ മനുഷ്യനിൽ കുടികൊള്ളുന്നതും, വികസിപ്പിക്കാവുന്നതുമായ മഹത്വാംശങ്ങളെപ്പററി ചിന്തിച്ചുപോരികയാണ്. അവരുടെ ചിന്താസന്താനങ്ങളെ യഥാസൗകര്യം അവർ ലോകസമക്ഷം അവതരിപ്പിക്കുകയും ചെയ്യാവുണ്ട്. ചിന്താശീലന്മാരായ വായനക്കാർക്ക്, കാവ്യം ആലോചനാമൃതമായിരിക്കണമെന്നു വിശ്വസിക്കുന്ന സാഹിത്യരസികന്മാർക്ക്, ഇവരുടെ കൃതികളോടായിരിക്കും താത്പര്യമധികം കാണുക. 'ചിരന്തനകൃതികൾ' എന്ന വിഭാഗത്തിൽ സ്ഥാനമുണ്ടായിരിക്കുന്നതും ഇത്തരം കൃതികൾക്കായിരിക്കും.

മുൻചൊന്ന തിരക്കിൽനിന്നകന്നു നില കൊള്ളുന്ന ഒരു കവയിത്രിയാണ് ശ്രീ. ബാലാമണിഅമ്മ. ആദ്ധ്യാത്മികചിന്തകളെ കവിതയിലൂടെ പ്രകാശിപ്പിക്കുന്ന കാര്യത്തിൽ അവർക്ക് അനന്യസാധാരണമായ വൈദഗ്ദ്ധ്യമുണ്ടെന്നു വിളിച്ചോതുന്നുണ്ട് അവരുടെ കൃതികൾ. ആദ്ധ്യാത്മികങ്ങളായ വിശ്വാസങ്ങളുടെ മണിമച്ചിന്നുള്ളിൽ എങ്ങിനെയോ കടന്നുകൂടീട്ട്, കഴിയുകയല്ല അവർ ആദ്യംമുതല്ക്കേ. മറിച്ച് സംശയങ്ങളാകുന്ന കോണിപ്പടികളിലൂടെ ഓരോ പടിയായി കയറിയാണ് അവർ ആ മണിമച്ചിൽ ചെന്നുചേർന്നതെന്നും അവരുടെ കൃതികൾ സ്പഷ്ടമാക്കുന്നുണ്ട്. സംശയിച്ചും, തന്നിമിത്തം പതുക്കെ, അടിമേൽ അടിവച്ചും പുരോഗമിക്കുന്ന ഒരാൾക്ക് സ്വന്തം നിലപാടിൽ പതർച്ചയുണ്ടാവുന്നതല്ലല്ലൊ. ആ പതർച്ചയില്ലായ്മയാണ് ബാലാമണിയമ്മയുടെ കൃതികളിൽ കാണുന്ന പ്രത്യേകതയും.

"വെളിച്ചത്തിൽ" എന്ന ഈ സമാഹാരത്തിൽ പതിനൊന്നു കവിതകളുണ്ട്. "ഒളിച്ചുകളി"യും ഇതിലെ മററു കവിതകളെക്കാൾ ഒരു തലയെടുപ്പുണ്ടെന്ന കാര്യം പ്രസ്താവ്യമാണ്:— 'ആനന്ദം മനുഷ്യന്റെ കൂടപ്പിറപ്പാണ്; എക്കാലത്തും അവനിൽ തങ്ങിനില്ക്കുന്ന ഒരനുഭൂതി വിശേഷമാണതു്. ആ 'ആനന്ദത്തഴപ്പി'ന്റെ ക്രമാനുഗതമായ വളർച്ചയാണ് ഒളിച്ചുകളിയിലെ പ്രതിപാദ്യം.

> "ഇടയ്ക്കു,കാരണം ചൊടിച്ചുബന്ധുക്ക-
> ളെട്ടക്കം ചൂരലിലൊളിച്ചിരിയ്ക്കു നീ,
> പിടച്ചുമച്ചിത്തമൊരിയ്ക്കലുമിനി-
> യൂട്ടക്കാതെൻകൂടപ്പിറപ്പുപോയെന്നായ്"

ആനന്ദത്തിന്റെ തെളിവ് ഒരു മേഘശകലത്താൽ അല്പമൊന്നു മറയ്ക്കപ്പെട്ടതേയുള്ളു; അതു വീണ്ടും പ്രത്യക്ഷമാവുകയും ചെയ്യും. എങ്കിലും, അതിനുവേണ്ടിവെമ്പുന്ന കവിഹൃദയം അതൊരിക്കലും വീണ്ടുകിട്ടുകില്ലേ എന്നു ഭയപ്പെടുന്നു!

"കസവുടുപ്പായ്, നീതൊടുമ്പോളെൻസാധു-
കളിത്തോഴരുടെ കരിംതുകിൽത്തുണ്ടും"

ആത്മാനന്ദത്തിന്റെ പ്രതിഫലനം മാത്രമാണ് ലോകത്തിലെങ്ങും പ്രത്യക്ഷപ്പെടുന്ന ആനന്ദസ്ഫുരണങ്ങൾ. ആനന്ദകിരണങ്ങൾ പതിച്ചാൽ ഏതു കരിംതുകിൽത്തുണ്ടാണ് കസവുടുപ്പാകാത്തതു്? വേദാന്തസംസ്കാരമുള്ള ഹൃദയത്തിലെ സവ്സാഹോദര്യഭാവമാണ് സഹജമായി ഇവിടെ സ്ഫുരിച്ചിരിക്കുന്നതു്.

"കരയും മക്കൾതൻമുഖത്തു വായ്ക്കുന്നോ-
രിരുളിനാൽ സ്വയം മറച്ചു നീ; യെന്നാൽ
അവർ തൂന്നാമനച്ചിരികൾതാനെന്നി-
യ്ക്കണിവിളക്കേകി തിരിഞ്ഞു കണ്ടെത്താൻ"

ആനന്ദം ദർശിപ്പാനുള്ള ആ വിളക്കു കണ്ടെത്തുവാൻ വേദാന്തസംസ്കാരമുള്ള ഒരു മാതൃഹൃദയത്തിനേ കഴിയൂ.

"നിറയുമെൻ കണ്ണീർക്കയത്തിൽമുങ്ങി നീ
നിവരുമ്പോൾ ഘനീഭവിച്ചതൊക്കെയും
നിനക്കു തൂമുത്തിന്മണിമാല്യം താനായ്
നിറന്നു കണ്ടേനമ്പരന്നുനിന്നുഞാൻ"

എന്നീ നാലുവരികളിൽക്കൂടി പ്രദർശിപ്പിക്കപ്പെടുന്ന ആ കാഴ്ച! അതൊന്നുമതി ഈ കവിതയെ സമുന്നതമായ ഒരു സ്ഥാനത്തിന്നർഹമാക്കുവാൻ.

അടുത്തതായി നമ്മുടെ ചിന്തയിൽ പൊന്തിവരുന്നതു്—തങ്ങിനില്ക്കുന്നതു്—"വിശ്വഹൃദയം" എന്ന അവസാനത്തെ കവിതയാണ്. അതിൽ, ഒരു മിസ്റ്റിക്കിന്റെ സമസ്തവസ്തുതാദാത്മ്യവൈയഗ്ര്യമാണ് നാം കാണുന്നതു്; വിശ്വഹൃദയത്തോടു കവിഹൃദയം ഐക്യം വരിച്ചിരിക്കുന്നതാണീ ഒൻപതു് ഈരടികളിൽ നമുക്കു അനുഭവമാകുന്നതും.

"യാത്രയി"ലെ

"എങ്ങും തിരഞ്ഞുനൽക്കൌതുകവസ്തുക്ക-
'ളെന്റെ'യാകുന്ന പതിവുനിന്നപ്പൊഴേ,
എന്നൊച്ചുഴന്നൊത്തിയുമ്മവെച്ചൂ മന്നി-
ലേതുപുൽത്തണ്ടിലും ചൂളമഴകുകൾ"

എന്ന ഭാഗത്തെ അഴകുകൾ ദർശിക്കണമെങ്കിൽ എങ്ങിനെയായാൽ പറവമെന്ന ഉപദേശമായിട്ടോ, അല്ല, അഴകുകളുടെ നിവ്ചനമായിട്ടുതന്നെയോ വീക്ഷിക്കാം.

"ഊന്നിനോക്കുമ്പോൾ മാഞ്ഞുമാഞ്ഞുപോകുന്നുജഗ-
ത്തുതിവീപ്പിച്ചാൽ നേത്തുപൊട്ടുന്നു മനഷ്യത്വം" (ജീവിതം)

ഇതിനു വ്യാഖ്യാനമെഴുതുവാൻ തുടങ്ങിയാൽ കുറെ വാള്യങ്ങൾതന്നെ എഴുതേണ്ടിവരും. അത്രയ്ക്കു ചിന്താദ്യോതകമാണതു്! അഭൌമവും, അനുപമവുമായ ആശയസാമ്രാജ്യത്തിലേയ്ക്കു നമ്മെ ഉന്തിവിടുവാൻ പോരുന്നതാണ് ഈ ഈരടി.

ഇങ്ങനെയുള്ള ഭാഗങ്ങൾ ഇതിലെ ഏതൊരു കവിതയിലും കാണാം. പക്ഷേ ഈ സമാഹാരത്തിലെ കവിതകളെല്ലാം അന്യൂനങ്ങളാണെന്നോ, പക്ഷാന്തരങ്ങൾക്കിടകൊടുക്കാത്തവയാണെന്നോ വിവക്ഷയില്ല.

"വിജയമാല്യ"ത്തിലെ

"ഈ മഹത്താം ജൈത്രയാത്രയ്ക്കുശേഷമെൻ
ധാമമാന്നാ,നന്ദംകൊൾകെ,
എണ്ണമില്ലാതോളം മാല്യങ്ങൾ തൻമണ-
മെന്നിലുറങ്ങിടുമല്ലോ" എന്ന ഭാഗം വായിക്കുമ്പോൾ "ആനന്ദംകൊൾകെ........മണമെന്നിലുണർന്നീടുമല്ലോ" എന്ന പ്രയോഗമായിരുന്നില്ലേ കൂടുതൽ സമീചീനമെന്നുതോന്നുന്നുണ്ടാവും.

'വെളിച്ചത്തിൽ, കാണപ്പെടുന്ന പതിനൊന്നു രത്നങ്ങളും അമൂല്യങ്ങൾ തന്നെ. അതിൽ സംശയമാർക്കുമുണ്ടാവുന്നതല്ല; പക്ഷേ തേച്ചുമിനുക്കി, ബാഹ്യമായ പകിട്ടു കൂടി വരുത്തിയിരുന്നെങ്കിൽ, എന്നൊരാവലാതി വായനക്കാരൻ പുറപ്പെടുവിച്ചേയ്ക്കും. ആശയങ്ങളിൽ ശ്രദ്ധ ചെലുത്തിയിട്ടുള്ളതുപോലെ പദലാളിത്യത്തിൽക്കൂടി കവയിത്രി ശ്രദ്ധ വെച്ചിരുന്നെങ്കിൽ!

ഈ ലഘുകാവ്യസമുച്ചയം വായിച്ചാസ്വദിക്കുന്നതിനിടയ്ക്ക്, അവിടവിടെ ടാഗൂർ കൃതികളിലും മറ്റും നാമനുഭവിച്ചിട്ടുള്ള ചില ഭാവങ്ങൾ മാറ്റൊലിക്കൊള്ളുന്നതായി നമുക്കു തോന്നുന്നുണ്ടാവും. അതൊരു തരത്തിലും ഒരപകർഷമാണെന്ന് ഇവിടെ വിവക്ഷയില്ല. ഭാരതസംസ്കാരത്തിൽ ആകണ്ഠം ആമഗ്നരായിട്ടുള്ളവർക്കല്ലാതെ അത്തരം ഭാവങ്ങളെ സ്വായത്തീകരിക്കുവാൻ കഴിയുന്നതല്ല. അതൊരു നേട്ടം തന്നെയാണുതാനും.

"ചിക്കെന്നുണർന്നാലും ചിക്കെന്നുണർന്നാലും
ചിച്ഛക്തികേന്ദ്രമാമെന്മകനേ!"

എന്ന പ്രബോധനം കേട്ടുണരുന്ന വായനക്കാർക്കു 'ആത്മീയമായ ചൈതന്യത്തെയും, ലാവണ്യത്തെയും വർദ്ധിപ്പിക്കുന്ന മാനസികാഹാരം' നല്കി, അവരെ ആഹ്ലാദിപ്പിക്കുന്നതിനു പാറിയതു തന്നെയാണ് ഈ സമാഹാരം.

പി. എസ്.

---

## സൗഭാഗ്യം-കീ-ജെയ്

ഗ്രന്ഥകർത്താ—പി. എം. പൈലി
പ്രസാധകൻ—പി. വി. ജോസഫ്,
ആവോലി, വാഴക്കുളം. വില 12 ണ.

കൊച്ചാപ്പുച്ചേട്ടൻ, പ്രായശ്ചിത്തം, തെണ്ടിയുടെ പ്രേമം, അന്ത്യശാസനം, ശനിയാഴ്ചജീവി, മുൻകോപി, സൗഭാഗ്യം-കീ-ജെയ് എന്നീ ഏഴു ചെറുകഥകളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. ചെറുകഥകളെന്നു കേൾക്കുമ്പോൾ തന്നെ പട്ടിണി, പഞ്ഞം, പോലീസ്മർദ്ദനം, പ്രണയനൈരാശ്യം തുടങ്ങിയ കാര്യങ്ങളാണല്ലോ നമ്മുടെ ഓർമ്മയിൽ വരിക. അതെല്ലാം തന്നെയാണ് ഈ ഗ്രന്ഥത്തിലുമുള്ളത്. കഥാഘടനയിൽ വല്ല പ്രത്യേകതയുമുണ്ടോ എന്ന്? പുസ്തകത്തിന്റെ പേരിനു കാരണമായ ആ അവസാനത്തെ കഥയുണ്ടല്ലോ—സൗഭാഗ്യം-കീ-ജെയ്! അതുതന്നെ നോക്കാം. പതിനൊന്നു മക്കളുള്ള കോരച്ചൻ എന്ന വിഷവൈദ്യൻ ഒരനാഥബാലനെ—സൗഭാഗ്യമെന്നാണവനു പേരിട്ടിരിക്കുന്നത്—എടുത്തു വളർത്തുന്നു. തേഡ്ഫാറംവരെ പഠിപ്പിച്ച ശേഷം, എന്തെങ്കിലും തൊഴിൽ ചെയ്തു ജീവിക്കാനായി ഇരുനൂറുരൂപയും കൊടുത്താണ് അവനെ കോരച്ചൻ യാത്രയാക്കുന്നത്. ഇരുപതു സംവത്സരങ്ങൾക്കു ശേഷം, അപ്പോഴേയ്ക്കു മലയയിലെ ഒരു ലക്ഷപ്രഭുവായിക്കഴിഞ്ഞിരുന്ന സൗഭാഗ്യം, പത്രംമൂലേന, കോരച്ചന്റെ വസ്തുവകകൾ മുഴുവൻ അന്യാധീനമാകുവാൻ പോകുന്നുവെന്ന വാർത്തയറിഞ്ഞ്, ഓടിയെത്തി കോരച്ചന്റെ കടം മുഴുവൻ വീട്ടുന്നു. ആ 'പതിനൊന്നു മക്കൾ' ഈ കഥയ്ക്കു ഉപദ്രവമല്ലേ വരുത്തിവച്ചിരിക്കുന്നത്! വളർത്തുപുത്രൻ ലക്ഷപ്രഭുവായതെങ്ങിനെ? (ചില സിനിമകളിലെന്നപോലെ വല്ല എസ്റ്റേറ്റുടമയുടേയും കാറു മുട്ടീട്ടാണോ എന്തോ?) കഥാഘടനയെക്കുറിച്ചു ചിന്തിച്ചുപോയോ, ഇതുപോലെയുള്ള നിരവധി ചോദ്യങ്ങൾ നിങ്ങളെ ശല്യപ്പെടുത്തും. ഈ സമാഹാരത്തിലെ മറ്റു കഥകൾ വായിച്ചാലുള്ള അനുഭവവും ഇതിൽനിന്നു വ്യത്യസ്തമല്ല. കഥാപാത്രങ്ങളുടെ 'പൾസ്' നോക്കുവാൻ വായനക്കാരൻ ഇടയ്ക്കൊന്നു ശ്രമിച്ചുവെന്നുവരികിൽ

അതയാളുടെ കുററമല്ല. അത്രയ്ക്കു ജീവനുണ്ടു് ഇതിലെ കഥാപാത്രങ്ങൾക്കു്. രംഗങ്ങളും കഥാപാത്രങ്ങൾക്കു യോജിച്ചവതന്നെ.

ഒരേ ആശയംതന്നെ പല വാക്യങ്ങളിലായി വീണ്ടും വീണ്ടും പറയുക—പറഞ്ഞു തൃപ്തിവരാത്തതുപോലെ; ഇടയ്ക്കു് കഥാപാത്രങ്ങൾക്കു് ഒരു 'ഓഫ്' കൊടുത്തിട്ടു് കഥാകൃത്തു് കേറിനിന്നു് പ്രസംഗിക്കുക; ഇതെല്ലാം കഥയെ എത്രകണ്ടു വികലമാക്കുന്നുണ്ടെന്നു് കഥാകൃത്തു ധരിക്കാത്തതു കഷ്ടംതന്നെ! വയ്ക്കുന്നവൻ അറിഞ്ഞില്ലെങ്കിൽ പോകട്ടെ. വിളമ്പുന്നവൻ (പ്രസാധകൻ) എങ്കിലും അറിഞ്ഞാൽ മതിയായിരുന്നു.

പി. എസ്.

---

കണ്ടത്തിൽ

## വറുഗീസുമാപ്പിള

ഗ്രന്ഥകർത്താ — വിദ്വാൻ ഏ. ഡി. ഹരിശർമ്മ എം. ആർ. ഏ. എസ്.

ദീപം പ്രസ്സ്, എറണാകുളം.

വില 1 ക. 12 ണ.

മലയാളഭാഷയെ ഇന്നു കാണുന്നനിലയിൽ എത്തിക്കുന്നതിനു കാരണഭൂതരായ മഹാന്മാരിൽ ഒരാളാണു് മനോരമാധിപരായിരുന്ന കണ്ടത്തിൽ വറുഗീസുമാപ്പിള അവർകൾ. അദ്ദേഹത്തിന്റെ ഉത്സാഹശീലവും ഭാഷാഭക്തിയും വ്യവസായചതുരതയും മലയാളഭാഷയ്ക്കു് അത്ഭുതപൂർവ്വമായ ഒരനുഗ്രഹമായിരുന്നു. മനോരമപ്പത്രം, ഭാഷാപോഷിണിമാസിക, ഭാഷാപോഷിണിസഭ, തിരുമൂലപുരം ബാലികാവിദ്യാലയം എന്നിവയാൽ ആ കർമ്മധീരൻ കേരളീയക്കു മഹത്തായ ഒരു മാതൃക കാണിച്ചുകൊടുത്തു. മലയാളഭാഷയുടെ ഒരു രക്ഷാപുരുഷനെപ്പോലെയാണു് അദ്ദേഹം വർത്തിച്ചിരുന്നതു്. കേരളവർമ്മക്കാലത്തിന്റെ ജീവചൈതന്യമായിരുന്ന സൂര്യപുരുഷൻ.

വസ്തുസ്ഥിതി ഇതാണെങ്കിലും വറുഗീസുമാപ്പിളയെക്കുറിച്ചുള്ള ശരിയായ വിവരങ്ങൾ അറിയാവുന്നവരായി അധികംപേരില്ല. നമുക്കുലഭിച്ചിട്ടുള്ള സാഹിത്യചരിത്രങ്ങളിൽനിന്നു ചിലതൊക്കെ ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നുമാത്രം. അദ്ദേഹത്തിന്റെ നല്ല ഒരു ജീവചരിത്രം ഉണ്ടാകാതിരുന്നതു നമ്മെ സംബന്ധിച്ചിടത്തോളം ചെറിയ ഒരു കുറവായിരുന്നില്ല.

ഭാഗ്യത്താൽ ഈ കുറവു പരിഹരിക്കാൻ മലയാളത്തിലെ പേരെടുത്ത ഒരു പണ്ഡിതൻ—സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ—ഹൃദയംഗമമായി പരിശ്രമിച്ചതിന്റെ ഫലമാണു പ്രസ്തുത ഗ്രന്ഥം. ജീവചരിത്രരചനയിൽ നല്ല തഴക്കവും പഴക്കവുമുള്ള ശ്രീ. ശർമ്മയുടെ കൈകൾ തന്നെ ഈ കൃത്യവും നിർവ്വഹിച്ചതു സന്തോഷകരമായിരിക്കുന്നു. നമുക്കദ്ദേഹത്തോടു നന്ദി പറയുക.

ചരിത്രനിർമ്മിതിയ്ക്കാവശ്യമായ സൂക്ഷ്മവിവരങ്ങൾ ശേഖരിക്കുന്നതിനു ഗ്രന്ഥകാരൻ ഏറെ ക്ലേശം അനുഭവിക്കേണ്ടി വന്നു എന്നു കാണുന്നു. "ക്ലേശം ഫലിക്കിലതു താൻ പുതുതായ സൗഖ്യം" എന്നു് അദ്ദേഹത്തിനു സമാധാനപ്പെടാം.

ചരിത്രപുരുഷന്റെ ജനനം മുതൽ ചരമംവരെയുള്ള ജീവിതഘട്ടങ്ങളെ സമഗ്രവും സമൂജ്ജ്വലവുമായി ആവിഷ്ക്കരിക്കാൻ ഗ്രന്ഥകർത്താവിനു സാധിച്ചിട്ടുണ്ടു്. രസപ്രദമായ ഒരു വീരകഥ വായിക്കുമ്പോലെ അനുവാചകക്കു് ആനന്ദിക്കുവാനുള്ള വകയെല്ലാം ഇതിലടങ്ങിയിരിക്കുന്നു. അതോടൊപ്പം വറുഗീസുമാപ്പിളയുടെ മഹത്വം മനോരഞ്ജകമാംവണ്ണം ഇതിൽ പ്രതിബിംബിക്കുന്നുമുണ്ടു്. സമകാലീനരായ സാഹിത്യകാരന്മാരുടെ ഗദ്യപദ്യങ്ങൾ സന്ദർഭോചിതമായി ഉദ്ധരിച്ചു ജീവചരിത്രം രസപുഷ്കലമാക്കിയിരിക്കുന്നതു് സവിശേഷം ശ്ലാഘനീയമാണു്. പണ്ടേതന്നെ ശുദ്ധവും ആകർഷകവുമായ ഭാഷാശൈലി വശപ്പെടുത്തിയിട്ടുള്ള ശ്രീ. ഹരിശർമ്മ, ഈ പുതിയ ഉദ്യമത്തിൽ പൂർവാധികം വിജയിച്ചിട്ടുണ്ടു്. ഏററവും ഉപകാരപ്രദമായ ഒരു പ്രസിദ്ധീകരണമാണിതെന്നു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. (വി.)

---

# 40 വിശിഷ്ടഗ്രന്ഥങ്ങൾ

| | | | | |
|---|---|---|---|---|
| 1 | ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു് — ബഷീർ | 2 | 0 | 0 |
| 2 | താലപുഷ്കരം — കുന്നത്തു ജനാർദ്ദനമേനോൻ | 1 | 4 | 0 |
| 3 | ജീവിക്കുവാൻ മറന്നുപോയ സ്ത്രീ — വെട്ടൂർ | 1 | 0 | 0 |
| 4 | ദുരന്തദൃശ്യങ്ങ — കൈനിക്കര കുമാരപിള്ള | 3 | 0 | 0 |
| 5 | നടി — പി. കേശവദേവ് | 2 | 4 | 0 |
| 6 | നിലവറയിലെ അസ്ഥിപഞ്ജരം — ഡിററക്ടീവ് | 2 | 4 | 0 |
| 7 | ബറബാസ് — മേരി കോറെല്ലി | 2 | 4 | 0 |
| 8 | വിഷകന്യക — എസ്. കെ. പൊററക്കാട്ട് | 3 | 0 | 0 |
| 9 | മായാലോകം (ഡിററക്ടീവ്) — എം. എസ്. പിള്ള | 3 | 0 | 0 |
| 10 | വെറും കോവിൽ — വി. എസ്. ഖണ്ഡേക്കർ | 2 | 0 | 0 |
| 11 | പാവപ്പെട്ടവരുടെ വേശ്യ — ബഷീർ | 1 | 0 | 0 |
| 12 | ഗൂഢാലോചന (ഡിററക്ടീവ്) — പി. എ. വാരിയർ | 1 | 0 | 0 |
| 13 | അഗ്നിപഞ്ജരം — കൈനിക്കര പത്മനാഭപിള്ള | 1 | 0 | 0 |
| 14 | ഒരുപിടി മണ്ണ് — കാരൂർ | 1 | 4 | 0 |
| 15 | ഡെമോക്രസി — പൊൻകുന്നം വർക്കി | 2 | 4 | 0 |
| 16 | തകഴിയുടെ കഥകൾ — തകഴി ശിവശങ്കരപ്പിള്ള | 1 | 4 | 0 |
| 17 | തൊപ്പിയും തട്ടവും — എൻ. പി. മുഹമ്മദ് | 1 | 0 | 0 |
| 18 | കൊടുങ്കാററിൽനിന്ന് — അന്തർജ്ജനം | 1 | 4 | 0 |
| 19 | കൂമ്പെടുക്കുന്ന മണ്ണ് — പി. സി. കുട്ടികൃഷ്ണൻ | 1 | 8 | 0 |
| 20 | പെൺബുദ്ധി — കെ. സരസ്വതിഅമ്മ | 1 | 8 | 0 |
| 21 | നാം കാടന്മാരാണ് — കിഷൻചന്ദർ | 1 | 0 | 0 |
| 22 | യമന്റെ മുമ്പിൽ — ഇ. എം. കോവൂർ | 1 | 8 | 0 |
| 23 | പാപികൾ — പോഞ്ഞിക്കര റാഫി | 2 | 4 | 0 |
| 24 | റാണിയുടെ പട്ടി — എം. ഗോവിന്ദൻ | 1 | 8 | 0 |
| 25 | രാജമല്ലി — എസ്. കെ. പൊററക്കാട്ട് | 2 | 8 | 0 |
| 26 | തേക്കുപാട്ട് — കാരൂർ | 1 | 8 | 0 |
| 27 | അവൻ വീണ്ടും വരുന്നു — സി. ജെ. തോമസ് | 1 | 0 | 0 |
| 28 | ബലാബലം — എൻ. കൃഷ്ണപിള്ള | 1 | 8 | 0 |
| 29 | കൂട്ടുകൃഷി — ഇടശ്ശേരി ഗോവിന്ദൻനായര് | 1 | 4 | 0 |
| 30 | വേലുത്തമ്പിദളവാ — കൈനിക്കര പത്മനാഭപിള്ള | 1 | 12 | 0 |
| 31 | ജനദ്രോഹി — ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| 32 | ആധുനികസാഹിത്യം — എസ്. ഗുപ്തൻനായർ | 1 | 8 | 0 |
| 33 | കൈവിളക്ക് — കുട്ടികൃഷ്ണമാരാര് | 1 | 8 | 0 |
| 34 | വിചാരകൌതുകം — ഡാ. കെ. എം. ജോർജ്ജ് | 1 | 8 | 0 |
| 35 | സംസ്കാരകേദാരം — ഡാ. എസ്. കെ. നായർ | 1 | 12 | 0 |
| 36 | ശാസ്ത്രദീപ്തി — എം. ബാലരാമമേനോൻ | 1 | 4 | 0 |
| 37 | സോവിയററ നാട് — സി. അച്യുതമേനോൻ | 4 | 0 | 0 |
| 38 | ചൈനയിലെ വിപ്ലവം — കെ. ദാമോദരൻ | 2 | 4 | 0 |
| 39 | ഇററലിയിലെ കഥകൾ — മാക്സിം ഗോർക്കി | 1 | 4 | 0 |
| 40 | പൂവും കായും (2 ഭാഗങ്ങൾ) — ഫാദർ സി. കെ. മററം | 2 | 8 | 0 |

നാഷനൽ ബുക്ക്സ്റ്റാൾ POST BOX 40 കോട്ടയം

# ഗ്രന്ഥശാലാവാർത്തകൾ

### ദേശാഭിമാനി ലൈബ്രറി & റീഡിംഗ്റൂം, കാട്ടാത്തുറ.

ഈ ഗ്രന്ഥശാലയുടെ പ്രഥമവാർഷിക സമ്മേളനം ജൂൺ 1-ാംനു- ശ്രീ. J. A. ഡേവിഡ് BA. BL. & L. T. യുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ ശ്രീ. S. G. ബോസ്, B. A. B. T., റി. വിശ്വനാഥൻ, S. കുഴന്തസ്വാമി, B. A., വൈദ്യം ചന്ദ്രശേഖരൻനായർ എന്നിവർ പ്രസംഗിച്ചു.

### ദേശബന്ധു റീഡിംഗ്റൂം & ലൈബ്രറി, പഴങ്ങാലം. കുണ്ടറ

പ്രസ്തുതവായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 25–5–52 ൽ ശ്രീ. K. സുകുമാരപിള്ള Bsc. യുടെ അദ്ധ്യക്ഷതയിൽനടന്നു. വിദ്വാൻ ഒ. തോമ്മസ്, ശ്രീ. K. V. തോമ്മസ് എന്നിവർ പ്രസംഗിച്ചു.

### ദേശീയവായനശാല, പനമററം

സ്ഥലത്തെ ദേശീയ വായനശാലയുടെ വാർഷികസമ്മേളനം മേയ് 31–ാനു- വി. വി. ഡോമിനിക്കിന്റെ അദ്ധ്യക്ഷതയിൽ നടന്നു. മി. പി. എസ്. കൃഷ്ണപിള്ള, മി. ഏ. ശ്രീധരൻ എന്നിവർ പ്രസംഗിച്ചു. തുടന്നു് കെ. എൻ. ശിവരാമൻനായർ പ്രസിഡൻറായും, കെ. ഗോപാലൻനായർ സെക്രട്ടറിയായും മി. എം. എ. ഭാസ്കരൻ നായർ ലൈബ്രേറിയനായും ഒരു പുതിയ കമ്മിററിയെ തിരഞ്ഞെടുത്തു.

### മുളക്കുളം വിശ്വഭാരതിവായനശാല

ഈ വായനശാലയുടെ പ്രഥമവാർഷിക സമ്മേളനം മേയ് 18–ാനു- ശ്രീ. എം. വി. ചെറിയാൻ B. A. L. T. യുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ. എൻ. എം. കുര്യൻ B. A. B. L. സരസഗംഭീരമായ ഒരു പ്രസംഗംനടത്തി. രാത്രിയിൽ 'പ്രണയ ബോംബ്' എന്ന നാടകവും അഭിനയിക്കുകയുണ്ടായി.

### ഗ്രാമോദ്ധാരണ വായനശാല, ചിറയിറമ്പ്, മാരാമൺ

ഈ വായനശാലയുടെ 10–ാമതു വാർഷികയോഗം ശ്രീ. ടി. പി. കോശി ബി. എ. എൽ. റി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തുടന്നു് പ്രസിഡൻറായി ശ്രീ. റി. പി. കോശി B. A. L. T. യും സെക്രട്ടറിയായി ഏ. ജി. ജോർജ്ജ്, Bsc. യും ഉൾപ്പെട്ട 9 പേരടങ്ങിയ ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

### പരവൂർ പബ്ളിക് ലൈബ്രറി & റീഡിംഗ്റൂം, ആലപ്പുഴ.

ഈ വായനശാലയുടെ അഞ്ചാമതു വാർഷികസമ്മേളനം ശ്രീ. വള്ളത്തോളിന്റെ മഹനീയാദ്ധ്യക്ഷതയിലും, ജി. ശങ്കരക്കുറുപ്പ്, എൻ. പി. ചെല്ലപ്പൻനായർമുതലായവരുടെ സാന്നിദ്ധ്യത്തിലും ജൂൺ 6–ാനു- കൊണ്ടാടപ്പെടുകയുണ്ടായി. അടുത്ത വർഷത്തെ കമ്മിററിക്കാരായി, പി. ബി. പിള്ള, വി. കെ. കൊച്ചു്, എം. കെ. ഭാസ്കരൻനായർ സി. കെ. ഗോപാലകൃഷ്ണൻനായർ എന്നിവരെ തെരഞ്ഞെടുത്തു.

### ആറവൂർ ഗ്രാമീണവായനശാല, ആറവൂർ.

ഈ വായനശാലയുടെ വാർഷികസമ്മേളനം ശ്രീ. ഈ. രാഘവവാര്യർ, M. A. യുടെ അദ്ധ്യക്ഷതയിൽ മേയ് 11–ാനു-

കൊണ്ടാടി. അനന്തരം, ഓട്ടൻതുള്ളൽ, ഡാൻസ്, കോലാക്കളി, നിഴൽനാടകം മുതലായ കലാപരിപാടികൾക്കു ശേഷം യോഗം മംഗളമായി അവസാനിച്ചു.

## മഹാത്മാഗാന്ധി ഗ്രന്ഥശാല & വായനശാല, ചവറ

ഈ വായനശാലക്കായി പുതിയതായി പണികഴിപ്പിച്ച മന്ദിരത്തിന്റെ ഉൽഘാടനകർമ്മം 11-5-52-ൽ ശ്രീ. കമ്പളത്തു ശങ്കുപ്പിള്ള അവർകൾ നിവ്വഹിച്ചിരിക്കുന്നു.

## മഹാത്മാസ്മാരക വായനശാല, വെച്ചൂർ.

ഈ വായനശാലയുടെ ഒരു പൊതുയോഗം 30-6-52-ൽ നടന്നു. ഡാ: വി. വി. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ നടന്നയോഗത്തിൽവച്ച് വായനശാലയുടെ ധനശേഖരാത്ഥം ഒരു ഭാഗ്യക്കുറി നറുക്കെടുപ്പുനടന്നു.

## ചെട്ടികാട്ട് S. N.D.P. Y.M.A. വായനശാല, കലവൂർ.

ഈ വായനശാലയുടെ 15-ാമതു വാഷികയോഗം ശ്രീ. സി. ജി. സദാശിവൻ M. L. A.യുടെ അദ്ധ്യക്ഷതയിൽ നടന്നു. യോഗം മി. K. G. നാഥ് ഉൽഘാടനം ചെയ്തു. തുടൻ ശ്രീ. N.N. ഇളയതു B.A. B. L. വയലാർ രാമവമ്മ, O. N. V. കുറുപ്പ്, ജോസ് ചാലങ്ങാടി എന്നിവരും പ്രസംഗിച്ചു. ബിസിനസ് മീററിംഗിൽ വച്ച്, ശ്രീ. T. K. ദിവാകരൻ, V. P. വേലായുധൻ, N.V. ബാലരാമൻ എന്നിവരെ യഥാക്രമം പ്രസിഡൻറ്, സെക്രട്ടറി ഖജാൻജിമാരായി 11 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

## രാജരാജേശ്വരി റീഡിംഗ്ക്ലബ്ബ്, വയലാ, കടപ്ലാമററം.

പ്രസ്തുത ക്ലബ്ബിന്റെ ഒരു പൊതുയോഗം 1-6-52-ൽ കൂടി. N. S. നമ്പൂരി പ്രസിഡൻറായും, N. നാരായണക്കൈമ്മൾ സെക്രട്ടറിയായും N. നാരാണൻ നായർ ഖജാൻജിയായും 9 പേർ അടങ്ങിയ ഒരു പുതിയ കമ്മററിയെ തെരഞ്ഞെടുത്തു.

## ഗാന്ധിമെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം, കരുമാലൂർ.

ഈ വായനശാലയുടെ നാലാമതു വാർഷികപൊതുയോഗം 6-7-52-ൽകൂടി. ടി. കെ. പരമേശ്വരൻപിള്ള പ്രസിഡൻറായും പി. പി. ഗോവിന്ദപ്പിള്ള സെക്രട്ടറിയായും 7 പേരടങ്ങിയ ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

## എൽ. എസ്. ലൈബ്രറി & റീഡിംഗ് റൂം, നൂറനാട്ട്.

ഈ ഗ്രന്ഥശാലയുടെ തൃതീയവാർഷികം ഡോ: S. S. ഉണ്ണിത്താൻ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചു. യോഗത്തിൽ ശ്രീ. എം. പി. മന്മഥൻ, ശ്രീ. കരിമുളക്കൽ നാണുപിള്ള മുതലായവർ പ്രസംഗിച്ചു.

## സാഹിത്യപോഷിണി ലൈബ്രറി & റീഡിംങ്ങ് റൂം, മങ്കൊമ്പ്.

പ്രസ്തുത വായനശാലയുടെ ഏഴാമതു വാർഷികസമ്മേളനം ശ്രീമാൻ എൻ. പി. ചെല്ലപ്പൻനായർ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടി. ശ്രീമാന്മാരായ B.K. പയ്യമ്പള്ളിൽ, ററി. ജോസഫ്, എൻ. ലക്ഷ്മണക്കുറുപ്പ്, എന്നിവർ പ്രസംഗിച്ചു. ശ്രീ. ഗോദവമ്മ, ശ്രീ. എം. പി. പോററി എന്നിവരുടെ നിര്യാണത്തിലുള്ള അനുശോചനവും രേഖപ്പെടുത്തി.

### ശ്രീമൂലരാജവിലാസം വായനശാല, ഉമയാററുകര, ചെങ്ങന്നൂർ.

ഈ വായനശാലയുടെ ഒരു പൊതു യോഗം 6–7–52-ൽ ശ്രീ. പി. ജി. ശിവ ശങ്കരപ്പിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. സ്ഥലത്തെ കരയോഗത്തിൽനിന്നു 200-ൽ പരം രൂപാ ചെലവുചെയ്തു വിട്ടുകൊടുത്ത അലമാര ഏററു വാങ്ങി. ഗ്രാൻറുതുക ഉൾപ്പെടെ 100 രൂപയിൽ കുറയാതെ യുള്ള തുകയ്ക്കു് പുതിയ പുസ്തകങ്ങൾ വാങ്ങ ണമെന്നു തീരുമാനിച്ചു.

### വേലുത്തമ്പിസ്മാരക വായനശാല, മണ്ണടി.

ഈ വായനശാലയുടെ ഒരു പൊതുയോഗം 6–7–52-ൽ കൂടി. ശ്രീ. T. M. മാധവൻ പ്രസിഡൻറായും, P. രാമകൃഷ്ണൻനായർ വൈസ് പ്രസിഡൻറായും, കെ. എസ്. പണിക്കർ സെക്രട്ടറിയായും പി. കെ. ജോർജ് ജോ: സെക്രട്ടറിയായും കെ. നാണു ഖജാൻജിയായും ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

### ദേശാഭിവർദ്ധിനി ഗ്രന്ഥശാല, പുത്തൻചന്ത, വക്കല.

ഈ ഗ്രന്ഥശാലയുടെ 5-ാമതു വാർഷിക യോഗം ജൂലൈ 3–ം 4–ം തീയതികളിൽ കൊണ്ടാടിയിരിക്കുന്നു. 4–നു- കൂടിയ യോഗത്തിൽ ശ്രീ. കേശവദേവ് ആദ്ധ്യക്ഷം വഹിക്കുകയും ശ്രീ. എൻ. കൃഷ്ണപിള്ള യോഗം ഉൽഘാടനം ചെയ്യുകയും ചെയ്തു. ശ്രീമാന്മാരായ, വി. രാധാകൃഷ്ണൻ, ഒ. എൻ. വി. കുറപ്പു്, എൻ. എസ് .പി. പണിക്കർ എന്നിവർ പ്രസംഗിച്ചു. ശ്രീ. വി. പി. നാരായണനെ പ്രസിഡൻറായും, എം.എം. ഹനീഫായെ സെക്രട്ടറിയായും ശ്രീ. കെ. സഹദേവനെ ഖജാൻജിയായും ശ്രീ. ബി. ത്യാഗരാജനെ ലൈബ്രേറിയനായും ഒരു പുതിയ കമ്മററിയെ തിരഞ്ഞെടുത്തു.

### യുവജനവായനശാല & നിശാപാഠശാല, തുമ്പോളി.

ഈ വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 13–7–52–ൽ കൂടി, ശ്രീ. എം. പി. പോളിൻെറ നിര്യാണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുകയും വായ നശാലയുടെ ആഭിമുഖ്യത്തിൽ ഒരു കയ്യെഴു ത്തു് മാസികയും, ഒരു പ്രസംഗപരിശീലന ക്ലാസ്സും നടത്തുന്നതിനു് തീരുമാനിക്കുകയും ചെയ്തു.

### സക്കാർ ഗ്രാമീണവായനശാല, പറപ്പൂക്കര.

ഈ ഗ്രാമീണവായനശാലയുടെ 16–ാ മതു വാർഷികയോഗം 13–4–52-ൽ റവ: ഫാദർ. പോൾ അരിക്കാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. തുടന്നു ശ്രീ. വർഗ്ഗീസ് ആലപ്പാട്ട്, ശ്രീ. വി. ജി. കൃഷ്ണമേനോൻ എന്നിവർ പ്രസംഗിച്ചു. ശ്രീ. വി. ജി. കൃഷ്ണമേനോൻ B. A. B. T. പ്രസിഡൻറായും, ജോൺ പുല്ലൂക്കാരൻ സിക്രട്ടറിയായും, പി. ഒ. പൗലോസ് ലൈബ്രേറിയനായും, ഉള്ള ഒരു ഭരണസമിതിയെ തിരഞ്ഞെടുത്തു.

### ദേശാഭിമാനി വായനശാല, ചെന്നീക്കര, തുമ്പമൺ.

ഈ വായനശാലയുടെ ഒരു പൊതു യോഗം കൂടി, സെക്രട്ടറി ശ്രീ. കെ. എൻ. രാമൻെറ രാജി സ്വീകരിക്കുകയും, ശ്രീ. വി. വി. ഇടിക്കുളയെ പകരം തിരഞ്ഞെടു ക്കുകയും ചെയ്തു. ഭരണഘടനയിൽ വേണ്ട

പരിഷ്കാരം വരുത്തുന്നതിനായി ശ്രീ. കെ. എ. അബ്രാഹം കൺവീനറായി ഒരു കമ്മററിയെ തിരഞ്ഞെടുത്തു.

## സഹൃദയ ലൈബ്രറി & റീഡിംഗ്റൂം, മയ്യനാട്ട്.

ഈ വായനശാലയുടെ ഒന്നാമത്തു വാഷികയോഗം 14–6–52–ൽ ശ്രീ. കെ. ഗോപാലപിള്ള B. A. (മലയാളരാജ്യം ചീഫ് എഡിററർ) യുടെ അദ്ധ്യക്ഷതയിൽ കൂടി. തുടൻ്, ശ്രീമതി മേഴ്സിതോമസ്, ശ്രീ. വി. വി. ജയിംസ് B.A. L. T. കെ. എ. അഗസ്റ്റിൻ B. A. എന്നിവർ പ്രസംഗിച്ചു. ശ്രീ. സാമുവൽ സബാസ്റ്റ്യൻ അദ്ധ്യക്ഷനായും, T.J. ആൻറണി, ഉപാദ്ധ്യക്ഷനായും, എൽ. ലാറൻസ് സെക്രട്ടറിയായും, കെ. ജെ. വർഗ്ഗീസ് ഖജാൻജിയായും ഒരു പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

## ശ്രീ ചിത്തിരതിരുനാാം ഗ്രന്ഥശാല, തിരുവനന്തപുരം

നവംബർ 14–ാംതീയതി ജൂബിലി ടൗൺഹാളിൽവച്ച് മന്ത്രി ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ അദ്ധ്യക്ഷതയിൽകൂടിയ 38–ാമതു വാർഷികസമ്മേളനത്തിൽ ശ്രീ. കൈനിക്കര എം. കുമാരപിള്ള വായിച്ച വാർഷികചരിത്രത്തിലെ ശ്രദ്ധേയമായ ചില ഭാഗങ്ങൾ.–

"ഈ ഗ്രന്ഥശാലയുടെ മുപ്പത്തിയേഴാമത്തെ വാർഷികാഘോഷങ്ങൾ 1951 ഒക്ടോബർ 29–ം 30–ം തീയതികളിൽ അന്നു നമ്മുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി. കേശവന്റെ അദ്ധ്യക്ഷതയിൽ മുറപോലെ മഹാരാജാവു തിരുമനസ്സിലെ തിരുനാളിനോടനുബന്ധിച്ചുകൊണ്ടാട്ട കയുണ്ടായി.

ഗ്രന്ഥശാലയുടെ വാഷികയോഗം ഒക്ടോബർ 29–ാംനു- തിങ്കളാഴ്ച വൈകുന്നേരം $5\frac{1}{2}$ മണിക്ക് ഈ ഹാളിൽ സമ്മേളിച്ചു. സദസ്യരെ സ്വാഗതംചെയ്തുകൊണ്ട് ഗ്രന്ഥശാലയുടെ 37–ാമത്തെ വാർഷികചരിത്രം കാര്യദശി അവതരിപ്പിച്ചു.

ഈ ഗ്രന്ഥശാലയുമായി ദീർഘകാലം ഉററ മൈത്രീബന്ധം പുലർത്തിയിട്ടുള്ള സഹൃദയനും സരളഹൃദയനുമായ അദ്ധ്യക്ഷൻ അതിനെപ്പററി ചെയ്ത പരാമർശങ്ങൾ സ്നേഹനിർഭരങ്ങളും അതിന്റെ പ്രവത്തകക്കു അത്യന്തം പ്രോത്സാഹകങ്ങളുമായിരുന്നു. അദ്ദേഹം പറഞ്ഞു, "ആരംഭശൂരത്വത്തിന് കേൾവികേട്ടിട്ടുള്ള നമ്മുടെ നാട്ടിൽ ഇമ്മാതിരി സ്ഥാപനങ്ങൾ ചിരായുസ്സുകളാകുക എന്നതു് അസാധാരണവും, അവ അനുദിനം അഭിവൃദ്ധിപ്പെട്ടുവരുക എന്നതു് അത്യസാധാരണവും അഭിമാനജനകവും ആകുന്നു. ഭാരവാഹികളുടെ നിസ്തന്ദ്രമായ കമ്മകുശലതയിലും, ഈ മഹാനഗരത്തിലെ പൗരാവലിയുടെ ഭാഷാസ്നേഹത്തിലും തഴച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ ശ്രേയസ്സു നമ്മുടെ നാട്ടിനു തന്നെ അഭിമാനജനകമായി ഞാൻ കരുതുന്നു" അദ്ദേഹം തുടൻ. "ഈ ശ്രേയസ്സിനു നിദാനമായ വസ്തുതകളിൽ പ്രധാനപ്പെട്ട ഒന്നു ഏതൊരു വിശിഷ്ടവ്യക്തിയുടെ നാമധേയത്തോടനുബന്ധിച്ച് ഈ ഗ്രന്ഥശാല നിലകൊള്ളുന്നുവോ ആ വ്യക്തിയുമായി ഈ ഗ്രന്ഥശാലക്കുള്ള അഭേദ്യമായ ബന്ധമാണെന്നുള്ളതും നിർവിവാദമാകുന്നു. കാലാനുസൃതമായി ജനകീയാഭിലാഷങ്ങൾ ആദരിക്കവാനും ഭരണീയരോടൊപ്പം രാജ്യാഭിമാനകരമായ രീതിയിൽ പുരോഗമിക്കവാനും അസാമാന്യമായ കെൽപ്പുണ്ടെന്നു് തെളിയിച്ചുകഴിഞ്ഞിരിക്കുന്ന ഒരു മഹാരാജാവിന്റെ ജന്മ

ദിനസ്മാരകമായാണ് ഈ ഗ്രന്ഥശാലയുടെ വാർഷികാഘോഷങ്ങൾ നടക്കുന്നതെന്ന കാര്യം സന്തോഷപ്രദമാണ്.". ആദ്യന്തം സൗഹൃദമധുരവും ഉത്തേജകവുമായിരുന്നു ആ പ്രഭാഷണം.

നന്മയോടുള്ള മമതയിലും തിന്മയോടുള്ള വൈമത്യത്തിലും തീക്ഷ്ണപ്രകൃതനും ധീരമായി ചിന്തിക്കുന്നതിനും സ്വന്തം ചിന്തകളെ ധീരധീരമായി സമുജ്ജ്വലമായി പ്രഖ്യാപിക്കുന്നതിലും നിരങ്കുശനുമായ ശ്രീ ഇടപ്പള്ളി സി. നാരായണപിള്ളയായിരുന്നു അന്നത്തെ പ്രസംഗകൻ എന്നു പറഞ്ഞാൽ, അന്നു സന്നിഹിതരാകാത്തവർ വല്ലവരും ഈ സദസ്സിൽ ഉണ്ടെങ്കിൽ അവക്കും ആ പ്രസംഗത്തിന്റെ ഊററവും ഊഷ്മാവും കുറെ ഒക്കെ ഊഹിക്കാൻ കഴിയും. തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘത്തിന്റെ ഊർജ്ജദാതാക്കളിൽ അദ്വിതീയനായ അദ്ദേഹത്തിന്റെ ചിന്തകൾ "അവഗണിക്കപ്പെട്ട ഒരു വകുപ്പി" ലേക്ക്, ഗ്രന്ഥശാലാപ്രസ്ഥാനത്തിലേക്ക്, ആണ് അന്ന് സ്വാഭാവികമായിത്തന്നെ തിരിഞ്ഞതു്. ആ പ്രസ്ഥാനത്തിന്റെ ബഹുമുഖമായ പ്രാധാന്യത്തെപ്പററിയും അതിനെ വിജയിപ്പിക്കുന്നതിൽ ബഹുജനങ്ങൾക്കും ജനകീയ ഗവർമ്മെൻറിനുമുള്ള കടമയെപ്പററിയും അദ്ദേഹം ചെയ്ത പരാമർശങ്ങൾ പ്രൗഢങ്ങളും ശ്രദ്ധേയങ്ങളുമായിരുന്നു.

ഞങ്ങളുടെ അപേക്ഷപ്രകാരം ശ്രീ എൻ. പി. ചെല്ലപ്പൻനായർ പുതുതായി രചിച്ച 'മൗലികാവകാശം' എന്ന ഹാസ്യരസപ്രധാനമായ നാടകം അന്നുരാത്രി ഗ്രന്ഥശാലാംഗങ്ങൾ ഈ ഹാളിൽവച്ച് അഭിനയിച്ചു. മുൻപതിവുപോലെ മഹാരാജാവു് തിരുമനസ്സിലേക്കും മററു രാജകുടുംബാംഗങ്ങൾക്കും തൃക്കൺ പാർക്കുന്നതിനായി നാടകം വീണ്ടും കവടിയാർ കൊട്ടാരത്തിൽവച്ചും അഭിനയിക്കയുണ്ടായി.

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല മലയാളത്തിലെ ഗദ്യനാടകപ്രസ്ഥാനത്തിന് അതുല്യമായ സേവനമനുഷ്ഠിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കും നിങ്ങൾക്കും ന്യായമായി അഭിമാനിക്കാൻ കഴിയും. ഈ വഷത്തോടുകൂടെ ഗ്രന്ഥശാലയുടെ പ്രചോദനംകൊണ്ടു് ഇരുപത്തിഞ്ചു അഭിനയയോഗ്യങ്ങളായ പുതിയ നാടകങ്ങൾ മലയാളസാഹിത്യത്തിനു് സിദ്ധിച്ചിട്ടുണ്ടു്.

നാടകസാഹിത്യത്തെ മാത്രമല്ല മലയാളത്തിലെ നാടകാഭിനയത്തേയും ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല ഗണനീയമായി ഉൽക്കർഷിച്ചിട്ടുണ്ടെന്നു് സഹൃദയലോകം സമ്മതിക്കാതിരിക്കയില്ല. സമുചിതമായ രംഗവിന്യസനത്തിലും പാത്രാനുരൂപമായ വേഷവിധാനത്തിലും സർവോപരി പ്രഗത്ഭമായ അഭിനയത്തിലും ചിത്തിരതിരുനാൾ നാടകസംഘം അനന്യസാധാരണമായ ശ്രദ്ധയാണ് ചെലുത്താറുള്ളതു്. മലയാള നാടകവേദിക്ക് ഉന്നതമായ ഒരു മാതൃക നൽകുന്നതിനും അങ്ങനെ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ടു്.

തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാപ്രസ്ഥാനത്തെപ്പററിയാണ് ഇനി രണ്ടുവാക്കു പറയാനുള്ളതു്. ഗ്രന്ഥശാലാസംഘം അതിന്റെ പ്രവത്തനം കഴിഞ്ഞകൊല്ലവും പൂർവാൽ ഊർജ്ജസ്വലമായി നിർവഹിച്ചിട്ടുണ്ടു്. 1951-52-ൽ അംഗീകരിച്ച 127 ഗ്രന്ഥശാലകളും അതിനുശേഷം നാളതുവരെ അംഗീകരിച്ച 55 ഗ്രന്ഥശാലകളും ഉൾപ്പെടെ സംഘത്തിന് ഇപ്പോൾ 1541 അംഗഗ്രന്ഥശാലകൾ ഉണ്ടു്. എന്നാൽ അതിന്റെ ആഗ്രഹ

ത്തിനും പ്രയത്നശക്തിക്കും അനുഗുണമായി അതിന്റെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്താത്തതുകൊണ്ട് അഭിലഷിക്കുമ്പോലെ ശീഘ്രമായ പുരോഗതി അതിനു അസാദ്ധ്യമായിത്തീർന്നിരിക്കയാണ്. ബഹുജനങ്ങളുടെയും ബഹുജനങ്ങളുടെ വകയായ ഗവർമ്മെന്റിന്റെയും ദയാദൃഷ്ടി അതിൽ വേണ്ടതുപോലെ പതിയുമെങ്കിൽ ഈ സംസ്ഥാനത്തിന്റെ സാംസ്കാരികോന്നമനത്തിൽ അനവദ്യമായ സേവനം അനുഷ്ഠിക്കാൻ അതിന് അനായാസം കഴിയും

ഗ്രന്ഥശാലാസംഘം ഗവർമ്മെന്റിൽനിന്നു കൂടുതൽ സഹായം ആവശ്യപ്പെടുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. അലസതകൊണ്ടോ അശക്തികൊണ്ടോ ആണ് സംഘം ഗവർമ്മെന്റുസഹായത്തെ കൂടുതൽ കൂടുതൽ അവലംബിക്കുന്നതെന്നും, ആ സഹായംകൊണ്ടുമാത്രം ഗ്രന്ഥശാലാപ്രസ്ഥാനം പുരോഗമിപ്പിക്കുവാനാണ് അവരുടെ മോഹമെന്നും പലയിടങ്ങളിലും ഒരു ധാരണ ഇന്നു പരന്നിട്ടുണ്ട്. ഇത് കേവലം അടിസ്ഥാനരഹിതമാണെന്ന് താഴെ ഉദ്ധരിക്കുന്ന കണക്കുകൾകൊണ്ട് നിങ്ങൾക്കു ബോദ്ധ്യമാകും.

| | |
|---|---|
| 51-52-ൽ ഗ്രന്ഥശാലകളിൽ ആകെ വാങ്ങിയ ഗ്രന്ഥങ്ങളുടെ വില | 149025 രൂ. |
| പത്രം മാസിക മുതലായവ | 176220 ,, |
| സ്റ്റേഷനറി, കണ്ടിജൻസി ഉപകരണങ്ങൾ മുതലായവ | 157100 ,, |
| 75 പുതിയ കെട്ടിടങ്ങൾക്ക് | 356500 ,, |
| പ്രവർത്തകന്മാരുടെ ശമ്പളം ബോണസ് മുതലായവ | 52500 ,, |
| ആകെ, | 891345 ,, |
| ഇതിൽ ഗവൺമെന്റിൽനിന്നു ഗ്രാന്റായികിട്ടിയ തുക | 83400 ,, |

പൊതുജനങ്ങളിൽനിന്ന് ഗ്രന്ഥശാലകളുടെ പ്രവർത്തകന്മാർ അക്ഷീണയത്നം ചെയ്തു പിരിച്ചെടുത്തതാണ് ആകെ ചെലവിൽ ബാക്കിവരുന്ന 807945 രൂപാ. അതായതു് ഗവൺമെന്റിൽനിന്നു ലഭിച്ച സഹായത്തിന്റെ ഏകദേശം പത്തിരട്ടി. ഈ കണക്കുകൾ പരിശോധിച്ചാൽ ഒന്നുരണ്ടംശങ്ങൾ ശ്രദ്ധേയങ്ങളാണെന്നു സ്പഷ്ടമാകും. ഇത്രയും തുക പിരിച്ചെടുത്ത് 1541 ഗ്രന്ഥശാലകളെ നടത്തിയതിൽ ആകെക്കൂടി ശമ്പളവും ബോണസ്സും മററുമായി ചെലവായിട്ടുള്ളതു് കേവലം 52500 രൂപാ മാത്രമാണ്. കാമ്യമായ ഒരു പ്രതിഫലമല്ല ഇതെന്നു പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലൊ. പ്രവർത്തനത്തിനു പിന്നിൽ നില്ക്കുന്നതു് പ്രതിഫലേച്ഛയേക്കാൾ സേവനസന്നദ്ധതയാണെന്നുള്ളതിന് ഇതിൽ കവിഞ്ഞ് ഒരു തെളിവ് ആവശ്യമില്ല.

ഗവൺമെന്റിൽനിന്നു കിട്ടിയ 83400 രൂപാ 902 ഗ്രന്ഥശാലകൾക്കു ഗ്രാന്റായി വീതിച്ചു കൊടുക്കുകയാണുണ്ടായതു്. ഒരു ഗ്രന്ഥശാലയ്ക്കു ശരാശരി ഏകദേശം 93 രൂപാ കഷ്ടിച്ച് 60 പുസ്തകം വാങ്ങാൻ മതിയാകയില്ല ഈ തുക. 639 ഗ്രന്ഥശാലകൾ സഹായധനം കിട്ടാതെ പ്രവർത്തിക്കയുമാണ്.

ഈ വൻപിച്ച ജനകീയ പ്രസ്ഥാനത്തെ നയിക്കുന്ന കേന്ദ്രസംഘടനയുടെ ചെലവു ഗവൺമെന്റ് അതിലേക്കു നൽകുന്ന സഹായധനംകൊണ്ടുതന്നെ നിർവഹിക്കണമെന്നാണ് പ്രതീക്ഷ. മുൻകൊല്ലത്തെ ബാക്കി ഉൾപ്പെടെ ഗവൺമെന്റിൽനിന്ന് അതിലേക്കു കിട്ടിയതു് 32500 രൂപയാണ്. മൊത്തം ചെലവായതു 43144 രൂപയുമാണ്, ഏകദേശം 11000 രൂപാ കൂടുതൽ. ഇപ്പോൾ ചെലവാകുന്നതിന്റെ ഇരട്ടി

യെങ്കിലും ചെലവാക്കിയാലല്ലാതെ കേന്ദ്ര സംഘടനയുടെ പ്രവൎത്തനം കാൎയ്യക്ഷമമാകയില്ലെന്നുള്ള പരമാൎത്ഥം അവശേഷിക്കുകയും ചെയ്യുന്നു. കഴിഞ്ഞവൎഷം ഏകദേശം രണ്ടരക്കോടി രൂപാ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവുചെയ്ത ഈ സംസ്ഥാനം, ആ വിദ്യാഭ്യാസത്തിന് ഉപകാരവും പൂരകവും ആയ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് 115900 രൂപായേ ചെലവുചെയ്തിട്ടുള്ളു. സംശയാലുക്കളുടെ കണ്ണുതുറപ്പിക്കാൻ ഈ കണക്കുകൾ പൎയ്യാപ്തമാകുമെന്നു വിശ്വസിക്കുന്നു.

പല വശങ്ങളിൽ നിന്നുമുള്ള നിശിതമായ വിമൎശനത്തിന് തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം ഇന്നു ശരവ്യമായിത്തീൎന്നിട്ടുണ്ട്. അതിൽ പ്രവൎത്തകൎക്കു പരിഭവമില്ല. ഉൽക്കൎഷത്തെ ഇച്ഛിക്കുന്ന ഒരു സ്ഥാപനത്തിന് പ്രശംസയെക്കാൾ സാഹായകമായിട്ടുള്ളത് പ്രതികൂലവിമൎശനമാണ്. ഉള്ളിലുള്ള ദൂഷ്യങ്ങൾ സ്വയം അറിയുന്നതിനും പരിഹരിക്കുന്നതിനും അതുപോലെ മറ്റൊന്നും സഹായിക്കുകയില്ല. ആ നിലയ്ക്കു സംഘപ്രവൎത്തകന്മാർ ആ മാതിരി നിൎദ്ദയനിരൂപണങ്ങളെ സ്വാഗതം ചെയ്യുന്നു. അടിസ്ഥാനരഹിതങ്ങളും വിദ്വേഷജടിലങ്ങളുമായ അപവാദങ്ങളെ അവഗണിക്കുന്നതിനുള്ള തന്റേടവും അവൎക്കുണ്ട്.

ഞങ്ങൾ കഴിഞ്ഞ കൊല്ലം ചെയ്ത മറ്റൊരു വാഗ്ദാനം നിറവേററാൻ കഴിഞ്ഞതിൽ ഞങ്ങൾക്കു ചാരിതാൎത്ഥ്യമുണ്ട്. ഗ്രന്ഥശാലയിലെ പുസ്തകങ്ങളുടെ പരിഷ്കരിച്ച പട്ടിക അച്ചടിച്ചു വിതരണത്തിനു തയ്യാറായിരിക്കുന്നു. ഗ്രന്ഥശാലാംഗങ്ങൾക്ക് 8-ണ വിലയ്ക്കും മററുള്ളവൎക്കു ഒരു രൂപാ വിലയ്ക്കും അതു കിട്ടുന്നതാണ്. ഈ വിലയ്ക്കു ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ആയിരംപ്രതി മുഴുവൻ വിററഴിച്ചാലും അതിനുവേണ്ടി ചിലവായ തുക ഈടാകുകയില്ലെന്നുള്ള പരമാൎത്ഥവും നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. മലയാളഗ്രന്ഥങ്ങളുടെ വൎഗ്ഗീകരിച്ച ആദ്യത്തെ പട്ടികയാണിത്. വൎഗ്ഗീകരണത്തിൽ പല കുറവുകളും സംഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്കു തന്നെ അറിയാം. എങ്കിലും ഇത്രയുമെങ്കിലും ശാസ്ത്രീയമായി വൎഗ്ഗീകരിച്ച ഒരു പട്ടിക ഉണ്ടായതിൽ മലയാളികൾ സന്തോഷിക്കുമെന്നും അതു പ്രയോജനപ്പെടുത്തുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ പട്ടികവാങ്ങി പരിശോധിച്ചതിനുശേഷം അതിൽ വരുത്തേണ്ട പരിഷ്കാരങ്ങൾ നിൎദ്ദേശിക്കണമെന്ന് സഹൃദയലോകത്തോട് പ്രത്യേകം അപേക്ഷിക്കുകയും ചെയ്യുന്നു.

ഗ്രന്ഥശാലയുടെ 1951 ഏപ്രിൽ മുതൽ 1952 മാൎച്ചുവരെയുള്ള ഒരു കൊല്ലത്തെ പ്രവൎത്തനാഭിവൃദ്ധിയെ സൂചിപ്പിക്കുന്ന വിവരങ്ങൾ ചുവടെ ചേൎക്കുന്നു.

| | |
|---|---|
| പുതുതായി സമ്പാദിച്ച പുസ്തകങ്ങൾ | 686 |
| സംസ്കൃതപുസ്തകങ്ങൾ .... | 222 |
| ആകെ ഇപ്പോഴുള്ള പുസ്തകങ്ങൾ | 9771 |
| മാസികകൾ, വാരികകൾ മുതലായവ | 62 |
| പത്രങ്ങൾ .... .... .... | 12 |
| എട്ടണ വരിനൽകുന്ന അംഗങ്ങൾ | 146 |
| നാലണ വരിനൽകുന്ന അംഗങ്ങൾ | 376 |
| പുസ്തകങ്ങൾപുറത്തേക്കു കൊടുത്തിട്ടുള്ളതു് .... | 21661 പ്രാവശ്യം |
| പത്രപാരായണത്തിനുവേണ്ടി ആളുകൾ വായനശാലയിൽ സന്നിഹിതരായിട്ടുള്ളതു് | 31764 പ്രാവശ്യം |

റഫറൻസ് പുസ്തകങ്ങൾ ഉപയോഗിക്കുന്നതിനുവേണ്ടി ആളുകൾ സന്നിഹിതരായതു് 1002 പ്രാവശ്യം

പ്രതിദിനം വായനശാല ഉപയോഗിച്ചവരുടെ ശരാശരി സംഖ്യ 211

ഗ്രന്ഥശാലയുടെ മൊത്തം

| | |
|---|---|
| വരവു് | 4039–10–3 |
| മുന്നിരിപ്പു് .... .. | 249– 4–0 |
| ആകെ .... .... | 4289– 1–3 |
| മൊത്തം ചെലവു് .... | 3472– 1–9 |
| നീക്കിയിരിപ്പു് .... .... | 816–15–6 |

---

## ആനന്ദപ്രദായിനി ഗ്രന്ഥശാല, ആലപ്പുഴ.

**പ്രസ്തുത ഗ്രന്ഥശാലയുടെ 15–ാമതു വാർഷികറിപ്പോർട്ടിലെ ഏതാനും ഭാഗം:–**

ആലപ്പുഴയിൽ ഒരു ഗ്രന്ഥശാലയില്ലാതിരുന്ന ദുഃസ്ഥിതിയെ തന്നാലായവണ്ണം പരിഹരിക്കുന്നതിനായി 15–7–112–ൽ ശ്രീ: വി. ജി. പണിക്കർ സ്ഥാപിച്ചതാണു് ഈ ആനന്ദപ്രദായിനി ഗ്രന്ഥശാല. ഈ ഗ്രന്ഥശാല അതിന്റെ ആരംഭദശയിൽ തന്നെ വിജ്ഞാനവിതരണം ഗ്രന്ഥശാലാ പരിസരത്തേയും അതിലംഘിച്ചു് സർക്കുലേറ്റിംഗ് സിസ്റ്റം മുഖേന ഈ ദേശവാസികളുടെ പടിവാതൽതോറും നടത്തിവരുന്നു. 1123–ൽ സ്ഥാപകൻ വിളിച്ചുകൂട്ടിയ പൊതുയോഗം ഈ സ്ഥാപനത്തിന്റെ അനുക്രമമായ വളച്ചയ്ക്കും സുസ്ഥിതയ്ക്കുംവേണ്ടി ഒരു ഭരണസമിതിയെ തെരഞ്ഞെടുത്തു. പ്രസ്തുതകമ്മററി ഈ ഗ്രന്ഥശാലയുടെ 14–ാമതു വാർഷികറിപ്പോർട്ടു് 29–6–51–ലെ ഭരണസമിതിയിൽ പാസ്സാക്കി. കൂടാതെ ഈ സ്ഥാപനത്തിന്റെ അനുദിനപ്രവർത്തനത്തിനായി ഒരു ലൈബ്രേറിയനും, ഒരു അററൻഡറും മുഴുവൻ സമയവും ജോലി ചെയ്തുവരുന്നുണ്ടു്. റിപ്പോർട്ടുവർഷത്തിൽ സർക്കുലേഷൻ മുഖാന്തിരം 9096–ം, ഗ്രന്ഥശാലയിൽനിന്നും 8076–ം ഉൾപ്പെടെ 17172 പുസ്തകങ്ങൾ അംഗങ്ങൾക്കു പാരായണത്തിനായി വിതരണം നടത്തിയിട്ടുണ്ടു്. 40535 പേർ വായനശാലയിൽ വന്നു് പാരായണം നടത്തിയിട്ടുണ്ടു്. ഇപ്പോൾ ഗ്രന്ഥശാലയിൽ 3907 രൂ. 2 ണ. വിലയ്ക്കുള്ള മലയാള ഗ്രന്ഥങ്ങളും, 262 രൂ. 8 ണ. വിലയ്ക്കുള്ള ഇംഗ്ലീഷുഗ്രന്ഥങ്ങളും, 14 രൂ. 4 ണ. വിലയ്ക്കുള്ള മററു ഗ്രന്ഥങ്ങളും ഉൾപ്പെടെ 4183 രൂ. 14 ണ. 9 സ. വിലയ്ക്കുള്ള 4097 പുസ്തകങ്ങളും, ഏതാനും പത്രമാസികാശേഖരങ്ങളും ഉണ്ടു്. കൂടാതെ ഗ്രന്ഥശാലയുടെ ഉപയോഗത്തിനു് 896 രൂ. 3 ണ. വിലയുള്ള ഉപകരണങ്ങളും, വായനശാലയിൽ 13 ദിനപ്പത്രങ്ങൾ, 12 വാരികകൾ, 23 മാസികകൾ, തിരു–കൊച്ചി, മൈസൂർ, മദ്രാസ് എന്നീ ഗവണ്മെൻറുകളുടെ പ്രചരണപ്രസിദ്ധീകരണങ്ങളും, അമേരിക്ക, ബ്രിട്ടീഷ്, സോവിയററു റഷ്യ എന്നീ എംബസികളുടെ സൌജന്യപ്രസിദ്ധീകരണങ്ങളും ഉൾപ്പെടെ 46 ആനുകാലിക പ്രസിദ്ധീകരണങ്ങൾ, പ്രതിദിനം സജ്ജീകരിച്ചിരിക്കുന്നു. മേല്പടി സൌജന്യപ്രസിദ്ധീകരണങ്ങൾ അയച്ചുതന്നു് ഗ്രന്ഥശാലയെ പ്രോത്സാഹിപ്പിച്ചുവരുന്ന ഗവണ്മെൻറുകളോടും എംബസികളോടും, കൂടാതെ ഈ ഗ്രന്ഥശാലയിൽനിന്നും നേരിട്ടു വരുത്തുന്ന പ്രസിദ്ധീകരണങ്ങളുടെ വരിസംഖ്യയിൽ ഒരു ഭാഗം ഗ്രന്ഥശാലയ്ക്കു് ഇളവുചെയ്തുതരുന്നതിൽ അവയുടെ പ്രധിനിധികളോടും പ്രസാധകരോടും ഈ സ്ഥാപനത്തിനുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

റിപ്പോർട്ടുവർഷത്തിൽ വിവിധകാര്യങ്ങൾക്കായി 4 ഭരണസമിതിയോഗവും ഒരു പൊതുയോഗവും കൂടിയിട്ടുണ്ട്. ഗാന്ധിജയന്തി, സ്വാതന്ത്ര്യദിനം, റിപ്പബ്ളിക്കൻഡേ മുതലായ വിശേഷദിനങ്ങൾ സമുചിതമാംവണ്ണം കൊണ്ടാടിയിട്ടുണ്ട്. കൂടാതെ ഈ വർഷം ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ, വയോജനവിദ്യാഭ്യാസാർത്ഥം ഒരു സ്റ്റഡിഗ്രൂപ്പ് ആരംഭിച്ചു നടത്തിവരുന്നു. ഇതിന്റെ എട്ടുയോഗം നടത്തിയിട്ടുണ്ട്. പ്രസ്തുതയോഗങ്ങളിൽ ശ്രീമാന്മാരി ആർ. എസ്സ്. കുറുപ്പ്, തകഴി. എൻ. എൻ. ഇളയതു്, അമ്പലപ്പുഴ. എൻ. എൻ. ഇളയതു്, എൻ. കേശവപ്പണിക്കർ, ആർ. ജി. കുറുപ്പ്, പി. ആർ.. ഭാസ്കരൻനായർ ആദിയായവർ ആദ്ധ്യക്ഷ്യം വഹിയ്ക്കുകയും മററനേകം പ്രമുഖവ്യക്തികൾ സംബന്ധിച്ചു് വാദപ്രതിവാദങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ട്.

1123-നു ശേഷം 10 രൂപയിൽ കൂടുതൽ വിലയുള്ള പുസ്തകങ്ങൾ സംഭാവന ചെയ്തും മറവതരത്തിലും സാരമായി സഹായിച്ചിട്ടുള്ള മഹത്തുക്കളെ ഇവിടെ സ്മരിച്ചുകൊള്ളുന്നു.

### സഹകരണസംഘം വായനശാല, ഏഴാച്ചേരി

ഈ വായനശാലയുടെ ഒരു പൊതുയോഗം ജൂൺ 1-ാം തിയതികൂടി. ശ്രീ. വി. എൽ. ഗോപാലൻനായർ പ്രസിഡന്റായും ശ്രീ. കെ. ജി. ദാമോദരൻനായർ സെക്രട്ടറിയായും ഏഴുപേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ഗാന്ധിജി സ്മാരകഗ്രന്ഥശാല, പള്ളിപ്പാട്

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം ആഗസ്റ്റ് 3-ാം തീയതി ഡാക്ടർ പി. എൻ. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽകൂടി. മുക്കത്തെർ ശ്രീ. ആർ. ശിവരാമപിള്ള പ്രസിഡന്റായും ശ്രീ. പി. ഗോപാലൻനായർ സെക്രട്ടറിയായും, ശ്രീ. ആർ. പത്മനാഭപിള്ള ഖജാൻജിയായും 11 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

### ഗ്രാമീണവായനശാല, പൂവരണി

മെയ് 25-ാം തീയതികൂടിയ പൊതുയോഗത്തിൽവച്ചു് ശ്രീ. ആൻറണി ചിലമ്പിൽ പ്രസിഡന്റായും, ശ്രീ. ഈ. വി. തോമസ് സെക്രട്ടറിയായും, ശ്രീ. ജോസഫ് മത്തായി ഖജാൻജിയായും 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

---

## ഒരു തിരുത്തു്

1952 ജൂൺ-ജൂലൈലക്കത്തിൽ (ലക്കം 6-7) സ്ഥലം സംഭാവന ചെയ്തവരുടെ പേരുവിവരം പ്രസിദ്ധപ്പെടുത്തിയ ലിസ്റ്റിൽ (പേജ് 51) മുടയന്നൂർ സന്മാർഗ്ഗദായിനി യുവജനവായനശാലയ്ക്കു് കെട്ടിടത്തിനു പുറമെ 3 സെൻറുസ്ഥലം സംഭാവന ചെയ്തിട്ടുള്ളതു് ഏബ്രഹാം എന്നുള്ളതു്, ഏ. എം. ഇബ്രാഹിം എന്നു തിരുത്തിവായിക്കേണ്ടതാണു്.

## ഗ്രന്ഥശാലാപ്രവർത്തകരുടെ ശ്രദ്ധയ്ക്കു്

സംഘത്തിലേയ്ക്കു അയയ്ക്കുന്ന കത്തുകളിൽ, അംഗീകരിച്ചിട്ടുള്ള വായനശാലകളാണെങ്കിൽ അവരുടെ രജിസ്റ്റർ നമ്പർ കൂടി രേഖപ്പെടുത്തേണ്ടതാണു്.

## അംഗഗ്രന്ഥശാലകൾ —(തുടർച്ച)

1365—പഞ്ചായത്ത് ലൈബ്രറി, തട്ടയിൽ, തുമ്പമൺ.
1366—സുഭാഷ് ലൈബ്രറി, കുടശ്ശനാട്, പന്തളം.
1367—പബ്ലിക്ക്ലൈബ്രറി, രാമമംഗലം, മൂവാററുപുഴ.
1368—മണ്ണത്തൂർ പബ്ലിക്ക്ലൈബ്രറി, പാമ്പാക്കുട.
1369—Y. M. A. ലൈബ്രറി & റീഡിംഗ്റൂം, ഊരമന, രാമമംഗലം.
1370—ആത്മബോധിനി ഗ്രന്ഥശാല, ആററിപ്ര, കുളത്തൂർ *Via* കഴക്കൂട്ടം.
1371—നവോദയംഗ്രന്ഥശാല, മാവിൻമൂട്, നാവായിക്കുളം.
1372—മഹാത്മാവായനശാല, തൃപ്പൂണിത്തുറ.
1373—കത്തോലിക്ക് യുവജനസംഘം ലൈബ്രറി & റീഡിംഗ്റൂം, വാണിയക്കുടി, കുളച്ചൽ.
1374—ദി സെൻട്രൽ ലൈബ്രറി & റീഡിംഗ്റൂം വെണ്ടലിക്കോട്ട്, കലശേഖരം.
1375—ജനകീയ വായനശാല, പയ്യാരം, ഇലന്തൂർ.
1376—വിവേകോദയം വായനശാല, പുത്തൻകുളങ്ങര, ചെറുകോൽ.
1377—കലാപോഷിണി വായനശാല, കടമ്പൂര്, പുലിയൂർ.
1378—S. S. L. ലൈബ്രറി & റീഡിംഗ്റൂം, വള്ളംകുളം കിഴക്ക്, വള്ളംകുളം.
1379—ജനതാ ഗ്രന്ഥശാല, ആതിക്കാട്ട് കുളങ്ങര, നൂറനാട്.
1380—ജനതാലൈബ്രറി & റീഡിംഗ്റൂം, ചെന്നിത്തല.
1381—ജനാധിപത്യവായനശാല, പൊന്നോഴ, പള്ളിക്കൽ.
1382—ദി പബ്ലിക്ക്ലൈബ്രറി & റീഡിംഗ്റൂം, മാമ്പിലാലി, തുമ്പമൺ.
1383—ദേശീയഗ്രന്ഥശാല, ഉള്ളന്നൂർ, മെഴുവേലി.
1384—ജനരഞ്ജിനിലൈബ്രറി & റീഡിംഗ്ക്ലബ്ബ് R. പെരുനാട്.
1385—ജയ്ഹിന്ദ്ലൈബ്രറി, തറഭാഗം, കോഴഞ്ചേരി.
1386—പബ്ലിക്ക്ലൈബ്രറി, മഞ്ഞനിക്കര, ഓമല്ലൂർ.
1387—കൊട്ടമൺ പബ്ലിക്ക്ലൈബ്രറി, കൊട്ടമൺ, പറക്കോട്ട്.
1388—മന്നം ഫ്രീറീഡിംഗ്റൂം & ലൈബ്രറി, പെരുന്ന.
1389—പബ്ലിക്ക ലൈബ്രറി, വില്ലക്കിറി.
1390—മഹാത്മാഗാന്ധി സ്മാരകഗ്രന്ഥശാല, പേടികുളം, വാമനപുരം.
1391—ദേശസേവിനി ഗ്രാമോദ്ധാരണഗ്രന്ഥശാല, മേക്കുംകര, കോട്ടുകാൽ, ബാലരാമപുരം.
1392—വിജ്ഞാനവിലാസിനി വായനശാല, ചക്കുവരയ്ക്കൽ, കുന്നിക്കോട്ട്.
1393—പനങ്ങാട്ടുകര ഗ്രാമീണവായനശാല, വടക്കാഞ്ചേരി.
1394—ജവഹർ റീഡിംഗ്ക്ലബ്ബ്, തെക്കുംഭാഗം, തൊടുപുഴ.
1395—സന്മാർഗ്ഗോദയവായനശാല & ലൈബ്രറി, വലിയപുല്ലാര, പള്ളുരുത്തി.

(തുടരും)

## അഭിപ്രായത്തിനുവന്നിട്ടുള്ള പുസ്തകങ്ങൾ

| | പേരു് | ഗ്രന്ഥകർത്താവു് | വില |
|---|---|---|---|
| 1. | മുള്ളും പൂവും | ഡാ: രാഘവൻ, ക്ലാപ്പന | 1 0 0 |
| 2. | കാൽവരിയിലെ കരിനിഴലിൽ | ചാലിൽ സി. ഈ. ജേക്കബ് | 1 8 0 |
| 3. | ശ്രീ ശിവയോഗിസോവനീർ | പ്രസാ. ശ്രീ ശിവയോഗിസോവനീർ കമ്മിററി, സിദ്ധാശ്രമം, ആലത്തൂർ. | 1 8 0 |
| 4. | പകൽക്കിനാവുകൾ | തായാട്ട ശങ്കരൻ | 1 4 0 |
| 5. | മാതംഗിനി | എം. ആർ. നാരായണപിള്ള | 1 8 0 |
| 6. | ആൾക്കരടി | പി. കെ. നായർ | 1 12 0 |
| 7. | ഉള്ളവരും ഇല്ലാത്തവരും | പി. സി. കുട്ടികൃഷ്ണൻ | 1 4 0 |
| 8. | പൂത്തിരി | തീക്കൊടിയൻ | 0 12 0 |
| 9. | നിലാവെളിച്ചം | പി. സി. കുട്ടികൃഷ്ണൻ | 1 8 0 |
| 10. | ഹൈന്ദവസംസ്കാരം | പ്രസാ: ഗുരുവായൂർ ദേവസ്വം, ഗുരുവായൂർ | 1 8 0 |

## ബാലൻ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| 1. | രാജ്യതന്ത്രം | പി. ദാമോദരൻപിള്ള ബി. ഏ. | 0 12 0 |
| 2. | ശാസ്ത്രരശ്മികൾ | മാത്യു എം. കുഴിവേലി | 0 14 0 |
| 3. | ലോകത്തിലെ ജനങ്ങൾ | പി. ദാമോദരൻപിള്ള ബി. ഏ. | 0 14 0 |
| 4. | ലോകസാഹിത്യം | പി. ദാമോദരൻപിള്ള | 0 14 0 |
| 5. | അനുദിനവിജ്ഞാനം | എം. തോമസ് എം. ഏ. എൽ. ടി. | 0 12 0 |
| 6. | മറുനാട്ടിലെ മനുഷ്യർ | ഉമയനല്ലൂർ ബാലകൃഷ്ണപിള്ള | 0 12 0 |
| 7. | റോബിൻസൺക്രൂസോ | മാത്യു എം. കുഴിവേലി | 0 12 0 |
| 8. | ലഘുജീവചരിത്രങ്ങൾ | ഉമയനല്ലൂർ ബാലകൃഷ്ണപിള്ള | 0 8 0 |
| 9. | വനദേവതാകഥകൾ | പാലാ നാരായണൻനായർ | – – – |
| 10. | കഥാലതിക | മാത്യു എം. കുഴിവേലി | 0 6 0 |
| 11. | മറുനാട്ടിലെ കുട്ടികൾ | Do | 0 8 0 |
| 12. | അഭിനയഗാനങ്ങൾ | പാലാ നാരായണൻനായർ | 0 6 0 |
| 23. | ബുദ്ധമതകഥകൾ | ഭിക്ഷു ധർമ്മസ്കന്ധ | 0 8 0 |
| 24. | വിജയകുമാരി | ജോൺ ടി. മുരിക്കനാനി, കങ്ങഴ | 0 12 0 |
| 25. | മാതൃകാദ്ധ്യാപകൻ | പന്തളം രാഘവപ്പണിക്കർ | 0 12 0 |
| 26. | കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള | വിദ്വാൻ ഏ. സി. ഹരിശർമ്മ | 1 12 0 |

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

**Travancore-Cochin Library Association**

## ADVERTISEMENT TARIFF

| | |
|---|---|
| FRONT COVER PAGE | (Reserved) |
| BACK COVER PAGE | Rs. 70 per insertion. Rs. 60 per insertion, if three insertions or more. |
| COVER PAGE 2 | Rs. 60 per insertion. Rs. 40 per insertion, if three consecutive insertions or more. |
| COVER PAGE 3 | Rs. 50 per insertion. Rs. 40 per insertion if three consecutive insertions or more. |
| ANY OTHER PAGE | Rs. 40 per insertion. |
| HALF PAGE | Rs. 25 |
| QUARTER PAGE | Rs. 15 |
| BELOW QUARTER PAGE | Rs. 10 |

*For further details apply to:*

*THE MANAGER*
**GRANDHALOKAM,**
PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

# തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ്പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ (ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്ത്യലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു B. A. & B. L.
,, ഫാദർ സി. കെ. മററം എം. ആർ. ഏ. എസ്., എഫ്. ആർ. എസ്സ്. ഏ. (ലണ്ടൻ).
,, നീലവന ആർ. മാധവൻനായർ (പ്ര. സ: അംഗം)
,, എൻ. ഏ. നൂർമഹമ്മദ് ബി. ഏ. ബി. എൽ., എം. എൽ. ഏ.
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി. (ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി. എൽ.
,, എൻ. പി. വർഗ്ഗീസ് ബി. ഏ. ബി. എൽ; എം. എൽ. ഏ. (പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ (മിനിസ്റ്റർ).
,, എം. കെ. മേനോൻ
,, പനമ്പിള്ളി ഗോവിന്ദമേനോൻ എം. ഏ. ബി. എൽ., (മിനിസ്റ്റർ).
ഡാ. പി. കെ. നാരായണപിള്ള എം. ഏ. പിഎച്ച്. ഡി. (പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാഴിക്കാടു

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Tvm.